
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2020 ഡിസംബർ
വില ₹20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




പച്ചപ്പനങ്കിളി
(കവിത)
**ഡോ. എസ് രാജശേഖരൻ**
വില ₹45



നിധി
(കഥ)
**ഉണ്ണിക്കൃഷ്ണൻ പൂങ്കുന്നം**
വില ₹135




ഇ എം എസിന്റെ ജീവിതകഥ (ജീവചരിത്രം)
**പയ്യന്നൂർ കുഞ്ഞിരാമൻ**
വില ₹70



കൗണ്ട് ഓഫ് മോന്റിക്രിസ്റ്റോ
(പുനരാഖ്യാനം)
**ജോളി വർഗീസ്**
വില ₹90




നമ്മുടെ എഴുത്തുകാർ
(വൈജ്ഞാനികം)
**ശ്രീജിത് പെരുന്തച്ചൻ**
വില ₹150



ഐതിഹ്യമാല കുട്ടികൾക്ക്
(പുനരാഖ്യാനം)
**ജ്യോതി കെ ജി**
വില ₹400




ഉൽപ്പത്തി കഥകൾ
(പുനരാഖ്യാനം)
**ഡോ. ഡി രാജേന്ദ്രൻ**
വില ₹90




സുമയ്യ
(നോവൽ)
**തസ്മിൻ ഷിഹാബ്**
വില ₹90



കുട്ടികളുടെ ലോകം
(വൈജ്ഞാനികം)
**ഡോ. എം ആർ തമ്പാൻ**
വില ₹40



വടക്കൻപാട്ട് കഥകൾ
(നാടോടിക്കഥകൾ)
**സജീവൻ മൊകേരി**
വില ₹550



ദേശീയ സ്വാതന്ത്ര്യ സമരചരിത്രം കുട്ടികൾക്ക്
(ചരിത്രം)
വില ₹650



പാടുവിൻ പഠിക്കുവിൻ
(കവിത)
**വട്ടപ്പറമ്പിൽ പീതാംബരൻ**
വില ₹110

**കൂടുതൽ പുസ്തകങ്ങൾക്ക്** website : www.ksicl.org

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471–233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ഡിസംബർ 2020
വില ₹20
വാർഷികവരിസംഖ്യ ₹200

## ഉള്ളടക്കം

### ഒരു ക്രിസ്മസ് സന്ധ്യയിൽ
**ഡോ. ജോർജ് ഓണക്കൂർ**

6

ഏതു കുട്ടിയും കൊതിക്കുന്നതു പോലെ സമ്മാനങ്ങളുമായി വരുന്ന സാന്താക്ലോസിനെ കാത്തിരുന്ന കാലം ഗൗതമിനുമുണ്ടായിരുന്നു. അവന് സമ്മാനവുമായി വന്ന ആ സാന്താക്ലോസ് ആരായിരുന്നു എന്ന് കൂട്ടുകാർക്ക് അറിയണ്ടേ?



### മത്സ്യത്തിന്റെ വയറ്റിൽ കഴിഞ്ഞ പ്രവാചകൻ
**പുനരാഖ്യാനം : എൻ എസ് ഐസക്**

10



ദൈവം ഏൽപ്പിക്കുന്ന ഏതു കാര്യവും സന്തോഷത്തോടെ ഏറ്റെടുക്കുന്ന പ്രവാചകനായിരുന്നു യോനാ. എന്നാൽ നിനെവേ നഗരത്തിലേക്ക് പോകാനുള്ള കർത്താവിന്റെ കല്പന യോനായ്ക്ക് ഒട്ടും ഇഷ്ടമായില്ല. ദൈവകല്പന പാലിക്കാതെ പോയ യോനായ്ക്ക് പിന്നെ എന്താണ് സംഭവിച്ചതെന്നു നോക്കൂ...

### മഴയുടെ താളം
**കെ സി അലി ഇക്ബാൽ**

ആകാശത്ത് ഏഴു നിറത്തിൽ വിരിഞ്ഞു നിൽക്കുന്ന മഴവില്ലു കാണാൻ കൊതിയോടെ കാത്തു നിന്ന കുട്ടിയിൽ നിന്നും മഴവില്ലുണ്ടാകുന്നതെങ്ങനെ എന്ന് കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകനിലേക്കുള്ള വളർച്ചയിലും പെരുമഴക്കാലം സ്വപ്നം കാണുകയാണ് ലേഖകൻ.

22



മുൻമൊഴി.......................4
സുഗതകുമാരി
സ്കൂൾഡെയ്സ്.......................9
രാജീവ് എൻ ടി
വെയ്നു ബാപ്പു - ഭാരതത്തിന്റെ ഗലീലിയോ.......................14
ജ്യോതി കെ ജി
വേല കാണൽ.......................18
എം കൃഷ്ണദാസ്
പോരുന്നോ?.......................20
ധന്യാലയം പ്രമോദ്
തോരാത്ത മഴയോർമ്മ.......................21
ഇ ജിനൻ
മിഴാവ്.......................24
ആനന്ദൻ ചെറായി
ആയുർവേദത്തിന്റെ കെടാവിളക്ക്.......................26
പായിപ്ര രാധാകൃഷ്ണൻ
പൂക്കൾ.......................27
മടവൂർ സുരേന്ദ്രൻ
പാഠം.......................28
പട്ടണക്കാട് അബ്ദുൾ ഖാദർ
മനു എന്ന മിടുക്കൻ.......................30
ശങ്കു ചേർത്തല
പൂക്കളെവിടെ?.......................33
ഹാജറ കെ എം
തൊട്ടിലിൽ.......................34
ദിവാകരൻ വിഷ്ണുമംഗലം
ജലമേള.......................35
കൈനകരി ഷാജി
കുചേലവൃത്തം.......................36
കാപ്പിൽ ഗോപിനാഥൻ
കടപയാദി.......................39
പള്ളിയറ ശ്രീധരൻ
അമ്മ.......................40
മനോഹർ ഇരിങ്ങൽ
ലോകസഞ്ചാരം.......................41
ഹരീഷ് ആർ നമ്പൂതിരിപ്പാട്
അഭിനവ് ബിന്ദ്ര.......................46
സനിൽ പി തോമസ്
അന്തി.......................51
ഹിത
ഇളംതളിര്.......................52

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**അഭിലാഷ് ഹരിതം**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org






ഈ ലോകത്തെ ഏറ്റവും വലിയ മതം ആരുടെ പേരിലാണോ ആ ശിശുവിന്റെ ജനനമാണ് ഡിസംബറിൽ നാം ആഘോഷിക്കുന്നത്. ആ കുഞ്ഞ് ദൈവപുത്രനായിരുന്നു. അതേസമയം മനുഷ്യപുത്രനും. ജനിച്ചത് ദരിദ്രമായ ഒരു കാലിത്തൊഴുത്തിൽ. അച്ഛൻ പാവപ്പെട്ട ഒരു ആശാരി. ഈ കുഞ്ഞിനെയാണ് ഇന്ന് സുവർണഖചിതമായ വേഷഭൂഷകളണിഞ്ഞ മെത്രാന്മാരും ഉന്നതസ്ഥാനീയരുമെല്ലാം നമസ്കരിക്കുന്നത്.

നമുക്ക് ആ കുഞ്ഞിനെ യേശുക്കുഞ്ഞെന്നു വിളിക്കാം. ക്രിസ്തുനാഥനാകുന്നതിന് എത്രയോ മുമ്പ് ആ യേശുക്കുഞ്ഞ് ആശാരിയുടെ പണിശാലയിൽ കളിച്ചിരിക്കും. ചെറിയ മരക്കഷണങ്ങൾ പെറുക്കി കളിപ്പാട്ടങ്ങളാക്കിയിരിക്കാം. അവന്റെ ചിരിയും കളിയുമെല്ലാം ഈ ക്രിസ്തുമസ്സ് വേളയിൽ നമുക്കു സങ്കല്പിക്കാം. ദുഃഖത്തിന്റെ അധ്യായങ്ങൾ വരാൻ എത്രയോ ദൂരെ.

തളിരിന്റെ വായനക്കാരായ കുട്ടികൾ ആ കുഞ്ഞുയേശുവിനെ സ്മരിക്കുക. കാലിത്തൊഴുത്തിൽ വയ്ക്കോൽ വിരിയിൽ പുഞ്ചിരിതൂകിക്കൊണ്ടു കിടക്കുന്ന ആ ദിവ്യശിശു നമ്മുടെ മനസ്സിൽ വിളങ്ങിനിൽക്കട്ടെ. അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,
**സുഗതകുമാരി**



# പ്രാർഥന

മഹാകവി കുമാരനാശാൻ

ചന്തമേറിയ പൂവിലും ശബളാഭമാം
    ശലഭത്തിലും
സന്തതം കരതാരിയന്നൊരു
    ചിത്ര ചാതുരി കാട്ടിയും
ഹന്ത! ചാരു കടാക്ഷമാലകൾ
    അർക്കരശ്മിയിൽ നീട്ടിയും
ചിന്തയാം മണിമന്ദിരത്തിൽ
    വിളങ്ങുമീശനെ വാഴ്ത്തുവിൻ!



വര: ബാബുരാജൻ

# ഒരു ക്രിസ്മസ് സന്ധ്യയിൽ

ഡോ. ജോർജ് ഓണക്കൂർ

കൊടിതോരണങ്ങളിൽ ഗ്രാമവിദ്യാലയം അണിഞ്ഞൊരുങ്ങി. രണ്ടു ചടങ്ങുകൾക്ക് ആ അറിവിന്റെ അമ്മ ആലയമാവുകയാണ്. മുപ്പത്തിയഞ്ചുവർഷം അവിടെ ഗുരുനാഥനായി അനേകർക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകിയ അപ്പുമാഷ് വിടപറയുന്നു. ആ മഹത്വത്തിനു മുന്നിൽ സമർപ്പിക്കാൻ തലമുറകളുടെ സ്നേഹാദരം. അതിനുവേണ്ടി വന്നെത്തുന്നത് ആ മാതൃവിദ്യാലയത്തിന്റെ എക്കാലത്തെയും പ്രിയപ്പെട്ട പുത്രൻ; അപ്പുമാഷിന്റെ വത്സലശിഷ്യൻ ഗൗതം. നാട്ടിൽ നിന്നും പള്ളിക്കൂടത്തിൽ നിന്നും ഇന്ത്യൻ സിവിൽ സർവീസിലേക്ക് ആദ്യമായി കടന്നെത്തുന്ന എല്ലാവരുടെയും സ്വന്തം ഗൗതം; ഗൗതം ലക്ഷ്മൺ ഐ എ എസ്.

ഗൗതമിന്റെ ജീവിതം ഒരു വിജയഗാഥയാണ്. ആ കഥ ഗൗതം തന്നെ പറയുന്നതു കേൾക്കാനാണ് സുഖം. അതിന് അൽപ്പം കൂടി കാത്തിരുന്നാൽ മതി. ഡിസംബർ മുപ്പത്തിയൊന്നിനാണ് അപ്പുമാഷിന്റെ യാത്രയയപ്പ്. അന്നു മുഴുവൻ പരിപാടികളാണ്. അധ്യാപക രക്ഷാകർത്തൃസമിതിയുടെ വക ഒത്തുചേരൽ. വിദ്യാഭ്യാസ വകുപ്പിന്റെ സ്നേഹാഭിവാദ്യം. അതിൽ വിദ്യാഭ്യാസമന്ത്രിയുടെ സാന്നിധ്യമുണ്ട്. എല്ലാം കഴിഞ്ഞ് ഒടുവിൽ വൈകുന്നേരത്ത് മുൻപ് പഠിച്ചവരും ഇപ്പോൾ പഠിക്കുന്നവരുമായ കുട്ടികളും അവരുടെ മാതാപിതാക്കളും നാട്ടുകാരും ഒത്തുചേരുന്ന യാത്രയയപ്പു സമ്മേളനം.

ക്രിസ്മസ് കാലമാണ്. പുതുവർഷത്തെ വരവേൽക്കലും അതിന്റെ ആഘോഷവും ഉൾപ്പെടുത്തി പരിപാടികൾക്കു സമാപനം. പിന്നെ നാടൻകലകളുടെ അവതരണം. തുടർന്ന് തിരുവാതിര, കഥകളിപ്പദങ്ങൾ, മാർഗംകളി, ഒപ്പന. എല്ലാറ്റിനും ഒടുവിൽ ക്രിസ്മസ് അപ്പൂപ്പൻ കേക്കുമായി എത്തും. മന്ത്രി അതുമുറിച്ച് അപ്പുമാഷിന് നൽകുന്ന ചടങ്ങ്. ഗൗതം ലക്ഷ്മണ് അനുമോദനവർഷം. ഗൗതമിന്റെ മറുപടി. അപ്പു മാഷിന്റെ അനുഗ്രഹം.


യാത്രയയപ്പൊന്നും വേണ്ടെന്ന് അപ്പുമാഷ് തീർത്തുപറഞ്ഞു. ‘‘അതിന് ആര്



വര : സജി വി

യാത്രയയക്കുന്നു? ഞങ്ങളൊക്കെ വരുന്നതിനുമുമ്പ് മാഷ് ഇവിടെ ഉണ്ടായിരുന്നല്ലോ. ഇനിയും എന്നും എല്ലാവരുടെയും ഉള്ളിൽ ഉണ്ടാവും. ഇതൊരു ക്രിസ്മസ് ആഘോഷം. പിന്നെ മാഷിന്റെ പ്രിയശിഷ്യൻ ഗൗതം ലക്ഷ്മണിന് അനുമോദനവും അത്രയേയുള്ളൂ.''

അപ്പുമാഷിന് സന്തോഷമായി. തന്റെ ജീവിതം ധന്യമാവുന്ന നിമിഷം. മണ്ണിൽ നിന്ന് ഒരു ചെടി മുളച്ചു പൊന്തുന്നതു പോലെയായിരുന്നു അത്.



തന്റെ കണ്ണിലൂടെ അതു വളർന്നുവരാൻ ഇടയായി. നാടിന്റെ ഭാഗ്യം. തനിക്കു ജന്മസാഫല്യം. എല്ലാവരുടെയും ആശംസകൾ.

അങ്ങനെ ആ ദിവസം വന്നു ചേർന്നു. അപ്പുമാഷിനെ വേദിയിലേക്ക് എതിരേറ്റു. വിദ്യാഭ്യാസമന്ത്രി അതിനു പിന്നാലെ. വിനയാന്വിതനായി എല്ലാവരെയും നമസ്കരിച്ച് ഗൗതം ലക്ഷ്മണൻ.

''അപ്പുമാഷിന്റെ പുണ്യജീവിതത്തിന് ഈ വിദ്യാലയവും നാടും ഹൃദയപൂർവം നൽകുന്ന പൂജാർപ്പണമാണ് ഗൗതം ലക്ഷ്മൺ ഐ എ എസ്. അഖിലേന്ത്യാതലത്തിൽ ഒന്നാമനായ ഈ വിദ്യാർഥിയുടെ ജീവിതവിജയത്തിന് വഴിയൊരുക്കിയത് അപ്പുമാഷ്. അപ്പുമാഷിനെ വിനയപൂർവം നമസ്കരിക്കുന്നു.'' ഏതാനും വാക്കുകളിൽ ഒതുങ്ങി മന്ത്രി.

ആശംസകൾക്കൊടുവിൽ എല്ലാവരും കാതോർത്തിരുന്ന ഗൗതം ലക്ഷ്മണന്റെ വാക്കുകൾ ഹൃദയത്തിൽ നിന്നും ഒഴുകി വന്നു.

''ഞാൻ ഈ നാടിന്റെ, വിദ്യാലയത്തിന്റെ സന്തതിയാണ്. ആദ്യമായി എന്റെ ഗുരുവും രക്ഷകനുമായ മാഷിന്റെ കാൽക്കൽ നമസ്കരിക്കുന്നു.''

കാലിൽ വീണ പ്രിയശിഷ്യനെ അപ്പുമാഷ് കൈപിടിച്ചുയർത്തി. നെറ്റിയിൽ ഉമ്മ വച്ചു. നീണ്ടുനിന്ന ഹർഷാരവങ്ങൾക്കൊടുവിൽ ഗൗതം തുടർന്നു.

''നിങ്ങൾ എന്റെ വിജയത്തിൽ ആശംസകൾ നേരുന്നു. നന്ദി, നമസ്കാരം, പക്ഷേ അതിന്റെ അഭിനന്ദനം മുഴുവൻ അപ്പുമാഷിന് അവകാശപ്പെട്ടതാണ്. കയറിക്കിടക്കാൻ ഇടമില്ലാതെ അമ്മയോടൊത്ത് ഈ സ്കൂളിന്റെ പിന്നിൽ ചുരുണ്ടു കൂടിയതാണ് എന്റെ ശൈശവവും. എനിക്കെല്ലാം എന്റെ അമ്മയായിരുന്നു. ഈ പള്ളിക്കൂടവും എനിക്ക് അമ്മ. ഇവിടത്തെ അടുക്കളയിൽ അമ്മ കുട്ടികൾക്ക് ഉച്ചഭക്ഷണമൊരുക്കി. അതിലൊരു പങ്ക് എനിക്കും കിട്ടി. പുസ്തകങ്ങൾ സ്കൂളിൽ നിന്നും സൗജന്യമായി കിട്ടി. കൂട്ടത്തിൽ പഠിക്കുന്നവരൊക്കെ നല്ല കുപ്പായമിട്ടു വരുമ്പോൾ ഈ ആയയുടെ മകനും അതൊക്കെ കൊതിച്ചുപോയി. എന്റെ മനസ്സറിഞ്ഞ് അമ്മ കരഞ്ഞു.

''ഇതുപോലെ ഒരു ക്രിസ്മസ് കാലമായിരുന്നു. അപ്പുമാഷ് ക്ലാസിൽ ക്രിസ്മസ് അപ്പൂപ്പന്റെ കഥ പറഞ്ഞു. ഒരു ചരിത്രം പോലെ. സി ഇ മൂന്നാംനൂറ്റാണ്ടിൽ ഇപ്പോഴത്തെ ടർക്കിയിൽ ജീവിച്ചിരുന്ന വിശുദ്ധനായ നിക്കോളാസ്. ഡച്ച് പ്രാദേശിക ഭാഷാരൂപം, സാന്താക്ലോസ്. വിശ്വാസചരിത്രത്തിൽ അദ്ദേഹത്തെ അടയാളപ്പെടുത്തുന്നത് കുട്ടികളുടെ സ്നേഹിതനും സംരക്ഷകനുമായിട്ടാണ്. കപ്പൽ യാത്രക്കാരുടെ രക്ഷാപുരുഷനും വിശുദ്ധ നിക്കോളാസ് തന്നെ. ക്രിസ്മസിന്റെ ആഘോഷപാരമ്പര്യങ്ങളിൽ സെയ്ന്റ് നിക്കോളാസ് അഥവാ സാന്താക്ലോസിന് സുപ്രധാനസ്ഥാനമുണ്ട്. ദയാവായ്പിന്റെ പരിശുദ്ധൻ എന്ന പ്രാധാന്യം. രോഗികളും നിസ്സഹായരുമായ മനുഷ്യരെ തേടി നടന്ന നല്ല മനുഷ്യൻ. തന്റെ സമ്പത്തു മുഴുവൻ വിറ്റ് പാവപ്പെട്ട പെൺകുട്ടികളെ വിവാഹം ചെയ്യിച്ചയച്ചു. രോഗികൾക്കു മരുന്നു വാങ്ങിക്കൊടുത്തു. കുട്ടികൾക്കു ധാരാളം സമ്മാനങ്ങൾ നൽകി. ക്രിസ്മസ് രാവിൽ കുട്ടികൾക്കുവേണ്ടി കാലുറകളിൽ കളിപ്പാട്ടങ്ങളും പണവും നിക്ഷേപിച്ചു.

''ക്രിസ്മസ് പ്രധാനമായും കുട്ടികളുടെ ഉത്സവമാണ്. അവരുടെ സ്വപ്നമായി ദൈവപുത്രൻ. യരുശലേമിലെ കാലിത്തൊഴുത്തിൽ ജന്മമെടുത്ത ശ്രീയേശു എന്റെ ചങ്ങാതിയും ഗുരുവും രക്ഷകനും കൊച്ചു

**സാന്താക്ലോസ് - രോഗികളും നിസ്സഹായരുമായ മനുഷ്യരെ തേടി നടന്ന നല്ല മനുഷ്യൻ. രോഗികൾക്കു മരുന്നു വാങ്ങിക്കൊടുത്തു. കുട്ടികൾക്കു ധാരാളം സമ്മാനങ്ങൾ നൽകി. ക്രിസ്മസ് രാവിൽ കുട്ടികൾക്കുവേണ്ടി കാലുറകളിൽ കളിപ്പാട്ടങ്ങളും പണവും നിക്ഷേപിച്ചു.**

**അപ്പുമാഷ് മറുപടിപ്രസംഗത്തിന് ഒന്നും ഒരുങ്ങാതെ ഗൗതം ലക്ഷ്മൺന്റെ മാറിൽ മുഖം ചേർത്തു. എപ്പോഴും സ്വന്തം ഷർട്ടിന്റെ പോക്കറ്റിൽ തിളങ്ങിയിരുന്ന പേന ഗൗതമിന്റെ പോക്കറ്റിൽ. ഇനി അതിന് അവിടെ ഇടം.**





മോഹങ്ങൾ സാധിച്ചുതരാൻ ശക്തനുമാണെന്ന് ഞാൻ വിശ്വസിച്ചു. എനിക്ക് പുതിയ ഉടുപ്പുകൾ, ഏതു കുട്ടിയും കൊതിക്കുന്ന കൊച്ചു സമ്മാനങ്ങൾ ഒക്കെ നൽകാൻ ക്രിസ്മസ് രാവിൽ സാന്താക്ലോസിനെ കാത്തിരുന്ന കാലം.

''അക്കാലത്ത് സമ്മാനങ്ങൾ നൽകി അനുഗ്രഹിച്ച എന്റെ സാന്താക്ലോസ് ആയിരുന്നു ഈ ഇരിക്കുന്ന നമ്മുടെ അപ്പുമാഷ്. എന്റെ, നമ്മുടെ എല്ലാം സ്വന്തം അപ്പൂപ്പൻ. ഇദ്ദേഹം എനിക്ക് പുതിയ ഉടുപ്പുകൾ വാങ്ങിത്തന്നു. വായിക്കാൻ നല്ല പുസ്തകങ്ങൾ. ഞാനിവിടെ എനിക്കു ലഭ്യമായ നന്മകൾ ഏറ്റുപറയുന്നു. അവസരം ലഭിക്കുമ്പോൾ ഇതിലും ഉച്ചത്തിൽ അത് വിളിച്ചുപറയാൻ കാത്തിരിക്കുന്ന ഒട്ടേറെ കൂട്ടുകാരുണ്ട് എന്ന് എനിക്കറിയാം. അപ്പുമാഷിന്റെ മക്കളും കൊച്ചുമക്കളുമൊക്കെ നാമാണ്. ഈ വിദ്യാലയം മാഷിന്റെ കർമ്മമണ്ഡലം മാത്രമല്ല, ജീവിതരംഗം തന്നെയാണ്.

''ഈ ക്രിസ്മസ് കാലത്ത് നമുക്ക് എന്നും സാന്തയെപ്പോലെ, അഥവാ ക്രിസ്മസ് അപ്പൂപ്പനെപ്പോലെ സമ്മാനങ്ങൾ നൽകി അനുഗ്രഹിച്ച മാഷിനെ ഞാൻ, നമ്മൾ ഹൃദയത്തിൽ വച്ച് ആരാധിക്കുന്നു. നല്ല ഗുരുനാഥൻ ഒരിക്കലും പടിയിറങ്ങുന്നില്ല. അവിടുന്ന് ശിഷ്യരുടെ മനസ്സിൽ നിത്യപൂജിതനാണ്. ക്രിസ്മസിനും ഓണത്തിനും ചെറിയ പെരുന്നാളിനും മാത്രമല്ല, എന്നും എല്ലാവർക്കും അനുഗ്രഹവർഷം ചൊരിയുന്ന പുണ്യാത്മാവ്.

''ഇപ്പോൾ പരീക്ഷാവിജയത്തിൽ എന്റെ അമ്മ, ഈ വിദ്യാലയം എന്നെ അനുമോദിക്കുന്നു. ഗൗതമൻ എന്ന എന്നെ അമ്മ സ്കൂളിൽ ചേർക്കുമ്പോൾ അപ്പുമാഷാണ് എനിക്ക് ഗൗതം ലക്ഷ്മൺ എന്ന പേരു നൽകിയത്. എന്റെ അമ്മ ലക്ഷ്മി; ആ അമ്മയുടെ മകൻ ലക്ഷ്മൺ. ഈ ഗൗതം ലക്ഷ്മൺ നേടിയ എല്ലാ വിജയവും അതിന്റെ ആനന്ദവും, കൂടുതൽ അനുഗ്രഹങ്ങൾ പ്രാർഥിച്ചുകൊണ്ട് അപ്പുമാഷിന്റെ കാൽക്കൽ സമർപ്പിക്കുന്നു.''

അപ്പുമാഷ് മറുപടിപ്രസംഗത്തിന് ഒന്നും ഒരുങ്ങാതെ ഗൗതം ലക്ഷ്മൺന്റെ മാറിൽ മുഖം ചേർത്തു. എപ്പോഴും സ്വന്തം ഷർട്ടിന്റെ പോക്കറ്റിൽ തിളങ്ങിയിരുന്ന പേന ഗൗതമിന്റെ പോക്കറ്റിൽ. ഇനി അതിന് അവിടെ ഇടം.

ഈ ക്രിസ്മസ് സന്ധ്യയിലും സാന്താക്ലോസ് പുഞ്ചിരി തൂകുന്നു. മനസ്സുകളിൽ മധുരം കിനിയുന്നു.

# സ്കൂൾ ഡെയ്സ്

രാജീവ് എൻ ടി



# മത്സ്യത്തിന്റെ വയറ്റിൽ കഴിഞ്ഞ പ്രവാചകൻ

പുനരാഖ്യാനം: **എൻ എസ് ഐസക്**

നസ്രേത്തിനടുത്ത് ഗത്ഹേഫർ എന്നൊരു ഗ്രാമമുണ്ടായിരുന്നു. ഒരു ഗലീലിയൻ ഗ്രാമം. അവിടെ താമസിച്ചിരുന്ന അമിത്തായിയുടെ മകനായിരുന്നു യോനാ. ഇസ്രായേൽ ജനങ്ങൾക്കിടയിലെ ആദ്യകാല പ്രവാചകന്മാരിൽ ഒരാൾ. ദൈവമായ കർത്താവിന്റെ കല്പനകൾ അതേപടി അനുസരിച്ച് ജീവിച്ച ആളായിരുന്നു യോനാ. ഒരു ദിവസം കർത്താവ് യോനായോട് സംസാരിച്ചു.

നിനെവേ നഗരത്തിലേക്ക് പോകണമെന്ന് കർത്താവ് യോനായോട് കല്പിച്ചു. അസീറിയൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു നിനെവേ. മെസൊപ്പൊട്ടേമിയയിലെ ഈ പ്രാചീന നഗരം ടൈഗ്രീസ് നദിയുടെ കിഴക്കൻ തീരത്തായിരുന്നു. ഇവിടത്തെ ജനങ്ങൾ ദൈവത്തിന്റെ കല്പനകളും ചട്ടങ്ങളും അനുസരിക്കാതെ തന്നിഷ്ടപ്രകാരം ജീവിച്ചു. ദൈവത്തെ മറന്ന് അധർമത്തിലും അനീതിയിലും ദുർമാർഗത്തിലും മുഴുകി. ഈ സമൂഹത്തെ ദൈവത്തിലേക്ക് കൊണ്ടുവരാനുള്ള നിയോഗമാണ് കർത്താവ് യോനായെ ഭരമേൽപ്പിച്ചത്. ദൈവം ഏൽപ്പിക്കുന്ന എത്ര വിഷമമുള്ള കാര്യവും സന്തോഷത്തോടെ ഏറ്റെടുക്കുന്ന പ്രവാചകനായിരുന്നു യോനാ. എന്നാൽ നിനെവേ നഗരത്തിലേക്ക് പോകാനുള്ള കർത്താവിന്റെ കല്പന യോനായ്ക്ക് ഒട്ടും ഇഷ്ടമായില്ല. ദൈവമായ കർത്താവിനോട് മറുത്തൊന്നും പറഞ്ഞില്ലെങ്കിലും താൻ നിനെവേയിലേക്കു പോവുകയില്ലെന്ന് യോനാ മനസ്സിൽ ഉറപ്പിച്ചു.

നിനെവേയിലേക്കല്ലാതെ എങ്ങോട്ടാണ് പോകേണ്ടതെന്ന് യോനാ ആലോചിച്ചുകൊണ്ടിരുന്നു. അപ്പോഴാണ് താർഷീഷ് പട്ടണത്തെക്കുറിച്ച് അവൻ ഓർത്തത്. മധ്യധരണ്യാഴിയുടെ



വര: റോണി ദേവസ്യ

വടക്കേക്കരയിലുള്ള ഒരു പുരാതന പട്ടണമായിരുന്നു താർഷീഷ്. പണ്ടുകാലം മുതലേ വ്യാപാര രംഗത്ത് താർഷീഷ് പട്ടണം പ്രശസ്തമായിരുന്നു. അങ്ങോട്ടു തന്നെയാവാം യാത്രയെന്ന് യോനാ തീരുമാനിച്ചു. താർഷീഷിലേക്ക് പോകാൻ ജോപ്പ തുറമുഖത്തുനിന്ന് കപ്പലിൽ സഞ്ചരിക്കേണ്ടിയിരുന്നു. മറ്റു യാത്രാമാർഗങ്ങൾ ഉണ്ടായിരുന്നില്ല. പാലസ്തീൻ തീരത്തുള്ള ഒരേയൊരു തുറമുഖമായിരുന്നു ജോപ്പ. വിദേശരാജ്യങ്ങളുമായി അനേകകാലങ്ങൾക്കുമുമ്പു മുതലേ ജോപ്പതുറമുഖത്തിന് കച്ചവടബന്ധങ്ങൾ ഉണ്ടായിരുന്നു. ജീവിതത്തിൽ ഇതുവരെയും കർത്താവിന്റെ കല്പനകൾ അനുസരിക്കാതിരുന്നിട്ടില്ല. എന്നാൽ നിനെവേയിലേക്കു പോകാനുള്ള കർത്താവിന്റെ കല്പന അനുസരിക്കാൻ തനിക്കാവുകയുമില്ല. കർത്താവിന്റെ കല്പനയും യോനായുടെ വ്യക്തിപരമായ തീരുമാനവും തമ്മിൽ ഒരു തർക്കം നടന്നു. അവസാനം യോനായെന്ന വ്യക്തിയുടെ തീരുമാനംതന്നെ വിജയിച്ചു. താർഷീഷിലേക്കു പോകാൻ യോനാ തീരുമാനിച്ചു.

അവൻ ജോപ്പയിൽ എത്തിയപ്പോൾ താർഷീഷിലേക്കു പോകാൻ തയ്യാറായി ഒരു കപ്പൽ നിൽക്കുന്നുണ്ടായിരുന്നു. യോനാ കപ്പലിൽ കയറി. കപ്പൽ തുറമുഖം വിട്ടു. യാത്രയുടെ തുടക്കത്തിൽ കടൽ തടാകംപോലെ നിശ്ചലവും ശാന്തവുമായിരുന്നു. ഓളപ്പരപ്പിനെ വകഞ്ഞുമാറ്റിക്കൊണ്ട് കടലിന്റെ ആഴങ്ങളിലേക്ക് കപ്പൽ നീങ്ങിക്കൊണ്ടിരുന്നു. കപ്പലിൽ കയറിയ യോനാ അടിത്തട്ടിൽ പോയി കിടന്നു. ഉറക്കം അവന്റെ കണ്ണുകളിലേക്ക് ഓടിയെത്തി.

യോനാ ഉറക്കത്തിന്റെ ആഴങ്ങളിലേക്ക് ഊർന്നുവീണു. കപ്പൽ പുറംകടലിലെത്തി. കപ്പലിന്റെ മുകൾത്തട്ടിൽ കടലിനെ സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ട് കപ്പിത്താൻ നിന്നു. കടലിന്റെ മുകൾപ്പരപ്പിൽ ചില ഭാവവ്യത്യാസങ്ങൾ കപ്പിത്താൻ കണ്ടു. അശുഭമായി എന്തോ സംഭവിക്കാൻ പോകുന്നുവെന്നൊരു ഭയം അവന്റെ മനസ്സിലുണ്ടായി.

**കപ്പിത്താൻ നോക്കി നിൽക്കുമ്പോൾ തന്നെ കടലിന്റെ ഭാവം മാറി. പർവതങ്ങൾപോലെ തിരമാലകൾ ഉരുണ്ടുകൂടി. അന്തരീക്ഷം കറുത്തിരുണ്ടു. അതിശക്തമായ കൊടുങ്കാറ്റിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. കപ്പിത്താന്റെ മനസ്സിൽ ഭയത്തിന്റെയും ആശങ്കയുടെയും തിരമാലകൾ ഇളകിമറിഞ്ഞു. പായ്മരത്തിലെ പായകൾ കീറിയെറിയുന്നതുപോലെ അതിശക്തമായി കാറ്റുവീശി.**

കപ്പിത്താൻ നോക്കി നിൽക്കുമ്പോൾ തന്നെ കടലിന്റെ ഭാവം മാറി. പർവതങ്ങൾപോലെ തിരമാലകൾ ഉരുണ്ടുകൂടി. അന്തരീക്ഷം കറുത്തിരുണ്ടു. അതിശക്തമായ കൊടുങ്കാറ്റിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. കപ്പിത്താന്റെ മനസ്സിൽ ഭയത്തിന്റെയും ആശങ്കയുടെയും തിരമാലകൾ ഇളകിമറിഞ്ഞു. പായ്മരത്തിലെ പായകൾ കീറിയെറിയുന്നതുപോലെ അതിശക്തമായി കാറ്റുവീശി. തിരമാലകൾ കപ്പലിനെ അമ്മാനമാടി. കപ്പൽ ഇളകിമറിയാൻ തുടങ്ങി. യാത്രക്കാർ പരിഭ്രാന്തരായി നിലവിളിച്ചു. തണ്ടു വലിക്കുന്നവർ കപ്പലിനെ നിയന്ത്രിക്കുവാൻ കഠിനമായി പരിശ്രമിച്ചുകൊണ്ടിരുന്നു. ഒരു കൂറ്റൻ തിരമാല കപ്പൽത്തട്ടിലേക്ക് അടിച്ചുകയറി. കപ്പൽ ആടിയുലഞ്ഞു. യാത്രക്കാർ അവരവരുടെ ദൈവങ്ങളെ വിളിച്ച് നെഞ്ചത്തടിച്ചു നിലവിളിച്ച് പ്രാർഥിച്ചുകൊണ്ടിരുന്നു. ഈ കോലാഹലങ്ങളൊന്നും അറിയാതെ കപ്പലിന്റെ അടിത്തട്ടിൽ യോനാ അഗാധമായ ഉറക്കത്തിലായിരുന്നു. കപ്പൽ ജോലിക്കാർ ഓരോ സാധനവും കപ്പലിൽനിന്നും കടലിലേക്കു വലിച്ചെറിയുന്നുണ്ടായിരുന്നു. കപ്പലിന്റെ ഭാരംകുറച്ച് എങ്ങനെയും യാത്രക്കാരെ രക്ഷപ്പെടുത്താനുള്ള പരിശ്രമത്തിലായിരുന്നു അവർ. കപ്പിത്താൻ യോനാ കിടക്കുന്നിടത്തേക്കു ചെന്നു. ഉറങ്ങിക്കിടന്ന യോനായെ അവൻ വിളിച്ചുണർത്തി. യോനായുടെ ദൈവത്തെ വിളിച്ച് ഈ ആപത്തിൽനിന്നും രക്ഷിക്കാൻ പ്രാർഥിക്കണമെന്ന് കപ്പിത്താൻ യോനായോട് ആവശ്യപ്പെട്ടു.

യോനാ ആരാണെന്നും എവിടെനിന്ന് വരുന്നുവെന്നും കപ്പിത്താൻ അവനോടു ചോദിച്ചു. താനൊരു ഹെബ്രായനാണെന്നും ദൈവമായ കർത്താവിനെ അനുസരിക്കാതെ താൻ ഒളിച്ചോടുകയാണെന്നും യോനാ പറഞ്ഞു. അവൻ പറഞ്ഞതു കേട്ടപ്പോൾ കപ്പിത്താൻ അത്യന്തം ഭയപ്പെട്ടു. യോനാ ചെയ്തത് വലിയ അപരാധമാണെന്നും ഈ അനർഥം അതുകൊണ്ട് ഉണ്ടായതാണെന്നും കപ്പിത്താൻ പറഞ്ഞു. ഒരു വലിയ കപ്പൽ ഛേദത്തിൽ നിന്ന് കപ്പലിനെയും യാത്രക്കാരെയും രക്ഷിക്കാൻ എന്താണ് ചെയ്യേണ്ടതെന്ന് യോനായോട് കപ്പിത്താൻ ചോദിച്ചു.

തന്നെയെടുത്ത് കടലിൽ എറിഞ്ഞാൽ മതിയെന്ന് യോനാ പറഞ്ഞു. കപ്പിത്താൻ ജോലിക്കാരെ വിളിച്ച് അലറിമറിയുന്ന വൻ തിരമാലകൾക്കുള്ളിലേക്ക് യോനായെ വലിച്ചെറിഞ്ഞു. അവനെ കാത്തുകിടന്നതുപോലെ എന്നു തോന്നുമാറ് ഒരു കൂറ്റൻ മത്സ്യം യോനായെ

വിഴുങ്ങി. കടലിന്റെ ആഴങ്ങളി ലേക്ക് മത്സ്യം ഊളിയിട്ടുപോയി.

പെട്ടെന്ന് കടൽ ശാന്തമായി. കൊടുങ്കാറ്റടങ്ങി. കപ്പൽ പൂർണ മായും കപ്പിത്താന്റെ നിയന്ത്ര ണത്തിലായി. ഈ അത്ഭുത സംഭവത്തിൽ കപ്പിത്താനും യാത്ര ക്കാരും കപ്പൽജോലിക്കാരും വിസ്മയഭരിതരായി.

മൂന്നുരാത്രിയും മൂന്നു പകലും യോനാ മത്സ്യത്തിന്റെ വയറ്റിൽ കഴിഞ്ഞു. കർത്താ വിന്റെ കല്പന ധിക്കരിച്ച് താർഷീഷിലേക്കു പോകാനുള്ള തന്റെ തീരുമാനത്തിൽ യോനാ അനുതപിച്ചു. തന്നെത്തന്നെ കുറ്റപ്പെടുത്തി.

പശ്ചാത്തപിച്ച് തന്റെ തെറ്റു കളും കുറ്റങ്ങളും ഏറ്റുപറഞ്ഞ് കർത്താവിനോട് നിലവിളിച്ചു. തന്നെ രക്ഷിക്കണമെന്ന് നെഞ്ചു രുകി പ്രാർഥിച്ചു. യോനാ യുടെ പ്രാർഥനയും നിലവിളിയും കർത്താവ് കേട്ടു. കർത്താവിന് യോനായോട് അലിവു തോന്നി. കർത്താവിന്റെ കല്പനപ്രകാരം യോനായെ വിഴുങ്ങിയ മത്സ്യം കടലിന്റെ ആഴങ്ങളിൽ നിന്ന് കരയിലേക്ക് കുതിച്ചു. കരയി ലെത്തിയ മത്സ്യം യോനായെ ഛർദിച്ചു. കരയിലെത്തിയ യോനാ പ്രാണവായു ശ്വസിച്ച് കർത്താവിന് സ്തുതിഗീതം പാടി. ഇനിയുള്ള ജീവിതത്തിൽ കർത്താവിന്റെ കല്പനകൾ അനുസരിച്ച് ജീവിക്കുമെന്ന് യോനാ പ്രതിജ്ഞ ചെയ്തു. കർത്താവിന്റെ കല്പനപ്രകാരം യോനാ നിനെവേ പട്ടണത്തി ലേക്ക് യാത്രയായി.

യോനാ നിനെവേയിലെത്തി. വലിയ ഒരു നഗരമായിരുന്നു നിനെവേ. നഗരം മുഴുവൻ സഞ്ച രിക്കാൻ മൂന്നുദിവസത്തെ യാത്ര ആവശ്യമായിരുന്നു. നഗരത്തിൽ എത്തി ഒരുദിവസം സഞ്ചരിച്ച യോനാ കർത്താവിന്റെ തീരു മാനം ഉറക്കെ വിളിച്ചുപറഞ്ഞു കൊണ്ട് നടന്നു. നാൽപ്പതുദി വസം കഴിയുമ്പോൾ നിനെവേ പട്ടണം നശിപ്പിക്കുമെന്ന് കർത്താവ് അരുളിച്ചെയ്യുന്നു



വെന്ന് യോനാ വിളിച്ചുപറഞ്ഞു. ഇതു കേട്ടപ്പോൾ നിനെവേ യിലെ ജനങ്ങൾ നടുങ്ങി. കർത്താവ് വരുത്താൻ പോകുന്ന ശിക്ഷാവിധിയോർത്ത് ഭയപരവ ശരായി. നിനെവേയിലെ രാജാവ് സിംഹാസനത്തിൽനിന്നും എഴുന്നേറ്റ് രാജകീയ വസ്ത്ര ങ്ങൾ മാറ്റി ചാക്കുകൊണ്ടുള്ള വസ്ത്രങ്ങൾ ധരിച്ച് ചാരത്തിൽ ഇരുന്നു. നിനെവേ പട്ടണത്തിൽ ഉപവാസം പ്രഖ്യാപിച്ചു. മനു ഷ്യരും മൃഗങ്ങളും ഭക്ഷണം കഴിക്കുകയോ വെള്ളം കുടിക്കു കയോ പാടില്ലെന്നും ദൈവമായ കർത്താവിനോട് അനുതപിച്ച് പ്രാർഥിക്കണമെന്നും രാജാവ് വിളംബരം ചെയ്തു. നിനെവേ പട്ടണവാസികൾ രാജവിളംബരം അനുസരിച്ചു. അവരുടെ പ്രാർഥ നയും ഉപവാസവും ഏറ്റുപറച്ചി ലും കർത്താവിന്റെ മനസ്സുമാറ്റി. നിനെവേ പട്ടണം നശിപ്പിക്കാ നുള്ള തീരുമാനത്തിൽ നിന്നും കർത്താവ് പിൻതിരിഞ്ഞു. നിനെവേ നഗരം നശിപ്പിച്ചില്ല.


നിനെവേ പട്ടണം കർത്താവ് നശിപ്പിക്കാതിരുന്നതിൽ യോനാ അതൃപ്തനും കോപാകുലനു മായി. അവൻ കർത്താവിനോട് തർക്കിച്ചു. കർത്താവിന്റെ തീരു മാനം ചോദ്യംചെയ്തു. നിനെവേ പട്ടണത്തിലെ ജനങ്ങൾ അനു തപിച്ച് പ്രാർഥിച്ചാൽ അവ

രോട് കരുണ കാണിക്കുമെന്ന് നേരത്തേ അറിഞ്ഞിരുന്നതു കൊണ്ടാണ് നിനെവേയിലേക്കു വരാതെ താർഷീഷിലേക്ക് ഓടി പ്പോകാൻ ശ്രമിച്ചതെന്ന് യോനാ കർത്താവിനോടു പറഞ്ഞു. തന്റെ ജീവൻ എടുക്കണമെന്നും ഇങ്ങനെ ജീവിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് തനിക്കിഷ്ട മെന്നും യോനാ കർത്താവി നോടു പറഞ്ഞു.

യോനാ നഗരത്തിന്റെ കിഴക്കു ഭാഗത്ത് ഒരു കൂടാരം നിർമിച്ച് അതിൽ ഇരുന്നു. പട്ടണത്തിന് എന്താണ് സംഭവിക്കാൻ പോകു ന്നതെന്ന ആകാംക്ഷ യോനാ യ്ക്കുണ്ടായിരുന്നു. ദോഷകര മായി ഒന്നും സംഭവിക്കുകയി ല്ലെന്ന് അവന് നിശ്ചയമുണ്ടാ യിരുന്നെങ്കിലും മാനുഷികമായ ഒരു സംശയം അവന്റെ മനസ്സിൽ മുളപൊട്ടി നിന്നിരുന്നു. കൂടാര ത്തിനും യോനായ്ക്കും തണൽ നൽകുവാനായി കർത്താവ് അതിനു പറ്റിയൊരു ചെടി വളർത്തി. അതിന്റെ തണൽ യോനായ്ക്ക് ആശ്വാസം നൽകി. എന്നാൽ അടുത്തദിവസം രാവിലെ കർത്താവിന്റെ നിയോ ഗമനുസരിച്ച് ഒരു പുഴു ആ ചെടി തിന്ന് നശിപ്പിച്ചു. തണൽ നൽകിയ ചെടി ഉണങ്ങിപ്പോയി. കർത്താവ് ഉഷ്ണക്കാറ്റ് അടി പ്പിച്ചു. ഉഷ്ണക്കാറ്റിന്റെ ചൂടേറ്റ് യോനാ തളർന്നു. ഈ ചൂടേറ്റ് ജീവിക്കുന്നതിനേക്കാൾ നല്ലത് മരിക്കുന്നതാണെന്ന് അവൻ കരുതുകയും മരിക്കാനായി ആഗ്രഹിക്കുകയും ചെയ്തു. തണൽ നൽകിയ ചെടി നശി പ്പിച്ചുകളഞ്ഞ കർത്താവിനോട് അവന് അമർഷവും പകയും തോന്നി. ഒരു രാത്രികൊണ്ട് വളരുകയും അടുത്ത രാത്രി യാകുംമുൻപേ നശിക്കുകയും ചെയ്ത ഒരു ചെടിയെക്കുറിച്ച് നിനക്ക് ഇത്രയും വിചാരമു ണ്ടെങ്കിൽ നിനെവേയിലെ ഒരു ലക്ഷത്തി ഇരുപതിനായിരത്തി ലധികം ജനങ്ങളോട് കരുണ തോന്നിയതിന് എന്തിനാണ് യോനായ്ക്ക് തന്നോട് വിരോധം തോന്നിയതെന്ന് കർത്താവ് ചോദിച്ചു. കർത്താവിന്റെ ചോദ്യ ത്തിന് ഉത്തരം നൽകാൻ യോനാ യ്ക്കായില്ല.

*(കേരള സംസ്ഥാന ബാലസാ ഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീ കരിച്ച ബൈബിൾ കഥകൾ എന്ന പുസ്തകത്തിൽ നിന്നും എടുത്തത്)*

## ആനക്കാര്യം




രാജീവ് എൻ ടി
ntrajeev@gmail.com

# വെയ്നു ബാപ്പു - ഭാരതത്തിന്റെ ഗലീലിയോ

ജ്യോതി കെ ജി

**ആധുനിക ഭാരതീയ വാനശാസ്ത്രത്തിന്റെ പിതാവെന്നും ഭാരതത്തിന്റെ ഗലീലിയോ എന്നും അറിയപ്പെടുന്ന മലയാളി ശാസ്ത്രജ്ഞനായ വെയ്നു ബാപ്പുവിനെക്കുറിച്ച് നിങ്ങൾ കേട്ടിട്ടില്ലേ... അദ്ദേഹത്തിന്റെ വാനശാസ്ത്ര ഗവേഷണത്തെക്കുറിച്ച് നമുക്കുള്ള അറിവുകൾ പരിമിതമാണ്. 1927 ആഗസ്റ്റ് 10 ന് ചെന്നൈയിൽ ജനിച്ച വേണു ബാപ്പു എന്ന വെയ്നു ബാപ്പുവിനെക്കുറിച്ച് കൂടുതൽ അറിയാൻ ലേഖനം വായിക്കൂ...**

വാനശാസ്ത്രത്തിന്റെ ചരിത്രത്തിൽ സുവർണ ലിപികളിൽ കൊത്തിവച്ച പേരാണ് മനലികല്ലാട് വേണു ബാപ്പു എന്ന ഡോ. എം കെ വെയ്നു ബാപ്പു. ആധുനിക ഭാരതീയ വാനശാസ്ത്രത്തിന്റെ പിതാവായും ഭാരതത്തിന്റെ ഗലീലിയോ എന്നും അറിയപ്പെടുന്ന ഈ മലയാളി ശാസ്ത്രജ്ഞനെക്കുറിച്ചും അദ്ദേഹത്തിന്റെ വാനശാസ്ത്ര ഗവേഷണത്തെക്കുറിച്ചും നമുക്കുള്ള അറിവുകൾ പരിമിതമാണ്.

ആയിരക്കണക്കിന് വാൽനക്ഷത്രങ്ങളിൽ ഒന്നിന് മാത്രമേ ഒരിന്ത്യാക്കാരന്റെ പേര് ലഭിച്ചിട്ടുള്ളൂ. ഹാർഡ്‌വാർഡിൽ വെയ്നു ബാപ്പുവും സഹപ്രവർത്തകരും കണ്ടെത്തിയതാണ് ബാപ്പു- ബോക്ക്-ന്യൂകിർക്ക് (Bappu-Bok-Newkirk) എന്ന വാൽനക്ഷത്രം. ഇത് കണ്ണൂർ ജില്ലയിലെ തലശ്ശേരിക്കാരന്റെ പേരിലുള്ളതാണെന്ന യാഥാർഥ്യം പലർക്കും അറിയില്ല.



ഡോ. എം കെ വെയ്നു ബാപ്പു

1927 ആഗസ്റ്റ് 10 ന് ചെന്നൈയിലാണ് വേണു ബാപ്പുവിന്റെ ജനനം. തലശ്ശേരി സ്വദേശികളായ മനലികുക്കുഴി ബാപ്പുവിന്റെയും സുനന്ദയുടെയും ഏകമകനായിരുന്നു ബാപ്പു. സംഖ്യാശാസ്ത്രത്തിൽ വളരെ വിശ്വാസമുണ്ടായിരുന്ന പിതാവ് പുത്രന് വെയ്നു (Vainu) എന്ന പേരു നൽകി. അങ്ങനെ വേണു ബാപ്പു വെയ്നു ബാപ്പു ആകുകയും

ആ പേരിൽ തന്നെ പ്രശസ്തനാകുകയും ചെയ്തു.

ഹൈദരാബാദിലെ നിസാമിയ വാനനിരീക്ഷണകേന്ദ്രത്തിലെ വാനനിരീക്ഷകനായിരുന്നു വെയ്നുവിന്റെ പിതാവ്. അതുകൊണ്ടു തന്നെ ജനിച്ചത് ചെന്നൈയിലാണെങ്കിലും ഹൈദരാബാദിലാണ് വളർന്നത്. വിദ്യാസമ്പന്നരായ മാതാപിതാക്കളുടെയും അമ്മാവന്റെയും പിന്തുണ വിദ്യാഭ്യാസകാര്യത്തിലും നല്ല വായനാശീലം വളർത്തിയെടുക്കുന്നതിലും അദ്ദേഹത്തെ സ്വാധീനിച്ചു. പുത്രന്റെ വിദ്യാഭ്യാസ കാര്യങ്ങളിൽ വെയ്നുവിന്റെ അമ്മ വളരെ ശ്രദ്ധാലുവായിരുന്നു. ദിവസവും രാവിലെ അഞ്ചുമണിക്ക് വെയ്നുവിനെ എഴുന്നേൽപ്പിക്കുകയും പഠനകാര്യങ്ങളിൽ സഹായിക്കുകയും ചെയ്തിരുന്നു. വെക്കേഷൻ സമയമുൾപ്പെടെയുള്ള ഒഴിവുസമയങ്ങളിൽ സംഗീതം, സിനിമ, പൂക്കൾ, മരങ്ങൾ, നക്ഷത്രങ്ങൾ ഇവയുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചു. വായന കൈമുതലാക്കിയതിനാൽ ഈ വിഷയങ്ങളെപ്പറ്റി ആധികാരികമായി സംസാരിക്കാനും അദ്ദേഹത്തിന് സാധിച്ചു. വെയ്നുവിന് കവിതയോട് വലിയ കമ്പമായിരുന്നു. ഉറുദു കവിതകളിൽ പ്രത്യേകിച്ചും ഗസലുകളോടായിരുന്നു കൂടുതൽ താത്പര്യം. നല്ലൊരു പ്രകൃതിസ്നേഹി കൂടിയായിരുന്ന അദ്ദേഹത്തിന് ക്രിക്കറ്റിനോടും പെയ്ന്റിങ്ങിലും അതീവ താത്പര്യമായിരുന്നു.

വളരെ ചെറിയ പ്രായത്തിൽ തന്നെ വാനശാസ്ത്രത്തോട് താത്പര്യം കാണിച്ച വെയ്നു പിതാവിനൊപ്പം വാനനിരീക്ഷണ കേന്ദ്രത്തിൽ പോവുകയും ടെലസ്കോപ്പും മറ്റു യന്ത്രങ്ങളും എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് പഠിക്കാനും ശ്രമിച്ചിരുന്നു.

ബിരുദ പഠനകാലത്ത് തന്നെ ബാപ്പു ശാസ്ത്രലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. 1949 ൽ മദ്രാസ് സർവകലാശാലയിൽ നിന്നും ഊർജതന്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയതിനുശേഷം വാനശാസ്ത്രമാണ് അദ്ദേഹം ഉപരിപഠനത്തിനായി തെരഞ്ഞെടുത്തത്. എന്നാൽ അക്കാലത്ത് ഇന്ത്യൻ യൂണിവേഴ്സിറ്റികളിലൊന്നും വാനശാസ്ത്രത്തിൽ ഉപരിപഠനം സാധ്യമായിരുന്നില്ല. ഇക്കാലത്ത് ഏറ്റവും പ്രശസ്തരായ രണ്ട് വാനശാസ്ത്രജ്ഞരെ പരിചയപ്പെടാൻ ബാപ്പുവിനു സാധിച്ചു. സർ ഹാരോൾഡ്

**വാനശാസ്ത്ര പരിശീലനത്തിന്റെ ഭാഗമായി വാനനിരീക്ഷണം പതിവാക്കിയ വെയ്നു തന്റെ 22-ാം വയസ്സിൽ പ്രൊഫസർമാരായ ബാർട്ട് ബോക്കിന്റെയും ഗോൾഡൻ ന്യൂകിർക്കിന്റെയും സഹായത്തോടെ കണ്ടെത്തിയ വാൽനക്ഷത്രത്തെയാണ് ബാപ്പു- ബോക്- ന്യൂകിർക്ക് എന്ന് ലോകം വിളിച്ചത്.**

സ്പെൻഡ് ജോൺസ് (യു കെ), അമേരിക്കയിലെ ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ഹാർലോ ഷാർപ്പലെ എന്നിവരാണ് ഈ രണ്ടുപേർ. ഇവർ രണ്ടുപേരും ഹൈദരാബാദിലേക്ക് വരുന്നു എന്ന് പത്രങ്ങളിലൂടെ വിവരം ലഭിച്ച ബാപ്പു അമേരിക്കയിൽ എവിടെയെങ്കിലും വാനശാസ്ത്രത്തിൽ ഉപരിപഠനം നടത്താനുള്ള സൗകര്യമുണ്ടോ എന്ന് അന്വേഷിക്കാൻ തീരുമാനിച്ചു. പ്രൊഫസറെ കാണാൻ അനുവാദം ലഭിച്ച ബാപ്പു തന്റെ ആഗ്രഹം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. ബാപ്പുവിനെപ്പറ്റി നല്ല മതിപ്പുതോന്നിയ പ്രൊഫസർ താൻ പ്രവർത്തിക്കുന്ന ഹാർവാർഡ് കോളജിലെ വാനനിരീക്ഷണ കേന്ദ്രത്തിലേക്ക് പ്രവേശനം തരപ്പെടുത്താൻ സഹായിക്കാമെന്നും വാക്കുകൊടുത്തു.

1949 ൽ ഹൈദരാബാദ് സർക്കാരിന്റെ സ്കോളർഷിപ്പിലൂടെ അമേരിക്കയിലെ ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ വാനനിരീക്ഷണ കേന്ദ്രത്തിലേക്ക് പ്രവേശനം ലഭിച്ചു. വെയ്നു ബാപ്പു പിന്നീട് ഇന്ത്യയ്ക്കു മാത്രമല്ല ലോകത്തിനു മുഴുവൻ ഒരു പ്രമുഖ ശാസ്ത്രജ്ഞനെ സമ്മാനിച്ചു.

വാനശാസ്ത്ര പരിശീലനത്തിന്റെ ഭാഗമായി വാനനിരീക്ഷണം പതിവാക്കിയ വെയ്നു തന്റെ 22-ാം വയസ്സിൽ പ്രൊഫസർമാരായ ബാർട്ട് ബോക്കിന്റെയും ഗോൾഡൻ ന്യൂകിർക്കിന്റെയും സഹായത്തോടെ കണ്ടെത്തിയ വാൽനക്ഷത്രത്തെയാണ് ബാപ്പു- ബോക്- ന്യൂകിർക്ക് എന്ന് ലോകം വിളിച്ചത്. വാൽനക്ഷത്രത്തിന്റെ കണ്ടുപിടുത്തം മാത്രമല്ല ഇതിന്റെ സഞ്ചാരപഥത്തെപ്പറ്റിയും വേഗതയെപ്പറ്റിയുമുള്ള അദ്ദേഹത്തിന്റെ കണക്കുകൂട്ടലുകളും അഭിനന്ദനമർഹിക്കുന്നതാണ്. ഈ വാൽനക്ഷത്രത്തിന്റെ കണ്ടുപിടുത്തത്തിന് വെയ്നുവിന് ആസ്ട്രോണമിക്കൽ

സൊസൈറ്റി ഓഫ് ദി പസഫിക് എന്ന സ്ഥാപനം ഡൊണോഹോ കോമറ്റ് മെഡൽ നൽകി ആദരിക്കുകയുണ്ടായി.

ഇന്ന് ആയിരക്കണക്കിന് വാൽനക്ഷത്രങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഒരേ ഒരു ഇന്ത്യാക്കാരൻ മാത്രമേ ഒരു വാൽനക്ഷത്രം കണ്ടുപിടിക്കുകയും ആ വാൽനക്ഷത്രത്തിന് അദ്ദേഹത്തിന്റെ പേര് നൽകിയിട്ടുള്ളു എന്നതും ഒരു ഇന്ത്യാക്കാരനെ സംബന്ധിച്ചെടുത്തോളം അഭിമാനകരമാണ്. എന്നാൽ ഇത് ഇന്ത്യയിൽ വലിയ വാർത്തയായില്ല. ഒളിമ്പിക്സിലോ ക്രിക്കറ്റിലോ ഒരു ഓട്ടുമെഡൽ ഇന്ത്യയ്ക്കു ലഭിച്ചാൽ വാർത്തയാകുന്ന പ്രാധാന്യം പോലും ഈ വാർത്തയ്ക്കു ലഭിച്ചില്ലെന്നു മാത്രമല്ല അന്നത്തെ സർക്കാർ ക്രൂരമായാണ് അദ്ദേഹത്തോട് പെരുമാറിയത്.

ഹാർവാർഡിൽ വച്ച് വാനശാസ്ത്രത്തിൽ ഗവേഷണം നടത്താൻ വെയ്നുവിന് സ്കോളർഷിപ്പ് അനുവദിച്ച ഹൈദരാബാദ് സർക്കാർ, വാൽനക്ഷത്രം കണ്ടുപിടിക്കാനും മറ്റും സമയം ചെലവഴിക്കുന്നത് അദ്ദേഹത്തിന്റെ വിലപ്പെട്ട സമയം പാഴാക്കലാണെന്ന് കുറ്റപ്പെടുത്തി. മാത്രമല്ല ഇത്തരം കണ്ടുപിടുത്ത ശ്രമങ്ങളിൽ നിന്നും പിൻമാറണമെന്നും നിർദേശം നൽകി. അന്ന് ഇക്കാര്യത്തിൽ വെയ്നുവിനു പിന്തുണ നൽകിയത് വാൽനക്ഷത്രങ്ങളുടെ ഉത്ഭവ പരിണാമങ്ങളെക്കുറിച്ച് പഠനം നടത്തിയ ഫ്രെഡ് ലോറൻസ് വിപ്പിൾ എന്ന ശാസ്ത്രജ്ഞനായിരുന്നു. ഡോക്ടറേറ്റ് ബിരുദത്തിനുള്ള ഗവേഷണത്തിന്റെ ഒരു ഭാഗമാണ് ഇത്തരം പഠനങ്ങളെന്നും ഈ പഠനങ്ങൾക്ക് വാനശാസ്ത്രത്തിൽ വലിയ പ്രാധാന്യമുണ്ടെന്നും ബാപ്പു തന്റെ ഈ സ്തുത്യർഹമായ കണ്ടുപിടുത്തം പ്രഖ്യാപിച്ചിട്ടില്ലായിരുന്നെങ്കിൽ ശാസ്ത്രലോകത്തോട് ചെയ്യുന്ന ഗുരുതരമായ ഒരു കൃത്യവിലോപമാകുമായിരുന്നു എന്നും അഭിപ്രായപ്പെട്ടു.

**ഇന്ന് ആയിരക്കണക്കിന് വാൽനക്ഷത്രങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഒരേ ഒരു ഇന്ത്യാക്കാരൻ മാത്രമേ ഒരു വാൽനക്ഷത്രം കണ്ടുപിടിക്കുകയും ആ വാൽനക്ഷത്രത്തിന് അദ്ദേഹത്തിന്റെ പേര് നൽകിയിട്ടുള്ളു എന്നതും ഒരു ഇന്ത്യാക്കാരനെ സംബന്ധിച്ചെടുത്തോളം അഭിമാനകരമാണ്. എന്നാൽ ഇത് ഇന്ത്യയിൽ വലിയ വാർത്തയായില്ല.**

മൂന്നുവർഷത്തെ പി എച്ച് ഡി പഠനം പൂർത്തിയാക്കിയ ബാപ്പുവിന് 1951 ൽ കാലിഫോർണിയയിലെ മൗണ്ട് വിൽസൺ പാലോമർ വാനനിരീക്ഷണത്തിൽ തുടരാൻ കാർണജി ഫെലോഷിപ്പ് വാഗ്ദാനം ചെയ്യപ്പെട്ടു. ഈ ഫെലോഷിപ്പിന്



93 ഇഞ്ച് ടെലസ്കോപ്പ് ബിൽഡിങ്

author : Prateek Karandikar

നിർദേശിക്കപ്പെട്ട ആദ്യ ഇന്ത്യാക്കാരൻ എന്ന ബഹുമതിയും ബാപ്പു നേടി. ബാപ്പു നടത്തിയ വാനശാസ്ത്രത്തിലെ മഹത്തരമായ മറ്റൊരു കണ്ടുപിടുത്തമായിരുന്നു വിൽസൺ- ബാപ്പു ഇഫക്ട്. ഈ മികച്ച കണ്ടുപിടുത്തത്തിന് വൻ സ്വീകാര്യതയാണ് ലഭിച്ചത്. നക്ഷത്രപഠനങ്ങൾക്കുള്ള ഒരു മൗലിക കണ്ടുപിടുത്തമായി ഇത് പരിണമിച്ചു. നവീനരീതിയിലുള്ള ടെലസ്കോപ്പിന്റെ കണ്ടുപിടുത്തങ്ങൾക്ക് ബാപ്പു- വിൽസൺ ഇഫക്റ്റുമായി ബന്ധപ്പെട്ട കൂടുതൽ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ബാപ്പു തന്റെ ഫെലോഷിപ്പ് പൂർത്തിയാക്കിയപ്പോഴേക്കും അദ്ദേഹത്തിന് വാനശാസ്ത്രത്തിൽ മികച്ച ഒരു സ്ഥാനം കൈവരിക്കാൻ സാധിച്ചിരുന്നു. അമേരിക്കയുൾപ്പെടുന്ന പാശ്ചാത്യ നാടുകളിൽ നിന്ന് ഉയർന്ന ജോലി വാഗ്ദാനം ചെയ്തുകൊണ്ട് ധാരാളം ക്ഷണങ്ങൾ ലഭിക്കുകയുണ്ടായി. എന്നാൽ അദ്ദേഹം അതെല്ലാം തിരസ്കരിച്ചു. തന്റെ മാതൃരാജ്യത്തിന് മഹത്തായ ഒരു വാനശാസ്ത്ര പാരമ്പര്യമുണ്ടെന്നും ആ രംഗത്ത് തന്റെ സേവനം ലഭ്യമാക്കണമെന്നുമാണ് തന്റെ ആഗ്രഹമെന്നും വ്യക്തമാക്കിയ ബാപ്പു 1952 സെപ്തംബറിൽ ഇന്ത്യയിലേക്കു മടങ്ങി.

ഇന്ത്യയിൽ തിരിച്ചെത്തിയ ബാപ്പുവിന് വാരണാസിയിലുള്ള ഉത്തർപ്രദേശ് സ്റ്റേറ്റ് ഒബ്സർവേറ്ററിയിൽ ചീഫ് അസ്ട്രോണമർ ആയി നിയമനം ലഭിച്ചു. 1956 നവംബർ 14 ന് മയ്യഴി സ്വദേശിയും പൊളിറ്റിക്കൽ സയൻസ് മാസ്റ്റർ ബിരുദധാരിണിയുമായ യമുനയുമായുള്ള വിവാഹം. 1960 വിക്രം സാരാഭായിയുടെ നിർദേശത്തെ തുടർന്ന് കൊടൈക്കനാൽ ഒബ്സർവേറ്ററി ഡയറക്ടറായി ബാപ്പു ചാർജെടുത്തു. 60 വർഷം, ഒബ്സർവേറ്ററിയുടെ ചരിത്രത്തിൽ ഏറ്റവും പ്രായം കുറഞ്ഞ ഡയറക്ടറായിരുന്നു 33 കാരനായ ബാപ്പു. ഇത് ബാപ്പുവിന്റെ ജീവിതത്തിന്റെ സുവർണകാലഘട്ടത്തിന്റെ ആരംഭം മാത്രമായിരുന്നില്ല, ഇന്ത്യൻ വാനശാസ്ത്രത്തിന്റെ ഒരു പുതുജീവന്റെ ആരംഭം കൂടിയായിരുന്നു.

ഇന്ത്യൻ വാനശാസ്ത്ര ചരിത്രത്തിലെ പ്രധാന സംഭവമാണ് ആസ്ട്രോണമിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ എന്ന സംഘടനയുടെ രൂപീകരണം. ഈ സംഘടനയുടെ ആദ്യത്തെ പ്രസിഡന്റായി ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടത് ബാപ്പുവിനെയായിരുന്നു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സും (Indian Institute of Astrophysics) വെയ്നു ബാപ്പു ഒബ്സർവേറ്ററി (Vainu Bappu Observatory) യും ഉൾപ്പെടെ ഇന്ത്യയിൽ നിരവധി ജ്യോതിശാസ്ത്ര നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിൽ ഇദ്ദേഹം പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. 1970 ൽ ശാസ്ത്രജ്ഞർക്കുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ബഹുമതിയായ ശാന്തി സ്വരൂപ് ഭട്നഗർ അവാർഡ് ലഭിച്ചു.


വെയ്നു ബാപ്പു ഒബ്സെർവേറ്ററിയിലെ
40 ഇഞ്ച് ടെലസ്കോപ്പ്

author : Prateek Karandikar

ബാപ്പു ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചിരുന്ന കാലത്ത് ഇവിടെ ചെറിയ ടെലസ്കോപ്പുകളെ ഉണ്ടായിരുന്നുള്ളൂ. ഇന്ത്യയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ വലിയ ടെലസ്കോപ്പ് ബാപ്പുവിന്റെ സ്വപ്നമായിരുന്നു. ഇതിനുവേണ്ടി അദ്ദേഹം രാപ്പകലില്ലാതെ പ്രയത്നിച്ചു. പകൽ മുഴുവൻ ജോലി, രാത്രി മുഴുവൻ ഉറക്കമൊഴിഞ്ഞുള്ള വാനനിരീക്ഷണം. ഇത് ആരോഗ്യത്തെ സാരമായി ബാധിക്കുകയും അദ്ദേഹത്തിന് ഹൃദ്രോഗം പിടിപെടുകയും ചെയ്തു. തുടർന്ന് 1982 ആഗസ്റ്റ് 19 ന് തന്റെ 55-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. ബാപ്പുവിന്റെ സ്വപ്നപദ്ധതിയായ 234 സെന്റീമീറ്റർ സ്റ്റെലാർ ടെലസ്കോപ്പ് സ്ഥാപിച്ചത് അദ്ദേഹത്തിന്റെ മരണശേഷമാണ്. ഈ ടെലസ്കോപ്പിനും കാവലൂരിലെ വാനനിരീക്ഷണകേന്ദ്രത്തിനും പിന്നീട് രാജ്യം വെയ്നു ബാപ്പുവിന്റെ പേരു നൽകി ആദരവ് കാണിച്ചു.



വര: ടി ആർ രാജേഷ്

# വേല കാണൽ

എം കൃഷ്ണദാസ്

ഉച്ചാറൽവേലദിവസം സ്ക്കൂൾ ഉച്ചയ്ക്കുവിടും. അതു നാട്ടിലെല്ലാവർക്കുമറിയാം. നാടിന്റെ ഉൽസവാഘോഷമാണ് ഉച്ചാറൽവേല. ജാതിമതഭേദമന്യേ എല്ലാരും ആഘോഷിക്കുന്നത്.

ശിവരാമൻമാഷ് രാവിലെ സ്കൂളി ലേക്കിറങ്ങുമ്പോൾത്തന്നെ മക്കൾ രണ്ടുപേരും അടുത്തുചെന്ന് പറഞ്ഞു:

''സ്കൂളു വിട്ട് മറ്റെങ്ങും പോവല്ലേ അച്ഛാ, നേരെയിങ്ങു വരണേ...'' സുഗതയുടെ കർശന നിർദ്ദേശം. അച്ഛൻ സ്കൂളുവിട്ടാൽ ലൈബ്രറി യിലും മറ്റും കയറി നേരം കളയു മെന്ന് മകൾക്കറിയാം.

ഉച്ചഭക്ഷണമില്ലാത്തതുകൊണ്ട് മാഷ്ടെ ബാഗിനിന്നു കനമില്ലായി രുന്നു. അത് പതിവുപോലെ സ്കൂട്ട റിനു മുന്നിലെ കൊളുത്തിൽ തൂക്കി യിട്ടിറങ്ങുമ്പോൾ മകൻ ഒന്നുകൂടി ഓർമ്മിപ്പിച്ചു:

''വേഗം വരണേ അച്ഛാ...'' മക്കൾക്ക് അച്ഛനെപ്പറ്റി നല്ല ധാരണയാണ്.

ഉച്ചയ്ക്കു വിടുമെന്നതിനാൽ സ്റ്റാഫു റൂമിലുള്ളവരുടെ മുഖത്തെല്ലാം ഒരു തെളിച്ചമുണ്ട്. പതിവുപോലെ, സെക്കന്റ് ബെല്ലിനു മുൻപ് ക്ലാസിലെത്തിയ മാഷ്, കുട്ടികളുടെ മുഖത്തും അതേ സന്തോഷം കണ്ടു.

''എല്ലാരും നല്ല സന്തോഷത്തിലാ ണല്ലോ...'' മാഷ് കുശലം പറഞ്ഞു.

''പൂരമല്ലേ സാർ...'' ക്ലാസ് കോറസ്.

''പൂരത്തിനെന്തക്കയാ പരിപാടി...''

''പലയിടത്തുന്നും വേല വരും സാർ...''

''അതിലെല്ലാം ആനകളു ണ്ടാവും...''

''കൂടെ കൊട്ടുമുണ്ടാവും...''

സാധാരണ ഉത്തരത്തിനു നാവു പൊങ്ങാത്തവർക്കു കൂടി തികഞ്ഞ ഉത്സാഹം.

''സാറ് വരില്ലേ വേല കാണാൻ...'' ജലജ കുണുങ്ങി ക്കൊണ്ട് ചോദിച്ചു.

''വന്നാൽ എന്താ വാങ്ങി ത്തരിക...''

''സാറിനെന്താ വേണ്ടത്...'' ഫിറോസാണ് മറുപടി പറ ഞ്ഞത്.

''ഹൽവ, പൊരി, മുറുക്ക്, ബലൂണ്...'' മാഷ് പറഞ്ഞ് മുഴുവനാക്കും മുൻപ് ക്ലാസിൽ ചിരിമേളം നിറഞ്ഞു.

''സാറെന്താ കുഞ്ഞിക്കു ട്ടിയാ...'' ആൻസി കളിയായി ചോദിച്ചു.

''എന്താ സംശയം, മുടികൂടി മുഴുവൻ ഇതുവരെ മുളച്ചിട്ടില്ല...'' മാഷ് തല തലോടി കാണിച്ചു.

''പൂരമായിട്ട് വീട്ടിലെന്തക്കെ ആഘോഷം...'' മാഷ് വഴി തിരി ച്ചുവിട്ടുകൊണ്ടു ചോദിച്ചു.

''പായസം വയ്ക്കും...''

''കോഴിയെക്കൊല്ലും...''

''വിരുന്നുകാർ വരും...''

''എല്ലാരും പൈസ തരും...''

''കളിസാധനങ്ങൾ വാങ്ങ ണം...''

ക്ലാസിലാകെ പൂരാഘോഷം നിറഞ്ഞ് തിമർത്തു. സ്ക്കൂളു മൊത്തം ഒരു പൂരലഹരി പതഞ്ഞൊഴുകുന്നത് ഏവർക്കും കാണാം. ഉച്ചയ്ക്കു സ്ക്കൂളു വിട്ടു കഴിഞ്ഞിട്ടു ചെയ്യേണ്ട കാര്യങ്ങളോർത്ത്, കുട്ടികളാരും ക്ലാസിൽ ശ്രദ്ധിച്ചതേ ഇല്ല. പലരും വരാതിരുന്നതു കൊണ്ട്

നാളെ വീണ്ടും പാഠമെടുക്കേണ്ടിവരുമല്ലോ എന്നോർത്ത് അധ്യാപകരും ക്ലാസെടുക്കാൻ താത്പര്യം കാട്ടിയില്ല.

നിരവധി തിരക്കുകളുണ്ടെങ്കിലും, ഇന്ന് സ്‌ക്കൂളു വിട്ടതിനു ശേഷം മറ്റെങ്ങും പോവാതെ, വീട്ടിലേക്ക് പോവാനാണ് ശിവരാമൻ മാഷ് തീരുമാനിച്ചത്.

ഉച്ചയ്ക്ക് മൂന്നുപേരും കൂടിയിരുന്നു കുശാലായി ഭക്ഷണം കഴിച്ചു. മക്കളുടെ മുഖത്ത് പൂരാഘോഷം തുടങ്ങിയത് മാഷ് ദർശിച്ചു.

വെയിലാറുന്ന നേരത്താണ് വിവിധ സ്ഥലങ്ങളിൽ നിന്നും വേലകൾ വരിക. ഓരോ വേലയിലും ആനകൾ, കുതിരകൾ, പഞ്ചവാദ്യം, കൊടിക്കൂറകൾ, വിവിധ വേഷങ്ങളുമുണ്ടാവും. ഒപ്പം നാട്ടുകാരും സന്തോഷസമേതം വരും.

സന്ധ്യയോടെ എല്ലാ വേലകളും കാവിന്റെ മുറ്റത്ത് ഒത്തുചേരും. അതോടെ കാവും പരിസരവും പൂരലഹരിയിലാവും.

വേലകൾ ഒത്തുകൂടുന്നതിനു മുൻപ് എത്തിച്ചേരുന്നതിനു വേണ്ടി, ശിവരാമൻ മാഷും കുട്ടികളും സ്‌ക്കൂട്ടറിലാണിറങ്ങിയത്. കാവിന് കുറച്ചിപ്പുറെ വണ്ടി നിർത്തി അവർ കാവിലേക്കു നടന്നു. ആദ്യം ദേവിയെ കണ്ടു തൊഴാൻ വേണ്ടി, അച്ഛനും മക്കളും തിരക്കിലൂടെ നടന്ന് കാവിൽ കയറി. തൊഴുത് ഭണ്ഡാരത്തിൽ കാണിക്കയിടാൻ മക്കൾക്ക് രണ്ടുപേർക്കും പൈസ കൊടുക്കുമ്പോൾ തൂണിനു മറവിൽ ഒരു കുട്ടിയുടെ പരിചിതമുഖം കണ്ടതുപോലെ മാഷ്ക്ക് തോന്നി.

തൊഴുതിറങ്ങിയപ്പോൾ സുഗത പറഞ്ഞു:

''നമുക്ക് വളക്കച്ചവടക്കാരുടെ അടുത്തേക്ക് പോയാലോ അച്ഛാ...''

''വേല കാവിൽ കയറിയിട്ടു പോയാൽപ്പോരേ മോളെ...''

''ഇപ്പോൾ നോക്കിയാലേ, നല്ല വള കിട്ടൂ...'' മകൾ വാശിയില്ലാതെയാണ് പറഞ്ഞതെങ്കിലും മാഷ്ക്കത് ശരിയാണെന്നു തോന്നി. കടയിൽ വള തിരഞ്ഞ് മോൾക്ക് ഇഷ്ടപ്പെട്ടത് വാങ്ങിക്കൊടുത്ത് പൈസ കൊടുക്കാൻ തുടങ്ങുമ്പോഴും കടയ്ക്കു മുന്നിലെ തിരക്കിനിടയിലും പരിചിതമുള്ള ആ മുഖം മിന്നിമറയുന്നത് മാഷ് കണ്ടു. അതുകണ്ട് അവിടേക്ക് ചെന്നപ്പോൾ പക്ഷേ, ആളെ കണ്ടെത്താനായില്ല.

''നിനക്കെന്തെങ്കിലും വാങ്ങണോ...'' മാഷ് മകനോട് ചോദിച്ചു.

''എനിക്കെല്ലാം വാങ്ങണം...'' വിശാഖ് വാശിയിൽ പറഞ്ഞു.

''എന്തെല്ലാമാണ് വേണ്ടത്...'' മാഷ് അവന്റെ മോഹങ്ങളറിയാൻ വേണ്ടി ചോദിച്ചു.

''വാച്ച്, പീപ്പിളി, ബലൂൺ, ഓടക്കുഴൽ...'' അവൻ പൂരപ്പറമ്പിൽ കണ്ട കളിസാമാനങ്ങളെല്ലാം ആവശ്യപ്പെട്ടു.

''അതെല്ലാം നമുക്ക് പൂരം കഴിഞ്ഞ് പോവുമ്പോൾ വാങ്ങാം, അല്ലെങ്കിൽ എല്ലാം നാശമാവും...''

''വാങ്ങിത്തരണം...'' വിശാഖ് മര്യാദക്കാരനായി. രണ്ടു കുട്ടികളുടേയും തോളിൽ കൈയിട്ട് മാഷ് കാവിന്റെ മുറ്റത്തേക്കു നടക്കു



മ്പോൾ, ഐസുവണ്ടിക്കാരന്റെ മറവിൽ ആ പരിചിത മുഖം വീണ്ടും കണ്ടതായി മാഷ്ക്ക് തോന്നിയെങ്കിലും മാഷ് തെരഞ്ഞുപോവാൻ മെനക്കെട്ടില്ല. തിരക്കിലൂടെ നൂഴ്ന്നു കയറി കഷ്ടി, കുട്ടികൾക്ക് വേല കാണാൻ പറ്റുന്ന തരത്തിൽ ഇടം കിട്ടിയപ്പോൾ, മാഷ് അവരെ ആശ്വാസത്തോടെ ചേർത്തുനിർത്തി.

അപ്പോഴേക്കും, കാവിന്റെ മുറ്റത്ത് വേലകൾ സംഗമിച്ചു. നിറഭംഗിയുടേയും ഹർഷാരവങ്ങളുടേയും താളമേളങ്ങളുടെയും ആൾത്തിരക്കിന്റേയും ഭംഗി ആസ്വദിച്ച് ആ അച്ഛനും മക്കളും അങ്ങനെ നിൽക്കുമ്പോൾ ആ പൂരം ഉണ്ടായതു തന്നെ അവർക്കു വേണ്ടിയാണെന്നു തോന്നും.

അതിനിടെ, നെറ്റിപ്പട്ടം കെട്ടിയ ആനകൾക്കും വാദ്യക്കാർക്കുമിടയിലൂടെ, അലങ്കാര വിളക്കുകൾക്കിടയിലൂടെ അങ്ങേപ്പുറത്ത്, പരിചിതമായ രണ്ടു കണ്ണുകൾ മറ്റൊന്നും ശ്രദ്ധിക്കാതെ തന്നെത്തന്നെ നോക്കിനിൽക്കുന്നത് മാഷ് കണ്ടു. ഈ പൂരക്കോലാഹലത്തിലൊന്നും ശ്രദ്ധിക്കാതെ തന്നെ മാത്രം നോക്കി നിൽക്കുന്ന ആ കുഞ്ഞിക്കണ്ണുകളെ മാഷ്ക്ക് തിരിച്ചറിയാനായില്ല. വേല കാവിനെ വലത്തിട്ടു തുടങ്ങിയപ്പോൾ, വിശാഖിനു വേണ്ടതെല്ലാം വാങ്ങിക്കൊടുക്കാൻ വേണ്ടി അവർ പൂരപ്പറമ്പിലേക്കു നടന്നു. അതിനിടയിലും പിന്നെ, ഹൽവയും പൊരിയും മുറുക്കും വാങ്ങുന്നിടത്തുമെല്ലാം, ആ പരിചിതമായ സാന്നിധ്യം അവരെ പിന്തുടരുന്നുണ്ടായിരുന്നെന്ന്, വാങ്ങിയ സാധനങ്ങളെല്ലാം ഇരു കൈയിലും പിടിച്ച്, മക്കളെ ചേർത്തു നടത്തിക്കൊണ്ട് അകലെ, തിരക്കിൽ നിന്നു മാറ്റിനിർത്തിയിരുന്ന സ്ക്കൂട്ടറിനടുത്തേക്ക് നടക്കുമ്പോഴും മാഷ്ക്ക് അറിയാമായിരുന്നു.

സ്കൂട്ടറിന്റെ ഹാന്റിലുകളിൽ കുട്ടികളുടെ കളിസാമാനങ്ങൾ തൂക്കി, തീറ്റ സാധനങ്ങൾ സാധാരണപോലെ കൊളുത്തിൽ തൂക്കി, മാഷ് വണ്ടിയിൽ കയറി, മക്കളെ പിന്നിലിരുത്തി സ്റ്റാർട്ടാക്കാനൊരുമ്പെടുമ്പോൾ, അതുവരെ മാഷെത്തേടിനടന്ന കണ്ണുകൾ ഇരുട്ടിൽ നിന്നും പുറത്തേക്കു വന്നു. അത് തന്റെ ക്ലാസിലെ മിഥുനാണെന്ന് മാഷ്ക്ക് മനസ്സിലായി.

“എന്താ മിഥുനെ, ഞങ്ങളുടെ പിറകേ...?” മാഷവനെ അടുത്തേക്കു വിളിച്ചുവരുത്തിക്കൊണ്ട് ചോദിച്ചു.

“എനിക്കൊരു രണ്ട് രൂപ തരുമോ സാർ...?”

“നിനക്കെന്തിനാ രണ്ട് രൂപ...”

“അനിയത്തിക്കൊരു ബലൂണു വാങ്ങാനാ സാർ...”

പോക്കറ്റിൽ നിന്നും പേഴ്സെടുക്കുമ്പോൾ, മാഷ്ടെ നിറഞ്ഞ കണ്ണുകളിൽ പൂരക്കാവിലെ വെളിച്ചം തിളങ്ങി.

കവിത

# പോരുന്നോ?

## ധന്യാലയം പ്രമോദ്

എന്റെ വീടിനു മതിലില്ല
മുറ്റം നിറയെ ചെടിയുണ്ട്
ചെടിയിൽ നിറയെ പൂവുണ്ട്
പൂവിൽ നിറയെ തേനുണ്ട്
തേനുണ്ണാനായ് വണ്ടുണ്ട്
വണ്ടുകൾ പാറിനടക്കുന്നു
കൂടെക്കളിക്കാൻ പോരുന്നോ?
തൊടിയിൽ നിറയെ മാവുണ്ട്
ചില്ലകളിൽ മാമ്പഴമുണ്ട്
അണ്ണാറക്കണ്ണൻ കൂട്ടുണ്ട്
മാമ്പഴമുണ്ണാൻ പോരുന്നോ?



വര:സചീന്ദ്രൻ കാറഡുക്ക

# തോരാത്ത മഴയോർമ്മ

**ഇ ജിനൻ**



വര: ഗോപു പട്ടിത്തറ

നടുറോട്ടിലൂടെ
നടക്കേ,
പൊടുന്നനെ
മഴവന്നു പെട പെട
പെയ്തു.
നൊടിയിട
കൊണ്ടു
ചൊടിച്ച മഴയെന്റെ
ഇടനെഞ്ചിൽ
തുടി കൊട്ടി നിന്നു.
കുട ചൂടി മഴയത്ത്
കൂടേ നടന്നാരോ
കുടമേലേ
കുടയുന്ന പോലെ .
കുടു കുടു പണ്ട്
കളിച്ച കളത്തിന്റെ
നടുവിൽ
കുടുങ്ങിയ പോലെ .
മരം കൊത്തി-
ക്കിളി കൊട്ടി-
പ്പാടുന്ന പാട്ടിന്റെ-
യിടയിലായ്
പെട്ടതു പോലെ.
ഇടവഴി കേറി വ-
ന്നെത്തിയ
ചിടു കാറ്റിൻ
ചിറകടി
കേൾക്കുന്ന പോലെ.
കുട ചൂടിയിങ്ങനെ
നട കൊൾകെ
സ്മരണകൾ
കുട നീർത്തി-
യെത്തുന്ന പോലെ.
ഇടവിട്ടു മഴ ചാറ്റും
പെടയൊച്ച
പുരമേലെ
ചരലുകൾ ചിതറുന്ന
പോലെ.
പുരയിലടുക്കള-
പ്പുകയിൽ
കറിക്കാരോ
കടുകു പൊട്ടിക്കുന്ന
പോലെ.
തോരാത്ത
മഴയിൽ ഞാനെത്തി-
ടുമ്പോളമ്മ
തലതോർത്തു
മോർമ്മയാണിപ്പോൾ.

# മഴയുടെ താളം

**കെ സി അലി ഇക്ബാൽ**

സാധാരണ ഗതിയിൽ കുട്ടിക്കാലത്തെ മഴയനുഭവങ്ങൾ ഏറെയും സന്തോഷകരം തന്നെ. മഴ മൂലം ദുരിതത്തിലാകുന്ന നിരവധിപേരുണ്ടെന്നത് ശരി. എനിക്കാണെങ്കിൽ കാരണമേതുമില്ലാത്ത ദു:ഖത്തിനും ചിലപ്പോൾ മഴ ഹേതുവായിട്ടുണ്ട്. എന്റെ ബാല്യത്തിനാണെങ്കിൽ രണ്ടു ഘട്ടമുണ്ട്. ഒന്നാം ഘട്ടം സമൃദ്ധിയുടെതാണ്. അക്കാലത്ത് അധികമാർക്കുമില്ലാതിരുന്ന പുള്ളിക്കുടയും മഴക്കോട്ടുമൊക്കെ സ്വന്തമായുണ്ടായിരുന്ന കാലം. വില്ലൊടിഞ്ഞ കുടയും ഉണങ്ങികിട്ടാത്ത കുപ്പായവുമിട്ട് സ്കൂളിലെത്തേണ്ടി വന്നത് അതേ ബാല്യത്തിന്റെ രണ്ടാം പാതിയിലാണ്. ഇടവപ്പാതിയോടെയാണ് മഴ കരുത്താകുക. പലയിടത്തും കൊച്ചുവെള്ളച്ചാട്ടങ്ങൾ പെട്ടെന്ന് രൂപം കൊള്ളും.

വറുതിയും മഴയും തിമിർത്താടിയ ചില വേളകളിൽ മഴക്കാലങ്ങൾ ആസ്വദിക്കാനാകാതെ പോയിട്ടുണ്ട്. എന്നിട്ടും പ്രകൃതിയുടെ ജീവതാളം എന്നതിനേക്കാൾ മഴയെ ജീവിതത്തോട് ഞാൻ ചേർത്ത് നിർത്തുന്നു. ദുരിതപ്പകപ്പുകളേക്കാൾ ബാല്യകാല കളികളിലേക്ക് മഴയെ എങ്ങനെ കണ്ണിചേർക്കാം എന്നതായിരുന്നു അക്കാലത്തെ പരിഗണന.



തലേന്നത്തെ മഴപ്പെയ്ത്തിന്റെ ബാക്കിയായി ഇടവഴികളിൽ കെട്ടിനിൽക്കുന്ന ചെളിവെള്ളത്തിൽ ആഞ്ഞു ചാടിയും ശീമക്കൊന്ന വടിയുണ്ടാക്കി ചെളിവെള്ളത്തിലടിച്ചു തെറിപ്പിച്ചും രസിക്കുക എന്നത് അന്നത്തെ എന്റെ പ്രായത്തിലുള്ള എല്ലാവരും ചെയ്തു പോന്നതാണ്. ഏറെ ആഹ്ലാദം തരുന്നതാണെങ്കിലും സ്വന്തം കുപ്പായത്തിലും മിക്കപ്പോഴും മറ്റുള്ളവരുടേതിലും ചെളി തെറിച്ച് വൃത്തികേടാകും എന്ന തീരെ നിസ്സാരമല്ലാത്ത ദൂഷ്യമുണ്ടതിന്. അടിയോടുകൂടിയ ശകാരമോ അടികൂടാതെയുള്ള ഗുണദോഷമോ ഒക്കെയായി അന്നതവസാനിക്കുമെങ്കിലും പിറ്റേന്നും കെട്ടി നിൽക്കുന്ന ചെളിവെള്ളം എന്നെയൊന്ന് ചാടിത്തെറിപ്പിക്കൂ എന്ന് മാടി വിളിക്കും. ഒടുക്കം വെള്ളം വറ്റിവറ്റി ഒരു ചെറുകുഴിയിൽ മാത്രമായി അവശേഷിക്കും വരെ ഈ കളി തുടരും.

മറ്റൊന്ന് പരന്ന കല്ലോ മറ്റെന്തെങ്കിലും പരന്ന വസ്തുക്കളോ വെള്ളത്തിന്റെ ഉപരിതലത്തിലൂടെ തെന്നിത്തെന്നി പറപ്പിക്കലാണ്. വൈദഗ്ധ്യത്തോടെ എറിഞ്ഞാൽ ജലോപരിതലത്തിലൂടെ അഞ്ചോ ആറോ തവണ തെന്നിത്തെന്നി അത് മുന്നോട്ടു പോകും. ചെങ്കല്ല് വെട്ടിയെടുത്തുണ്ടായ കല്ലുവെട്ടാംകുഴികളിൽ വെള്ളം കെട്ടിനിൽക്കുന്നത് അക്കാലത്ത് എന്നെപ്പോലുള്ളവരുടെ കുളമായിരുന്നു. വലിയ തറവാടുകളിൽ കുളങ്ങളുണ്ടാകുമെങ്കിലും കല്ലുവെട്ടാംകുഴിയിലെ കുതൂഹലങ്ങളവിടെയില്ലാത്തതിനാൽ അവർക്കും പ്രിയമിതുതന്നെ. മറ്റു ചിലർക്ക് അമ്പലക്കുളമുണ്ട്.

കല്ലുവെട്ടുകുഴികളിലെ നീരാടൽ മറക്കാനാകാത്ത ഒട്ടേറെ

അനുഭവങ്ങൾ തന്നിട്ടുണ്ട്. വെട്ടിയിട്ട വാഴ വെള്ളത്തിൽ തള്ളിയിട്ട് അതിലേറി മറിഞ്ഞതും തോട്ടിൽ തോർത്തുമുണ്ടോ പെൺകുട്ടികളുടെ തട്ടമോ രണ്ടറ്റവും പിടിച്ചുതാഴ്ത്തി മീൻപിടിക്കുന്നതും ഓർമ്മകളിൽ തെളിക്കുന്ന നിറപൂത്തിരികൾ ഒരുവട്ടം കൂടി അതിലൂടെ സഞ്ചരിക്കാൻ കൊതികൂട്ടുന്നു.

കോരിച്ചൊരിയുന്ന മഴപ്പെയ്ത്ത് കാലത്താണ് 'ഏറ്റുമീൻ'കയറുക. രാത്രിയായാൽ ഏറ്റുമീൻ പിടിക്കാൻ പ്രായഭേദമന്യേ ധാരാളം ആളുകൾ പാട വരമ്പിലെത്തും. ഏറ്റുമീൻ ധാരാളം കയറിയാൽ മീൻ വിറ്റ് പണം കിട്ടുമായിരുന്നു. പക്ഷേ അതിനേക്കാൾ അതൊരു വിനോദോപാധിയായി കാണാനായിരുന്നു ഏറെ താത്പര്യം. നേരം പുലരും വരെ പാടം മുഴുവൻ പെട്രോമാക്സും മടവാളുമായി മീൻപിടുത്തം തകൃതിയായി നടക്കും.

**കല്ലുവെട്ടുകുഴികളിൽ വാഴ വെള്ളത്തിൽ തള്ളിയിട്ട് അതിലേറി മറിഞ്ഞതും തോട്ടിൽ തോർത്തുമുണ്ടോ പെൺകുട്ടികളുടെ തട്ടമോ രണ്ടറ്റവും പിടിച്ചുതാഴ്ത്തി മീൻപിടിക്കുന്നതും ഓർമ്മകളിൽ തെളിക്കുന്ന നിറപൂത്തിരികൾ ഒരുവട്ടം കൂടി അതിലൂടെ സഞ്ചരിക്കാൻ കൊതികൂട്ടുന്നു.**

പണ്ടത്തെയത്ര വീറോടെയല്ലെങ്കിലും ഇന്നും കുറെ പേർ ഏറ്റുമീൻ പിടുത്തക്കാരായുണ്ട്. കണ്ണൻ(ബ്രാൽ), കടു തുടങ്ങിയ മീനുകളാണ് അധികമായും കിട്ടുക. ഒറ്റാൽ വരമ്പിലെ വെള്ളച്ചാലുകളിൽ വച്ച് മീൻ പിടിക്കുന്ന രീതിയുമുണ്ട്. മഴ കൊള്ളാതിരിക്കാൻ തൊപ്പിക്കുടയാണ് ആണുങ്ങൾ തലയിൽ വയ്ക്കുക. തലയിൽ വച്ചുകഴിഞ്ഞാൽ കൈകൾ സ്വതന്ത്രമായി എന്നതാണ് തൊപ്പിക്കുടയുടെ ഗുണം. പെണ്ണുങ്ങൾക്ക് കുണ്ടൻ കുട എന്നു പേരുള്ള മറ്റൊരുതരം കുടയാണ്.

കൃഷിയിറക്കാൻ പാടങ്ങൾ ഒരുക്കുന്നത് മഴക്കാലത്തെ മറ്റൊരു കാഴ്ചയാണ്. പാടവരമ്പ് ചെത്തിയൊരുക്കി ചേറും ചെളിയും തേച്ച് മിനുക്കി മിനുക്കിയെടുക്കുന്ന, കരിയും (കലപ്പ) നുകവും വച്ച കാളകളെ കൊണ്ട് നിലമുഴുന്ന, വെറും ഒറ്റത്തോർത്തുടുത്ത കൃഷിക്കാരനെ പാടങ്ങളിലെവിടെയെങ്കിലും ഇന്ന് കാണാനുണ്ടോ? മഴവിട്ട് വയലിൽ വെള്ളം കുറഞ്ഞാൽ ശരണം തേക്കുകൊട്ടയാണ്. തേവിയെടുത്ത വെള്ളം ചാലിലൂടെ ഒഴുക്കിവിട്ട് വയൽ നിറച്ചിട്ടും വയർ നിറയാതെ പോയ



വര: എ കെ ഗോപീദാസ്

വർ ദാരിദ്ര്യത്തിന്റെ ദൈന്യതയും പേറി എങ്ങോ മറഞ്ഞു.

സ്കൂളിലേക്ക് നടന്നിരുന്ന അന്നത്തെ പാടവരമ്പ് ഇപ്പോൾ വാഹനങ്ങൾ ചീറിപ്പായുന്ന വീതികൂടിയ റോഡാണ്. പാടത്തിന്റെ പകുതിയും മണ്ണിട്ടു നികത്തി വീടുകളും കടകളും പണിതിരിക്കുന്നു. അവശേഷിക്കുന്ന പാടത്ത് വാഴയോ തെങ്ങോ വച്ച് മാറ്റിയെടുക്കുകയാണ്.

പറഞ്ഞുവന്നത് മഴയെക്കുറിച്ചാണ്. മഴയുടെ പല പല ഭാവങ്ങൾ കണ്ണിലും മനസ്സിലും നിറയ്ക്കുന്ന വികാര വിചാരങ്ങളെക്കുറിച്ചാണ്. ചാഞ്ഞു പെയ്യുന്ന മഴയും തുള്ളിത്തകർക്കുന്ന മഴയും ചന്നം പിന്നം ചിണുങ്ങിപ്പെയ്യുന്ന മഴയും എന്തെന്ത് കൗതുകങ്ങളാണ് മനസിലുണർത്തുന്നത്! ബാല്യകാലത്തെ മഴയോർമ്മകൾക്കൊപ്പം കണ്ണീർമഴയെ ചേർത്തുവയ്ക്കുമ്പോഴും, ജനാലയിലൂടെ മഴപ്പെയ്ത്ത് കാണുമ്പോഴും ഞാനൊരു കുട്ടിയാവാറുണ്ട്. അന്നൊക്കെ സ്കൂൾ തുറപ്പിന് സ്വാഗതമെന്ന പോലെ പെയ്യുന്ന മഴക്കാലം മാത്രമേ അറിയുമായിരുന്നുള്ളൂ. പിന്നെയും മുതിർന്നപ്പോഴാണ് ചിങ്ങം, കന്നി, തുലാം, ധനു, കുംഭം, ഇടവം, കർക്കിടകം തുടങ്ങിയ മാസങ്ങളിലെല്ലാം പല രൂപത്തിലും ഭാവത്തിലും മഴയെത്താറുണ്ടെന്ന് മനസിലായത്. മഴയും വെയിലും ഒന്നിച്ചു വന്നാൽ കുറുക്കന്റെ കല്യാണമാണെന്ന് കൂട്ടുകാർ പറയുമ്പോൾ ശരിയായിരിക്കുമെന്ന് കരുതി. പക്ഷേ, ഒരിടത്തും കുറുക്കന്റെ കല്യാണം കണ്ടില്ല. ആകാശത്ത് ഏഴു നിറത്തിൽ വിരിഞ്ഞു നിൽക്കുന്ന മഴവില്ലു കാണാൻ കൊതിയോടെ കാത്തുനിന്ന കുട്ടിയിൽ നിന്നും മഴവില്ലുണ്ടാകുന്നതെങ്ങനെ എന്ന് കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകനിലേക്കുള്ള വളർച്ചയിലും ഞാൻ പെരുമഴക്കാലം സ്വപ്നം കാണാറുണ്ട്. അതെന്നെ നനച്ച് കടന്നുപോകാറുണ്ട്. ചിലപ്പോൾ തോരാത്ത മഴയും കത്തിക്കാളുന്ന വിശപ്പും ഈ മാരിക്കുറിപ്പിനെ ഒന്നങ്ങോട്ട് കെട്ടിയെടുത്തൂടെ എന്ന് ചോദിക്കേണ്ട അവസ്ഥയുമുണ്ടാക്കിയിട്ടുണ്ട്. എന്നിട്ടും കടുത്ത വേനലിനെ നനച്ച് കുളിര് കോരിയിട്ട് ഇടിയും മിന്നലും വിതച്ച് വിറപ്പിച്ച് മഴ വരുന്നത് അന്നുമിന്നും ആഹ്ലാദതുടികൊട്ടുണ്ടാക്കുന്നു.



കവിത (ഒറ്റശ്വാസത്തിൽ ചൊല്ലാൻ)

# മിഴാവ്

## ആനന്ദൻ ചെറായി

തക്കിട്ട-ധിക്കതക്ക
തരികിട-തക്കിട-കിടതകി
തരികിട-കിടതകി
മുന്നിലിരിക്കും വൻകുടമൊന്നിൻ
വായപൊതിഞ്ഞൊരു തോൽവൃത്തത്തിൽ
കൈവിരലുകളുടെ
കുടമണിയുടനടി
മുട്ടിത്തട്ടിപ്പാടീടുമ്പോൾ
ചാക്യാർക്കൂത്തിന് താളംകൊട്ടി
കുഞ്ചൻ മിഴികളിലോട്ടം തുള്ളിയൊ-
രഞ്ചിതവാദ്യ വിശേഷ ശ്രുതിയുടെ
മഴപൊഴിയുന്നു മിഴാവിൽക്കൂടി
തക്കിട-ധിക്കതക്ക
തരികിട-തക്കിട-കിടതകി
തരികിട-കിടതകി



വര:ആശ ആർ

ഉണ്ടാക്കാം

# കടലാസുപൂക്കൾ


അരവിന്ദ് ഗുപ്ത
ഡിസൈൻ : K V Potdar

പല നിറങ്ങളിലുള്ള വർണക്കടലാസുകൾ ഉപയോഗിച്ച് മനോഹരങ്ങളായ കടലാസുപൂക്കൾ ഉണ്ടാക്കിയാലോ...?




**ആവശ്യമുള്ള സാധനങ്ങൾ**


- ചതുരാകൃതിയിൽ മുറിച്ചെടുത്ത വർണക്കടലാസ് (വിവിധ വലിപ്പത്തിലുള്ളത്)
- വളവുള്ള സ്ട്രോ
- ബട്ടണുകൾ
- കത്രിക
- പശ



1 വ്യത്യസ്ത ആകൃതിയിൽ വർണക്കടലാസിനെ മുറിച്ചെടുക്കുക.



2 മുകളിൽ കാണിച്ചിരിക്കുന്നപ്രകാരം കടലാസിനെ മടക്കുക.



3 മടക്കിയ കടലാസിനെ ഇപ്രകാരം മുറിക്കുക.




4 മുകളിൽ കാണിച്ചിരിക്കുന്ന രീതിയിൽ പേപ്പറിൽ മാർക്ക് ചെയ്തതിനുശേഷം ആ ഭാഗം മുറിച്ചുകളയുക.



5 ഇങ്ങനെ വ്യത്യസ്ത വലിപ്പത്തിലുള്ള പൂക്കളെ മുറിച്ചെടുക്കുക.



6 പശ ഉപയോഗിച്ച് ഈ കാണുന്ന രീതിയിൽ പൂക്കളെ ഒട്ടിച്ച് അകത്തായി ഒരു ബട്ടൺ ഒട്ടിച്ചുവയ്ക്കുക.



7 ഒരു സ്ട്രോയുടെ വളവുള്ള അഗ്രഭാഗം ഈ രീതിയിൽ മുറിച്ച് പശ പുരട്ടുക. സ്ട്രോയുടെ അറ്റത്ത് പൂവിനെ ഒട്ടിച്ചുവയ്ക്കുക.



8 ഇങ്ങനെ വിവിധ നിറത്തിലുള്ള മനോഹരങ്ങളായ പൂക്കൾ ഉണ്ടാക്കി അലങ്കരിക്കാവുന്നതാണ്.

# ആയുർവേദത്തിന്റെ കെടാവിളക്ക്

പായിപ്ര രാധാകൃഷ്ണൻ

ശ്രീബുദ്ധന്റെ വൈദ്യനും എക്കാലത്തെയും മഹാവൈദ്യനുമായ ജീവകന്റെ കഥ.

ഒരു പുലർവേളയിൽ പാടലീപുത്രം കൊട്ടാരത്തിന്റെ ഗോപുരദ്വാരത്തിൽ തേജസ്വിയായ ഒരു ശിശുവിനെ കാണായി. ആരോ ഉപേക്ഷിച്ചു പോയതാണ്. രാജകുമാരൻ ആ ശിശുവിനെ എടുത്ത് കൊട്ടാരത്തിലേക്കു കൊണ്ടുപോയി വളർത്തുവാൻ ഏർപ്പാടു ചെയ്തു. മരിക്കാറായ ആ കുഞ്ഞ് ജീവിതത്തിലേക്ക് മടങ്ങിയെത്തിയതുകൊണ്ട് ജീവകൻ എന്ന് നാമകരണവും ചെയ്തു.

കൊട്ടാരത്തിൽ വളർന്ന ജീവകന് തന്റെ കൗമാരകാലത്തുതന്നെ താൻ അനാഥനാണെന്ന് തിരിച്ചറിയാനായി. പഠിച്ച് ഭാവിജീവിതം രൂപപ്പെടുത്താമെന്ന വിചാരത്തിൽ ആ കുട്ടി കൊട്ടാരം വിട്ടിറങ്ങി. അക്കാലത്തെ ഏറ്റവും വലിയ വിദ്യാകേന്ദ്രം 2500 മൈൽ അകലെയുള്ള തക്ഷശിലയാണ്. ജീവകൻ കാൽനടയായി അങ്ങോട്ടു പുറപ്പെട്ടു. വർഷങ്ങൾ യാത്രചെയ്താണ് തക്ഷശിലയിലെത്തുന്നത്. തക്ഷശിലയിലെ പ്രവേശനത്തിന് ഹാജരായ ജീവകൻ താൻ അനാഥനാണെന്നും ഫീസടയ്ക്കാൻ വകയില്ലെന്നും തുറന്നുപറഞ്ഞു. ഫീസിനുപകരം പണിയെടുത്തുകൊള്ളാമെന്ന വ്യവസ്ഥയിൽ അവിടെ പ്രവേശനം കിട്ടി. കുറഞ്ഞ സമയത്തിനുള്ളിൽ ത്തന്നെ ഏറ്റവും സമർഥനായ വിദ്യാർഥിയായിത്തീർന്ന ജീവക്കനെ ഗുരുവായ ആത്രേയ മഹർഷി പലവിധ പരീക്ഷകൾക്കും വിധേയനാക്കി.

ഒരുദിവസം ചന്തയിൽപ്പോയി മരുന്നുകളുടെ വിലവിവരം അന്വേഷിച്ചുവരുവാൻ ശിഷ്യരോടു ഗുരു നിർദേശിച്ചു.



വര: ഗോപു പട്ടിത്തറ

# പൂക്കൾ

**മടവൂർ സുരേന്ദ്രൻ**



പൂന്തോട്ടത്തിലെന്തെല്ലാം...?
പലനിറമുള്ളൊരു വർണങ്ങൾ
പകലോൻ പോറ്റിവളർത്തുന്നു
പലഭാവത്തിൽ വിരിയുന്നു.
പകലൊരു ജന്മം പൂക്കൾക്ക്
പതിവായൊന്നു ചിരിച്ചീടാൻ
കാറ്റിൻ കൈകളിലാടീടാൻ
കാറ്റത്തൊന്നു പൊഴിഞ്ഞീടാൻ
കണ്ടോ കണ്ടോ ചാഞ്ചാട്ടം
കണ്ടാൽ കണ്ണിനു കളിയാട്ടം!

വര:ഈശ്വരൻ നമ്പൂതിരി

ഓരോരുത്തർക്കും ഓരോ മരുന്ന് നിർദേശിച്ചു. മടങ്ങിവന്ന ശിഷ്യർ തങ്ങളോട് പറഞ്ഞേൽപ്പിച്ച മരുന്നിന്റെ വിലവിവരം അറിയിച്ചു. ജീവകനാകട്ടെ മറ്റു മരുന്നുകളുടെ വിലവിവരം കൂടി ശേഖരിച്ചിരുന്നു. ഇതേക്കുറിച്ച് തിരക്കിയ ഗുരുവിനോട് ഒരു മരുന്നു മാത്രമായി രോഗിക്കു നൽകാനാവില്ലെന്നും മറ്റുള്ളവയെക്കുറിച്ചുള്ള ധാരണ കൂടി അത്യാവശ്യമാണെന്നും ജീവകൻ പറഞ്ഞു. പഠനം പൂർത്തിയാക്കിയ ജീവകനു ഗുരുദക്ഷിണ നൽകാനുള്ള നിവൃത്തിയുണ്ടായിരുന്നില്ല. മടക്കയാത്രയ്ക്കാവശ്യമായ പണം ഗുരു തന്നെ ജീവകനു നൽകി. ദീർഘമായ മടക്കയാത്രയിൽ പാതിവഴിയിൽ പണം തീർന്നു. അപ്പോഴേക്കും ആഗ്രയിൽ എത്തിയിരുന്നു. ധനികവ്യാപാരികളുടെ നാടായിരുന്നു അത്. ചികിത്സ ആവശ്യമുള്ളവരെ തേടി ജീവകൻ പലരേയും സമീപിച്ചു. രോഗം ഭേദമാക്കിയാൽ പ്രതിഫലം എന്ന വ്യവസ്ഥയിൽ ഒരു ധനികവ്യാപാരിയുടെ ഭാര്യയുടെ ചികിത്സ ഏറ്റെടുത്തു. അവരുടെ രോഗം മാറിയതോടെ തക്ഷശിലയിൽ നിന്നും വന്ന ചികിത്സകൻ പ്രശസ്തനായി. ജീവകന് സ്വർണക്കിഴി സമ്മാനമായി നൽകി. മടക്കയാത്രയ്ക്കുള്ള രഥവും ഒരുക്കിക്കൊടുത്തു അവർ.

പാടലീപുത്രത്തിൽ മടങ്ങിയെത്തിയ ജീവകൻ ബുദ്ധന്റെയും ബിംബിസാര ചക്രവർത്തിയുടെയും വൈദ്യനായി. കൊട്ടാരം വൈദ്യനായതിനാൽ പുറമെയുള്ള ചികിത്സയ്ക്ക് ചക്രവർത്തിയുടെ അനുവാദം ആവശ്യമായിരുന്നു. ഇത്തരം ചികിത്സകളിൽ നിന്നുകിട്ടുന്ന ധനം ബുദ്ധന് സമർപ്പിക്കുകയാണ് പതിവ്. അക്കാലത്ത് ജീവകന് കാശിയിലെ ഒരു ധനിക പ്രമാണിയെ ചികിത്സിക്കുവാൻ ക്ഷണം കിട്ടി. രോഗിയുടെ തലയോട്ടി തുറന്ന് മൂന്നു കൃമികളെ പുറത്തെടുത്ത് രോഗം ഭേദമാക്കിയെന്ന് കഥകളിൽ പറയുന്നു. ഇതിന് ആയുർവേദ ചരിത്രത്തിലും വലിയ പ്രാധാന്യമുണ്ട്. ആയുർവേദത്തിൽ ശസ്ത്രക്രിയയെപ്പറ്റി വിവരിക്കുന്ന സുശ്രുത സംഹിതയിൽ തലച്ചോറിലെ ശസ്ത്രക്രിയയെക്കുറിച്ച് പരാമർശമില്ല. സുശ്രുതനു ശേഷമാണ് ജീവകന്റെ കാലം എന്നതാണിതിനു കാരണം.

ബുദ്ധന്റെ വൈദ്യനായിരുന്നുവെങ്കിലും അന്ത്യവേളയിൽ ബുദ്ധനെ പരിചരിക്കുവാൻ ജീവകനു കഴിഞ്ഞില്ല. ബുദ്ധൻ രോഗബാധിതനായപ്പോൾ ജീവകൻ സ്ഥലത്തുണ്ടായിരുന്നില്ല. ഒരു ഇരുമ്പുപണിക്കാരന്റെ വീട്ടിൽ നിന്നാണ് ബുദ്ധൻ അവസാനമായി ഭക്ഷണം കഴിക്കുന്നത്. തുടർന്ന് രോഗാതുരനായ ബുദ്ധൻ നിർവാണം പ്രാപിക്കുകയും ചെയ്തു. ബുദ്ധഭഗവാന്റെ വൈദ്യനെന്ന നിലയിലും ആയുർവേദത്തിന്റെ കെടാവിളക്കായും മഹാവൈദ്യനായും കാലം ജീവകനെ കാത്തുപോരുന്നു.

# പാഠം

പട്ടണക്കാട് അബ്ദുൾ ഖാദർ



വര: സചീന്ദ്രൻ കാറഡുക്ക

ഉമർ (എ ഡി 634–644) ഖലീഫയായിരിക്കുന്ന കാലത്ത് നടന്ന സംഭവമാണ്. അക്കാലത്ത് മദീനയിലെ ഒരു പ്രമുഖ വ്യക്തിയായിരുന്നു അബുദർറ് . മുഹമ്മദ് നബിയുടെ അനുയായി. ഒരിക്കൽ രണ്ടുപേർ തമ്മിൽ തർക്കമുണ്ടായി. അത് സംഘർഷത്തിലെത്തി. ഒരാൾക്ക് കുത്തേറ്റു. താമസിയാതെ അയാൾ മരണപ്പെട്ടു. പരേതന്റെ ഭാര്യയും മക്കളും ദുഃഖിതരായി. അവർ ന്യായാധിപനു പരാതി കൊടുത്തു. സേവകർ പ്രതിയെ ന്യായാധിപനു മുന്നിൽ ഹാജരാക്കി. വിസ്താരം നടന്നു. പ്രതി കുറ്റം സമ്മതിച്ചു. ന്യായാധിപൻ പ്രതിക്ക് വധശിക്ഷ വിധിച്ചു. പ്രതി തേങ്ങിക്കരഞ്ഞു.

''പരേതന്റെ ഭാര്യയും മക്കളും മാപ്പുനൽകിയാൽ നിങ്ങളെ ശിക്ഷയിൽ നിന്ന് ഒഴിവാക്കാം.'' ന്യായാധിപൻ അറിയിച്ചു.

പ്രതി പരേതന്റെ ഭാര്യയേയും മക്കളേയും കണ്ട് മാപ്പപേക്ഷിച്ചു. മാപ്പു കൊടുക്കുവാൻ അവർ തയ്യാറായില്ല. വധശിക്ഷ ഉറപ്പായി. പ്രതി അങ്കലാപ്പിലായി.

''അവസാനമായി എന്തെങ്കിലും ആഗ്രഹമുണ്ടോ?'' ന്യായാധിപൻ ചോദിച്ചു

''പരദേശത്തുള്ള എന്റെ ബീവിയേയും കുഞ്ഞിനേയും ഒരുനോക്കു കാണണം.'' പ്രതി പറഞ്ഞു.

''അനുവദിച്ചിരിക്കുന്നു. ഒരാഴ്ചയ്ക്കുള്ളിൽ മടങ്ങിയെത്തണം. ഒരാളുടെ ജാമ്യം നിർബന്ധമാണ്.''

ന്യായാധിപൻ പറഞ്ഞു. പ്രതിക്ക് സന്തോഷമായി. എന്നാൽ ജാമ്യം നിൽക്കുവാൻ ആരുമുണ്ടായില്ല. സങ്കടത്തോടെ പ്രതി ന്യായാധിപനെ നോക്കി നിൽപ്പായി.

പ്രതിയുടെ സങ്കടം അബുദർറ് അറിയുവാനിടയായി. അദ്ദേഹം കോടതിയിലേക്കു വച്ചുപിടിച്ചു. ''ചെറുപ്പക്കാരനായ ഈ പ്രതിക്കുവേണ്ടി ജാമ്യം നിൽക്കുവാൻ ഞാൻ തയ്യാറാണ്.''

അബുദർറ് ന്യായാധിപനുമുന്നിലെത്തി പറഞ്ഞു.

''പ്രതി മടങ്ങിയെത്തിയില്ലായെങ്കിൽ ശിക്ഷ താങ്കൾ ഏൽക്കേണ്ടിവരും. ഒന്നുകൂടി ആലോ

ചിച്ച് നോക്ക്.'' ന്യായാധിപൻ ഉപദേശിച്ചു.

''ബഹുമാനപ്പെട്ട കോടതി, ജീവിക്കുവാൻ തുടങ്ങിയ ഒരുത്തനുവേണ്ടി, ജീവിതം കുറേ കണ്ട ഈ വൃദ്ധൻ ഇതിനു തയ്യാറാണ്. ഇനി ആലോചിക്കുവാനൊന്നുമില്ല.'' അബുദർറ് ഉറച്ചു നിന്നു.

''താങ്കളുടെ ജാമ്യം അംഗീകരിച്ചിരിക്കുന്നു.'' ന്യായാധിപൻ പറഞ്ഞു.

യുവാവായ പ്രതി സ്വദേശത്തേക്കു പാഞ്ഞു. അനുവദിച്ച ദിവസങ്ങൾ കഴിഞ്ഞു. യുവാവ് മടങ്ങിവന്നില്ല. അബുദർറിനെ സേവകർ കൊലക്കളത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. വധശിക്ഷ കാണുവാൻ പരേതന്റെ കുടംബവും ബന്ധുക്കളും നേരത്തെ എത്തിച്ചേർന്നു. നാട്ടിലെ പ്രമുഖരും സന്നിഹിതരായി. അപ്പോൾ ഒരു കുതിര പാഞ്ഞു വന്നു. ഖലീഫ ഉമർ കുതിരപ്പുറത്തുനിന്ന് സാവധാനം ഇറങ്ങി കൊലക്കളത്തിലേക്കു നടന്നു. എല്ലാവരും ഉറ്റുനോക്കി നിൽക്കെ ആരാച്ചാർ വാളൂരി. മരണം മുന്നിൽക്കണ്ട അബുദർറ് ഒട്ടും കുലുങ്ങിയില്ല.

''പാവം അബുദർറ്! ഏതോ ഒരു പരദേശിക്കുവേണ്ടി ഇമ്മാതിരി ഒരു ത്യാഗം.''ജനം സഹതപിക്കാൻ തുടങ്ങി

''ശിക്ഷ നടപ്പാക്കല്ലേ!''

ദൂരെ നിന്ന് ആരോ വിളിച്ചുപറയുന്നു.എല്ലാവരും തിരിഞ്ഞുനോക്കി. അപ്പോൾ ഒരാൾ ഓടിക്കിതച്ചു വരുന്നു. അത് പ്രതിയായിരുന്നു – ആരാച്ചാർ വാൾ ഉറയിലിട്ടു. പ്രതി അബുദർറിനെ പിടിച്ചുമാറ്റി. എന്നിട്ട് കൊലക്കളത്തിൽ കയറിനിന്നു. ആദരണീയനായ അബുദർറ് രക്ഷപ്പെട്ടതിൽ എല്ലാവർക്കും ആശ്വാസമായി. അവർ ആരവം മുഴക്കി. 'ഹായ്! ഹായ്!'

''ബഹുമാന്യനായ അബുദർറ്, താങ്കൾ അറിയാത്ത ഈ പ്രതിക്കുവേണ്ടി എന്തിന് ജാമ്യം നിന്നു?'' ഖലീഫ ഉമർ മുന്നോട്ടു വന്നു ചോദിച്ചു.

''വിശ്വാസികളുടെ നേതാവേ, നാമെല്ലാം അല്ലാഹുവിന്റെ സൃഷ്ടികളാണ്. നമ്മൾ പരസ്പരം വിശ്വസിക്കുകയും സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യേണ്ടവരാണ്. ഇതിൽ സ്വദേശി പരദേശി, അറിയുന്നവൻ അറിയാത്തവൻ എന്നൊന്നും നോക്കേണ്ട കാര്യമില്ല. അതാണ് മുഹമ്മദ് നബി പഠിപ്പിച്ചിട്ടുള്ളത്!''

അബുദർറ് പറഞ്ഞു

''ഹേയ് യുവാവേ, രക്ഷപ്പെടുവാൻ നല്ലൊരവസരമുണ്ടായിട്ടും മരണം വരിക്കുവാൻ നീയെന്തിന് മടങ്ങിവന്നു?'' ഖലീഫ ഉമർ പ്രതിയോടു ചോദിച്ചു.

''വിശ്വാസികളുടെ നേതാവേ, പിതാവിൽ നിന്നു ചെറുപ്പത്തിലെ ഞാൻ പ്രവാചകനെപ്പറ്റി ധാരാളം കേട്ടിട്ടുണ്ട്. അതിലൊന്നാണ് വിശ്വസിക്കുന്നവരെ ചതിക്കരുത് എന്നുള്ളത്.'' പ്രതി പറഞ്ഞു.

''ശിക്ഷ നടക്കട്ടെ.''

ന്യായാധിപൻ ആജ്ഞാപിച്ചു. ആരാച്ചാർ വാളൂരി. പ്രതി തല കുനിച്ചു

ആ സമയം –

''അരുത്! പ്രതിയെ വധിക്കരുത്!'' പരേതന്റെ ഭാര്യ വിളിച്ചുപറഞ്ഞുകൊണ്ട് മുന്നോട്ടു വന്നു.

''വിട്ടുവീഴ്ചയ്ക്ക് ഇപ്പോൾ ഞങ്ങളും തയ്യാറാണ്. അതാണ് പ്രവാചകനിൽ നിന്ന് ഞങ്ങളും പഠിച്ചിരിക്കുന്നത്. പ്രതിക്കു ഞങ്ങൾ മാപ്പ് നൽകിയിരിക്കുന്നു.'' മാതാവിനെ പിൻപറ്റി വന്ന പരേതന്റെ മകൾ പറഞ്ഞു. ''അതേ ഞങ്ങളും മാപ്പു നൽകിയിരിക്കുന്നു.'' മറ്റ് മക്കളും അതംഗീകരിച്ചു.

''പ്രതി ശിക്ഷയിൽ നിന്ന് മോചിതനായിരിക്കുന്നു.''

ന്യായാധിപൻ പ്രഖ്യാപിച്ചു. എങ്ങും ഹർഷാരവം!



# മനു എന്ന മിടുക്കൻ

**ശങ്കു ചേർത്തല**

മനു പഠിക്കുന്നത് അഞ്ചാം ക്ലാസ്സിലാണ്. എന്നും പത്തുമണി കഴിഞ്ഞേ അവനു ക്ലാസ്സിൽ എത്താൻ കഴിയാറുള്ളൂ. ചെറിയ ഒരു ജോലി അവനുണ്ട്. പത്രവിതരണം. പത്തമ്പതുവീടുകളിൽ പത്രവിതരണം നടത്തി കുളിച്ച് മുത്തശ്ശി ആട്ടയിൽ ഉണ്ടാക്കിയ എന്തെങ്കിലും പലഹാരവും കഴിച്ചാണ് സ്കൂളിൽ ഓടിയെത്തുക. അപ്പോഴേക്കും ശിപായി ചെല്ലപ്പൻചേട്ടൻ മണിയെല്ലാം അടിച്ചുകഴിഞ്ഞിരിക്കും.

അസംബ്ലി ഉള്ള ദിവസങ്ങളിൽ ക്ലാസ്സിലെ ഏറ്റവും പിൻനിരയിൽ ഓടിക്കിതച്ച് അവൻ ചെന്നു നിൽക്കും. വസുമതി ടീച്ചർ കണ്ണുരുട്ടിയും പല്ലുകടിച്ചും താക്കീതു ചെയ്യുന്നതു കണ്ടില്ലെന്നു നടിക്കാനെ പറ്റൂ. ഹെഡ് മാസ്റ്ററുടെ കണ്ണിൽപ്പെട്ടാൽ അസംബ്ലി പിരിഞ്ഞുകഴിഞ്ഞ് താമസിച്ചെത്തിയവരെയെല്ലാം മാറ്റി നിർത്തി രണ്ട് പൂശ് ഉറപ്പാ. ഹെഡ്മാസ്റ്ററുടെ ചൂരൽ പ്രയോഗത്തിന്റെ ചൂടിനും വസുമതി ടീച്ചറുടെ തുറിച്ചുനോട്ടത്തിന്റെ കൂർത്ത മുനയ്ക്കും അവനെ വേദനിപ്പിക്കാനാവില്ല. അവൻ ഇടുന്ന വർത്തമാനപത്രത്തിൽ നിന്നാണ് അവർ ചൂടുവാർത്തകൾ അറിയുന്നത്. ഇരുകൂട്ടർക്കും ആ രഹസ്യം അറിയില്ല എന്നത് മനുവിന്റെ സ്വകാര്യസുഖമാണ്. അതിനേക്കാൾ പ്രധാനമാണ് ഈ ചെറിയ തൊഴിലിൽ നിന്നും കിട്ടുന്ന പ്രതിഫലം.

വയ്യാത്ത മുത്തശ്ശി അവനെ പൊന്നുപോലെ നോക്കുന്നു. ശ്വാസംമുട്ടും മുട്ടുവേദനയും കൊണ്ട് ബുദ്ധിമുട്ടുമ്പോഴും ഒന്നും അറിയിക്കാതെ വെളുപ്പിന് ഉണരും. ഒപ്പം അവനെ വിളിച്ചുണർത്തും. എണീറ്റ് മുഖത്ത് തണുത്തവെള്ളമൊ





വര: സചീന്ദ്രൻ കാറഡുക്ക

ഴിച്ചു വേഷം മാറി തയ്യാറാകുമ്പോഴേക്കും അടുപ്പിൽ തീ കൂട്ടി ചൂടു കട്ടൻ ഉണ്ടാക്കിക്കൊടുക്കും. കുടിപ്പിച്ചേ അവനെ വിടൂ. ടൗണിൽ അഞ്ചു മണിക്കു മുമ്പ് പത്രം ഏജന്റിന്റെ മുമ്പിൽ എത്തിയിരിക്കണം. അതിനായി അയാൾ തന്നെ ഒരു പഴയ സൈക്കിൾ തരപ്പെടുത്തി കൊടുത്തിട്ടുണ്ട്. നാലഞ്ചുതരത്തിലുള്ള പത്രങ്ങൾ, ആഴ്ചപ്പതിപ്പുകൾ ഇവയെല്ലാം ഇനം തിരിച്ച് അടുക്കി വെച്ചിരിക്കും സൈതാലിക്ക. തെറ്റാതെ വീടുകളിൽ പുലർച്ചയ്ക്കു മുമ്പേ എത്തിക്കണം. ആദ്യത്തെ ഒന്നുരണ്ടു ദിവസങ്ങളിൽ വീടുമാറി പത്രം കൊടുക്കേണ്ടി വന്നിട്ടുണ്ട്. പിറ്റേന്ന് സൈതാലിക്കയിൽ നിന്നു ശകാരവും കേട്ടിട്ടുണ്ട്. ഇപ്പോപ്പിന്നെ പരിചയമായി. ആ കുഴപ്പമില്ല. ആദ്യ ശമ്പളം കിട്ടിയ ദിവസം അവൻ ഓർക്കുന്നു. പത്രക്കെട്ട് ഏറ്റുവാങ്ങി പുറപ്പെടാൻ തുടങ്ങിയപ്പോൾ സൈതാലിക്ക പറഞ്ഞു. ''നിൽക്കു മോനെ അനക്ക് ശമ്പളം വേണ്ടേ?''

അവൻ തലകുനിച്ചു നിന്നു. ഗാന്ധിതലയുള്ള രണ്ടു നോട്ടുകൾ അവന്റെ കൈയിൽ കൊടുത്തിട്ടു പറഞ്ഞു.

''മോൻ ഇത് വല്യമ്മയുടെ കൈയിൽ കൊടുക്കണം.''

അത് ഏറ്റുവാങ്ങുമ്പോൾ കണ്ണുനിറഞ്ഞുപോയി. സങ്കടം കൊണ്ടല്ല സന്തോഷത്താൽ!

അഞ്ഞൂറിന്റെ നോട്ടുകൾ കുപ്പായക്കീശയിലിരുന്ന് ഇക്കിളിപ്പെടുത്തുന്നു. കേട്ടിട്ടുണ്ടെന്നല്ലാതെ ആദ്യമായാണ് അത്രയും വലിയ തുകയുടെ നോട്ടു കൈവശം കിട്ടുക.

പത്രവിതരണം കഴിഞ്ഞ് വീടിന്റെ ഉമ്മറത്തിണ്ണയിൽ തന്നെയും കാത്തിരിക്കുന്ന മുത്തശ്ശിയുടെ അടുത്തേക്ക് അവൻ ചെന്നു. ചുണ്ടിൽ തെളിഞ്ഞ പുഞ്ചിരി.

''എന്തേ സന്തോഷം...?''

''മുത്തശ്ശിയൊന്നു കണ്ണടച്ചേ?''

''ഉം... അടച്ചു.''

അവൻ കീശയിൽ നിന്നും നോട്ടെടുത്ത് അവരുടെ വലം കൈപിടിച്ചുവാങ്ങി അതിലേക്കു വച്ചുകൊടുത്തു.

''ഇനി കണ്ണു തുറന്നോ...''

അവർ കണ്ണുതുറന്നു നോക്കിയത് നോട്ടിലേക്ക്.

''ഇതെവിടുന്നാ...?''

''എന്റെ ശമ്പളം. സൈതാലിക്ക തന്നതാ''

''മോന്റെ അച്ഛന്റെ ചങ്ങാതിയായിരുന്നു സൈതാലി. സ്നേഹമുള്ളോനാ... മോൻ വെച്ചോ. സൈക്കിൾ ചവിട്ടികുഴഞ്ഞ കാശല്ലേ. കണ്ടമാനം കളയണ്ട.''

അന്നു സ്കൂൾ വിട്ടു വരുന്നവഴി പലചരക്കുകടയിൽ നിന്നും വീട്ടിലേക്കാവശ്യമുള്ള അരിയും പലവ്യഞ്ജനവും അവൻ വാങ്ങി. കേശവൻ വൈദ്യരുടെ വൈദ്യശാലയിൽ നിന്നും മുത്തശ്ശിക്ക് ശ്വാസം മുട്ടിനും വിമ്മിട്ടത്തിനുമുള്ള കഷായം വാങ്ങാനും മറന്നില്ല. വൈദ്യശാലയിൽ നിന്നും വെളിയിലേക്കിറങ്ങിയപ്പോൾ തൊട്ടു മുമ്പിൽ നിൽക്കുന്നു ഹെഡ്മാസ്റ്റർ!

''ആർക്കാടാ മരുന്ന്?'' അദ്ദേഹം കനത്തിൽ ചോദിച്ചു.

''മുത്തശ്ശിക്ക്...''

''ഉം''

അവൻ മുമ്പോട്ടു കുറച്ചു നടന്നിട്ട് തിരിഞ്ഞുനോക്കി. വൈദ്യർ സ്നേഹത്തോടെ ഹെഡ്മാസ്റ്ററെ കടയിലേക്കു സ്വാഗതം ചെയ്തു.

''വരണം സാറെ. ഇപ്പോഴെന്താ അങ്ങോട്ടൊന്നും കാണുന്നില്ലല്ലോ...?

''അല്ല വൈദ്യരെ... ഇപ്പോ ഇറങ്ങിപ്പോയ കുട്ടി ഏതാ...?''

''ഓ അതോ ഒരു പാവമാ സാറെ... തന്തേം തള്ളേം ഇല്ലാത്ത കുട്ടിയാ. മുത്തശ്ശിയുടെ സംരക്ഷണയിലാ. അവർക്കാണെങ്കിൽ എപ്പോഴും ദണ്ണാ... വല്ലപ്പോഴും കിട്ടുന്ന ക്ഷേമ പെൻഷൻകൊണ്ടു കഷ്ടിച്ചു കഴിഞ്ഞു കൂടുകയാ...''

''അവൻ എന്നും സ്കൂളിൽ താമസിച്ചാ വരുന്നത്. അതുകൊണ്ടു ചോദിച്ചതാ. കുട്ടികളോടു ചോദിച്ചാൽ ഒന്നും വ്യക്തമായി പറയില്ല.''

''സർ അതു പറഞ്ഞപ്പോഴാ ഓർത്തത് മുത്തശ്ശിയെ സഹായിക്കാൻ അവൻ ചെറിയ ജോലി ചെയ്യുന്നുണ്ട്. പത്രവിതരണം. അതിനുശേഷമാണ് ക്ലാസ്സിൽ വരുന്നെ...''

''ഓ അതാണു ദിവസവും താമസിച്ചുവരാൻ കാരണം.''

നടന്നു ദൂരെയെത്തിയ മനുവിനെ ഹെഡ്മാസ്റ്റർ കൗതുകത്തോടെ നോക്കി.

''എനിക്കു തോന്നുന്നത് സാറിന്റെ വീട്ടിലൊക്കെ പത്രവിതരണം ചെയ്യുന്നത് അവനാണെന്നാ...''

''അതെയോ... കാര്യം മനസ്സിലാക്കാതെ മിക്കവാറും തല്ലു കൊടുക്കാറുണ്ട്.''

ഹെഡ്മാസ്റ്റർ ചിരിച്ചു.

തുടർന്ന് വൈദ്യർ പറഞ്ഞതൊന്നും അദ്ദേഹം ശ്രദ്ധിച്ചില്ല. അസംബ്ലി ദിവസങ്ങളിൽ ഓടിക്കിതച്ചു പിൻനിരയിൽ കയറി നിന്നു കിതയ്ക്കാറുള്ള അവന്റെ ദയനീയരൂപം മനസ്സിൽ കയറി. എത്ര തല്ലിയാലും കണ്ണീർ പൊടിയാത്ത ദൈന്യമായ മിഴികൾ. മൂക്കിനു കീഴെ പൊടിഞ്ഞു നിൽക്കുന്ന വിയർപ്പുകണങ്ങൾ, ചുക്കിച്ചുളിഞ്ഞ യൂണിഫോം.

പിറ്റേന്നു രാവിലെ ആദ്യത്തെ പിര്യേഡ് ക്ലാസ്സ് ടീച്ചറായ വസുമതി ടീച്ചറുടേതായിരുന്നു. അവർ ലീവാണ്.

കുട്ടികളുടെ ബഹളം കേട്ട് ഹെഡ്മാസ്റ്റർ ഓഫീസിൽ നിന്നിറങ്ങി അഞ്ചു ബിയിലേക്കു ചെന്നു.

ലീഡർ മേശയ്ക്കു സമീപം നിന്ന് സംസാരിച്ച് ബഹളം കൂട്ടുന്നവരുടെ പേരെഴുതുന്നു. ഹെഡ്മാസ്റ്ററെക്കണ്ട് ക്ലാസ്സ് പെട്ടെന്നു ശാന്തമായി.

''നമസ്തേ സാർ...'' കുട്ടികൾ ഒന്നടങ്കം എഴുന്നേറ്റുനിന്നു സ്വാഗതം ചെയ്തു.





''നമസ്തേ... ഇരിക്ക്...''

''ഈ പീരീഡ് എന്താണ്?''

''മലയാളമാണു സാർ...'' ലീഡർ പെൺകുട്ടി എഴുന്നേറ്റുനിന്നു പറഞ്ഞു.

''ആട്ടെ...ആട്ടെ... നിങ്ങൾ ആരുടെയെല്ലാം വീടുകളിൽ പത്രം വരുത്തുന്നുണ്ട്.''

ഒരാൾ ഒഴിച്ചു മറ്റുള്ളവരെല്ലാം എഴുന്നേറ്റുനിന്നു. ഇരിക്കുന്ന ആൺകുട്ടിയെ അദ്ദേഹം ശ്രദ്ധിച്ചു.

''എത്രപേർ പത്രം വായിക്കാറുണ്ട്...''

ഒന്നുരണ്ടുപേർ എഴുന്നേറ്റുനിന്നു.

''ആരാ നിങ്ങളുടെ വീടുകളിൽ പത്രം ഇടുന്നത്?''

''കണ്ടിട്ടില്ല സാർ...'' ചില മിടുക്കന്മാർ ഒറ്റതിരിഞ്ഞ് ഉത്തരമേകി.

''വീട്ടുകാർ ഉണരുംമുമ്പ് അവർ പത്രം ഇട്ടിട്ടുപോകും. അതാണ് ആരും കാണാത്തത്.''

ഈ ക്ലാസ്സിൽ ഒരാളുടെ വീട്ടിൽ മാത്രമേ പത്രം വരുത്താതുള്ളു അല്ലേ?''

''അതേ സാർ...'' എല്ലാ കണ്ണുകളും മനുവിനു നേരെ തിരിഞ്ഞു.

''പക്ഷേ നിങ്ങൾക്കറിയാമോ...''

എന്തോ പറയാൻ ആഞ്ഞിട്ട്, അദ്ദേഹം പെട്ടെന്നു നിർത്തി. ഒരു നിമിഷത്തിനുശേഷം തുടർന്നു.

''നിങ്ങളുടെ പലരുടെയും വീടുകളിൽ വെളുപ്പിന് പത്രം എത്തിക്കുന്നത് മനുവാണ്...''

''നിങ്ങൾ പഠിക്കുകമാത്രം ചെയ്യുമ്പോൾ അവൻ പണിയെടുക്കുകയും ചെയ്യുന്നു. എങ്ങനെയുണ്ട്. മനു മിടുക്കനല്ലേ...?''

''അതേ സാർ....! അതേ സാർ...!''

ഹെഡ്മാസ്റ്ററുടെ അഭിനന്ദനവാക്കുകൾ കേട്ട സഹപാഠികൾ നിറഞ്ഞ കൈയടിയോടെ മനുവിനെ എതിരേറ്റു.

''മനു എന്താ നീ തലകുമ്പിട്ടിരിക്കുന്നെ...'' അദ്ദേഹം നടന്ന് അവന്റെ അരികിലെത്തി. താടിയിൽ പിടിച്ചു മുഖം ഉയർത്തി. ആ കണ്ണുകൾ നിറഞ്ഞൊഴുകുന്നു.

''കരയുകയാണോ? സന്തോഷിക്കുകയല്ലേ വേണ്ടത്.''

''സ്വന്തം കാലിൽ നിൽക്കുക മോശം കാര്യമാണോ? അദ്ദേഹം ചുമലിൽ തട്ടി അവനെ ആശ്വസിപ്പിച്ചു. തിരികെ കസേരയിൽ വന്നിരുന്നിട്ട് അദ്ദേഹം പറഞ്ഞു.

''നാളെമുതൽ പത്തുമിനിട്ടു താമസിച്ചുവരാൻ മനുവിന് അനുവാദം തന്നിരിക്കുന്നു.'' വീണ്ടും ക്ലാസ്സിൽ കൈയടി.

''പക്ഷേ.... പഠനകാര്യത്തിൽ ഇളവില്ല. മുന്നിൽത്തന്നെ ആയിരിക്കണം.''

അവൻ സമ്മതഭാവത്തിൽ തലകുലുക്കി.

''ശരി സമയമായിരിക്കുന്നു.'' അദ്ദേഹം വാച്ചിലേക്കു നോക്കി പറഞ്ഞതും മണിമുഴങ്ങി.

# പൂക്കളെവിടെ?

ഹാജറ കെ എം



വര: സചീന്ദ്രൻ കാറഡുക്ക

പൂക്കൾ തേടിത്തേടി നടന്നു
പൂന്തേൻ കൊതിയൻ
പൂമ്പാറ്റ
പുലരിച്ചിന്തിൽ
മഞ്ഞുകണങ്ങൾ
ദുഃഖത്തോടെ തലതാഴ്ത്തി
പതിവായ് പണ്ടു ചിരിച്ചു നിന്നൊരു
തുമ്പപ്പൂവും ഓർമയിലായ്
തൊടിയിൽ കരയിൽ
പൂന്തോട്ടത്തിൽ
എവിടെയുമില്ലൊരു പൂമ്പൊടിപോലും
എങ്ങോട്ടാണിനി തിരയേണ്ടൂ
എവിടെയാണിനി പോവേണ്ടൂ
അകലെ നിന്നും വന്നൊരു കാറ്റിൽ
പൂമണമെങ്ങും നിറയുന്നു
പൂക്കൾ തേടി കാറ്റിന്നൊപ്പം
പൂമ്പാറ്റയതാ മറയുന്നു...



വര: അരവിന്ദ് വട്ടംകുളം

# തൊട്ടിലിൽ

## ദിവാകരൻ വിഷ്ണുമംഗലം

തൂവെള്ളപ്പട്ടു വിരിച്ചുവെച്ച
തൂമണിത്തൊട്ടിലിലൊന്നു
നോക്കൂ,
താരകം പോലെ മിഴികളുമായ്
പൂവിതൾ പോലെ മൃദുലമായി
ഓമനത്തിങ്കൾ മുഖവുമായി
പൂനിലാപ്പുഞ്ചിരി തൂകി മന്ദം
ഓമൽക്കിനാവുകൾ കണ്ടുകണ്ട്
ആരോമൽപ്പൈതലുറങ്ങിടുന്നു

ആ കുളിരാരാർന്നതാം തെന്നലേകും
താലോലം താരാട്ടു കേട്ടു മന്ദം
ആയിരം നക്ഷത്രശോഭ മിന്നും
ആകാശവീഥിയിലൂടെയെത്തും
ആ ദിവ്യസന്ദേശസ്നേഹവായ്പിൽ
ആനന്ദത്താലേ മയങ്ങിടുമ്പോൾ
ആയിളംഹൃത്തിൽ വിരിഞ്ഞിടുന്ന
മോഹന സ്വപ്നമെന്തായിരിക്കാം?!

# ജലമേള

കൈനകരി ഷാജി



വര: ഈശ്വരൻ നമ്പൂതിരി



പുഞ്ചപ്പാടവരമ്പുകൾ തോറും
മഞ്ഞക്കിളികൾ പാടുന്നു.
'തിത്തിത്താരാ തിത്തിത്താരാ
തിത്തിത്താരാ തെയ് തെയ്!'

കാറ്റത്താടും തെങ്ങോലകളാ
പാട്ടിനു താളം കൊട്ടുന്നു.
ആർപ്പും കുരവയുമായിട്ടോലേ
ഞാലികൾ ചുറ്റും കൂടുന്നു.
കൊഞ്ചിക്കുഴയും പുഴയുടെ മൃദുവാം
നെഞ്ചിൽ പുളകം പൂക്കുന്നു.

അത്തിമരത്തിൻ കൊമ്പിൽ തത്തും
തത്തപ്പെണ്ണിൻ ചെഞ്ചുണ്ടിൽ,
സ്വർണത്തൂവെയിൽ വെട്ടം നിറയും
മണ്ണിൽ, വിണ്ണിൽ, മനതാരിൽ,
വല്ലം നിറയും വേളയിലെങ്ങും
വള്ളപ്പാട്ടിൻ വായ്ത്താരി!

നീലക്കായലി, ലാറ്റിൽ, തോട്ടിൽ,
നീർമണി വിതറും ജലമേള.
തുഴകൾ പിടിച്ചു തഴമ്പു വളർന്ന
തരുണകരങ്ങൾക്കാവേശം.
വീറും വാശിയുമേറുന്നേരം
ചീറിപ്പായും കളിയോടം.
ബാലമനസ്സിൽ സന്തോഷത്തിൻ
പൂത്തിരി, തിരയടി, യുത്സാഹം!

'തിത്തിത്താരാ തിത്തിത്താരാ'
മന്ത്രധ്വനിയായുയരട്ടെ!
മാനവമൈത്രീസന്ദേശം വായ്
ത്താരികളായി മുഴങ്ങട്ടെ!
ഒരുമ വളർത്തും വള്ളപ്പാട്ടിൽ
ഒരു നവസംസ്കൃതി വിരിയട്ടെ!
നാടിൻ സിരകളിലൂർജം തിരയായ്
മാറട്ടെ ജനമുണരട്ടെ!



വര: ബോബി എം പ്രഭ

# കുചേലവൃത്തം

കാപ്പിൽ ഗോപിനാഥൻ

നേരം ഏറെ വൈകി. പകലോൻ പടിഞ്ഞാറ് ചാഞ്ഞു. ഭിക്ഷാടനത്തിനു പോയ ആൾ ഇനിയും വന്നിട്ടില്ല. ഉച്ചയ്ക്കു മുമ്പ് വരേണ്ടതാണ്. ഭിക്ഷ കിട്ടുന്നത് വേവിച്ചാണ് കുട്ടികൾക്ക് ആഹാരം കൊടുക്കാറ്. അവർ വിശന്നു കരയാൻ തുടങ്ങി. ഇന്നെന്തേ ഇത്ര വൈകാൻ? വല്ല ആപത്തും! അവൾക്ക് ആശങ്കയായി.

അവൾ പുറത്തേക്കിറങ്ങി. ഒട്ടുനേരം പടിക്കൽ തന്നെ നിന്നു. അപ്പോഴുണ്ട് രണ്ടുപേർ ഇരുവശങ്ങളിലുമായി നിന്ന് അയാളെ താങ്ങിക്കൊണ്ടുവരുന്നു.

''എന്താ, എന്തുപറ്റി?'' അവൾ അമ്പരപ്പോടെ ചോദിച്ചു.

''ഞങ്ങൾ യാത്രക്കാരാണ്. വഴിമധ്യേ ഒരാൾ വീണു കിടക്കുന്നതു കണ്ടു. ചോദിച്ചപ്പോൾ തളർന്നു വീണതാണെന്നു പറഞ്ഞു. അടുത്താണ് വീടെന്നറിഞ്ഞപ്പോൾ കൂട്ടിക്കൊണ്ടുവന്നതാണ്. എന്നാൽ ഞങ്ങൾ ചെല്ലട്ടെ.''

പോകുന്നതിനിടയിൽ അയാൾ ഒന്നുകൂടി പറഞ്ഞു.

''ചൂടുകഞ്ഞി കൊടുക്കണം. ക്ഷീണത്തിനു നല്ലതാണ്.''

അതവൾക്കും അറിയാത്തതല്ല. എന്നാൽ അതിനു പാങ്ങില്ലാത്തവർ എന്തു ചെയ്യാനാണ്?

അവൾ എഴുന്നേറ്റ് അല്പം ചൂടുവെള്ളമെടുത്ത് അയാൾക്കു നേരെ നീട്ടി. എന്നിട്ടു പറഞ്ഞു?

''കുടിച്ചോളൂ, ക്ഷീണം മാറും.'' വെള്ളമിറക്കിക്കൊണ്ടിരുന്ന അയോളാടായി അവൾ തുടർന്നു.

''ഇനി ഭിക്ഷാടനത്തിനു പോണ്ട, നിങ്ങൾ ആകെ അവശനായിരിക്കുന്നു.''

''പിന്നെന്തു ചെയ്യും?'' ചോദ്യഭാവത്തിൽ അയാൾ അവളെ നോക്കി.

''ഞാനൊന്നു പറയാം. നിങ്ങളതു കേൾക്കണം. നമ്മുടെ പട്ടിണി മാറ്റാൻ അതല്ലാതെ മറ്റു വഴിയില്ല.''

''പറയൂ.'' അയാൾ താത്പര്യപൂർവം അവളെ നോക്കി

''നിങ്ങൾക്കൊരു കൂട്ടുകാരനുണ്ടെന്നു പറയാറുണ്ടല്ലോ, വലിയ സമ്പന്നൻ, ആർക്കും സഹായി.''

''അതെ, ഇപ്പോൾ ഞങ്ങൾ തമ്മിൽ കാണാറില്ലെങ്കിലും കഴിഞ്ഞകാല സംഭവങ്ങൾ ഒന്നൊന്നായി ഓർക്കാറുണ്ട്. നിലത്തു വിരിച്ച പുല്ലുപായയിലിരുന്നു പഠിച്ചതും ഒരേ പാത്രത്തിൽ ഭക്ഷിച്ചതും ഒരുമിച്ചുറങ്ങിയതും. അങ്ങനെ എത്രയെത്ര ഓർമകൾ. അത് ഓർക്കുമ്പോൾ തന്നെ എന്റെ മേനി കുളിരുന്നു. മനസ്സ് അവനെ കാണാൻ കൊതിക്കുന്നു.''

''എന്നാലൊന്നു കണ്ടുകൂടെ?''

''അതു ശരിയാവില്ല. ഞാൻ ഏഴ, അവൻ സമ്പന്നൻ. പഴയ

**കിഴക്കു വെള്ള കീറിയപ്പോൾ അയാൾ ഉണർന്നു. കുളിയും തേവാരവും കഴിഞ്ഞു വരുമ്പോൾ അവളുണ്ട് അവിൽപ്പൊതിയുമായി മുന്നിൽ. അവളിൽ നിന്നതുവാങ്ങി തന്റെ നരച്ച ശീലക്കുടയുമെടുത്ത് അയാൾ പുറപ്പെട്ടു. ഒട്ടു നടന്നപ്പോൾ വെയിൽ പരക്കാൻ തുടങ്ങി. മീനച്ചൂടിൽ കത്തിക്കാളുന്ന വെയിലിൽ അയാളുടെ മേനി വിയർക്കുകയും ഉള്ളു ദാഹിക്കുകയും ചെയ്തു.**

കാലം അവൻ ഓർത്തെന്നു വരില്ല.''

''എന്നാൽ എന്റെ മനസ്സു പറയുന്നു അയാൾ നിങ്ങളെ ഓർക്കുമെന്ന്. ആഹ്ലാദപൂർവം സ്വീകരിക്കുമെന്ന്.''

''എന്തോ, എനിക്കു തോന്നുന്നില്ല.'' അയാൾ സംശയിച്ചു.

''നിനക്കു നിർബന്ധമാണെങ്കിൽ ഞാൻ പോകാം. എന്നാലുമുണ്ടൊരു കുഴപ്പം.''

''എന്താ?'' മനസ്സിലാവാത്ത ഭാവത്തിൽ അവൾ അയാളെ നോക്കി.

''ഞാനവനെ കണ്ടിട്ട് ഏറെ നാളായി. ചെല്ലുമ്പോൾ എന്തെങ്കിലും കൊണ്ടുകൊടുക്കണ്ടേ? തിന്നാനുള്ളതുമതി. അവനൊരു തീറ്റക്കൊതിയനാണ്.''

അതു ശരിയാണെന്നവൾക്കും തോന്നി. എന്നാൽ എന്താണ് അതിനൊരു വഴി? വഴികാണാതെ അവർ ഇരുവരും പരസ്പരം നോക്കിയിരുന്നു.

''ഞാനൊരു വഴി കാണുന്നുണ്ട്. പറയട്ടെ?''

''പറഞ്ഞോളൂ.'' അയാൾ അവളെ പ്രോത്സാഹിപ്പിച്ചു.

''നിങ്ങൾ ദിനംതോറും കൊണ്ടുവരുന്ന ഭിക്ഷയില്ലേ, അതിൽ ഒരുപിടി നെല്ല് എന്നും ഞാൻ മാറ്റി വയ്ക്കാറുണ്ട്. അതിപ്പോൾ കുറച്ചായിക്കാണും. ഞാനത് അവിലാക്കി തന്നാലോ?''

സമ്മതഭാവത്തിൽ അയാൾ തലകുലുക്കി.

''ആശ്രമത്തിൽ മുനിപത്നി അവിലുണ്ടാക്കാറുണ്ട്. അതിലേറെയും അവനാണ് കൊടുക്കാറ്. എന്നാലും കൊതിതീരാത്ത അവൻ ഞങ്ങളിൽ നിന്നും പങ്കു പറ്റാറുണ്ട്.''

''എങ്കിൽ നാളെത്തന്നെ പോകാൻ നോക്കൂ.'' അവൾ പറഞ്ഞു.

കിഴക്കു വെള്ള കീറിയപ്പോൾ അയാൾ ഉണർന്നു. കുളിയും തേവാരവും കഴിഞ്ഞു വരുമ്പോൾ അവളുണ്ട് അവിൽപ്പൊതിയുമായി മുന്നിൽ. അവളിൽ നിന്നതുവാങ്ങി തന്റെ നരച്ച ശീലക്കുടയുമെടുത്ത് അയാൾ പുറപ്പെട്ടു.

ഒട്ടു നടന്നപ്പോൾ വെയിൽ പരക്കാൻ തുടങ്ങി. മീനച്ചൂടിൽ കത്തിക്കാളുന്ന വെയിലിൽ അയാളുടെ മേനി വിയർക്കുകയും ഉള്ളു ദാഹിക്കുകയും ചെയ്തു. നടത്തത്തിനിടയിൽ പടർന്നു പന്തലിച്ച ഒരാൽ മരവും തൊട്ടുതാഴെയായി ഒരു നീർച്ചാലും അയാൾ കണ്ടു.

നല്ല തണൽ. ഒട്ടുനേരം അവിടിരുന്നു വിശ്രമിക്കാം. അയാൾ മരച്ചുവട്ടിലേക്കു നടന്നു.

കുടയും അതിനു മുകളിൽ അവിൽപ്പൊതിയും മരച്ചുവട്ടിൽ വച്ചിട്ട് അയാൾ താഴേക്കിറങ്ങി. കണ്ണീർപോലെ തെളിഞ്ഞ നീർച്ചാല്. അയാൾ അതിൽ നിന്നും ഒരു കൈക്കുമ്പിൾ വെള്ളം കോരി മുഖത്തൊഴിച്ചു. പിന്നെ കാലും മുഖവും കഴുകി. ദാഹം തീരെ വെള്ളംകുടിച്ചു.

കിഴക്കൻ മലമുകളിൽ നിന്നും വീശിവരുന്ന ഇളംകാറ്റിന് നല്ല തണുപ്പ്. ഒട്ടുനേരം കാറ്റേറ്റ് അയാൾ അവിടെ നിന്നു. മടങ്ങി മരച്ചുവട്ടിലെത്തിയപ്പോൾ അവിൽപ്പൊതി കാണാനില്ല. അതെങ്ങോട്ടു പോയി? അയാൾ നാലുപാടും നോക്കി. എങ്ങും അയാൾക്കത് കണ്ടെത്താനായില്ല.

നിരാശനായ അയാളോട് മനസ്സു പറഞ്ഞു, നിന്റെ കൂട്ടുകാരനുമായുള്ള കൂടിക്കാഴ്ച ദൈവം വിലക്കിയിരിക്കുന്നു. ഇനി അങ്ങോട്ടു പോകേണ്ട. അതിന്റെ തെളിവാണ് ഇവിടെ കണ്ടത്. ഇല്ല, ഞാനിനി പോണില്ല. അയാൾ മനസ്സിലുറപ്പിച്ചു.

വെറും കൈയുമായി വീട്ടിലേക്കു മടങ്ങിയാൽ ഭാര്യയോടെന്തു പറയും? അതിനും അയാൾക്കുത്തരമില്ല. ഞാനിനി എങ്ങും പോണില്ല. ആരെയും കാണുന്നുമില്ല. ഈ മരച്ചുവട്ടിൽ തന്നെ എന്റെ അവസാനം. രാവിന്റെ



മറവിൽ ഏതെങ്കിലും ഹിംസ്ര ജന്തുവിന് ഞാൻ ആഹാരമാവട്ടെ.

ആ ഉറപ്പിൽ അയാൾ അവിടിരുന്നു. അയാളുടെ മിഴികൾ ശൂന്യതയിലെങ്ങോ ലയിച്ചു.

ആരോ തന്നെ തട്ടിവിളിക്കുന്നു. അയാൾ മുഖമുയർത്തി. കാവിവസ്ത്രധാരിയായ ഒരു സന്ന്യാസി.

''വഴിയാത്രക്കാരനാവും അല്ലേ?'' സന്ന്യാസി ചോദിച്ചു.

''അതെ.'' അയാൾക്കങ്ങനെ പറയാതിരിക്കാനായില്ല.

''ക്ഷീണിച്ചപ്പോൾ വിശ്രമത്തിന് ഒരിടം കണ്ടെത്തിയതാണ്, നല്ല കാറ്റും കുളിരും അല്ലേ.'' സന്ന്യാസി ചോദിച്ചു.

സംഭാഷണത്തിലൂടെ അവർ സുഹൃത്തുക്കളായി. മനസ്സു തുറന്നു സംവദിച്ചു. തനിക്കു സംഭവിച്ചതും കൂട്ടത്തിൽ അയാൾക്കു പറയാതിരിക്കാനായില്ല.

''നേരം വൈകുന്നു. നമുക്ക് യാത്ര തുടർന്നാലോ?'' സന്ന്യാസി പറഞ്ഞു.

''ഇല്ല, ഞാനില്ല. എനിക്ക് ഇനിയൊരു മടക്കമില്ല. എന്റെ യാത്രയുടെ അവസാനം ഇവിടെത്തന്നെ.''

''അങ്ങനെ പറയരുത്. നിങ്ങളെ കാത്തിരിക്കുന്ന ഭാര്യയും കുട്ടികളുമുണ്ട്. നിങ്ങളല്ലാതെ അവർക്ക് മറ്റൊരാശ്രയമില്ല. ഇന്നത്തെ വൈഷമ്യങ്ങൾ, നാളെ മാറും. ഇരുട്ടിനു പിന്നാലെ വെളിച്ചമില്ലേ?''

''എഴുന്നേൽക്കൂ.'' സന്ന്യാസി അയാളെ പിടിച്ചെഴുന്നേൽപ്പിച്ചു. അവർ നടക്കാൻ തുടങ്ങി. പറഞ്ഞും കേട്ടും ഒട്ടു ദൂരം നടന്നപ്പോൾ അയാൾ പറഞ്ഞു. ''എന്റെ വീട് അടുക്കാറായി. ഞാൻ പൊയ്ക്കോട്ടെ.''

''അപ്പോൾ എന്നെ വീട്ടിലേക്കു ക്ഷണിക്കുന്നില്ല.'' സന്ന്യാസി പരിഭവിച്ചു. ഒട്ടു നേരം സന്ന്യാസിയെ നോക്കി നിൽക്കാനല്ലാതെ അയാൾക്കൊന്നും പറയാൻ കഴിഞ്ഞില്ല.

''ക്ഷണിച്ചാൽ തന്നെ എനിക്ക് വരാനാവില്ല. ദീപാരാധനയ്ക്കു മുമ്പ് അമ്പലത്തിൽ എത്തേണ്ടതാണ്.'' സന്ന്യാസി നടന്നു നീങ്ങി.

അയാൾ വീട്ടുമുറ്റത്തെത്തി. മുൻവശത്ത് ആരെയും കാണാനില്ല. എല്ലാവരും അകത്ത് തളർന്നു കിടപ്പാവും. അയാൾ ഉറപ്പിച്ചു. തളർന്ന കാലടികളോടെ അകത്തുകടന്ന അയാളെ അവിടെ കണ്ട കാഴ്ച വിസ്മയപ്പെടുത്തി. കുട്ടികൾ ആർത്തിയോടെ ഭക്ഷണം കഴിക്കുന്നു. വിഭവങ്ങൾ ഒന്നൊന്നായി വിളമ്പി ഭാര്യ മക്കളെ ഊട്ടുന്നു.

അയാളെ കണ്ടമാത്രയിൽ അവൾ പറഞ്ഞു; ''വിശന്നു വന്നതല്ലേ, ഭക്ഷണം കഴിക്കൂ, അത്തലൊന്നടങ്ങട്ടെ. സംഭവിച്ചതൊക്കെ അതിനുശേഷം പറയാം.''

ഭാര്യ വിളമ്പിയ വിഭവങ്ങൾ ഒന്നൊന്നായി കഴിക്കുമ്പോൾ അകലെയെവിടെയോ നിന്ന് ഒരു വേണുഗാനം തനിക്കരികിലേക്ക് ഒഴുകിവരുന്നതായി അയാൾക്കു തോന്നി.






കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ച *ബുക്സ് ഓൺ വീൽസ്* പര്യടനത്തിന്റെ ഫ്ളാഗ് ഓഫ് പൊതുവിദ്യാഭ്യാസ സെക്രട്ടറി ശ്രീ എ ഷാജഹാൻ ഐ എ എസ് നിർവഹിക്കുന്നു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ ഇർഷാദ് എം എസ്, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ കെ സിയാദ് എന്നിവർ സമീപം.

# പുത്തൻ വള സമ്മാനം

**പള്ളിയറ ശ്രീധരൻ**



കേരളത്തിൽ പ്രേമികളുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു ഗണിത കവിത പരിചയപ്പെടാം.

‘ഏകനേകനോടു നാഗവല്ലി പത്രമൊന്നുവാങ്ങിനാൻ
വാസരേ ദിനേ ദിനേ ഇരട്ടിരട്ടിവാങ്ങിനാൻ
മാസമൊന്നിനിത്രപത്രമായ തെന്നു ചൊല്ലുകിൽ
പുത്തനായ കങ്കണം തരുവനെന്നു നിശ്ചയം.’

നാഗവല്ലി. ആദ്യദിവസം ഒന്നും രണ്ടാം ദിവസം അതിന്റെ ഇരട്ടി രണ്ടും മൂന്നാം ദിവസം അതിന്റെ ഇരട്ടി നാലും എന്ന ക്രമത്തിൽ പത്രം (ഇല) വാങ്ങിയാൽ ഒരു മാസം കൊണ്ട് എത്ര പത്രം വാങ്ങുമെന്ന് കൃത്യമായി പറഞ്ഞാൽ ഒരു പുത്തൻവള തരാമെന്നാണ് ചോദ്യകർത്താവ് സൂചിപ്പിക്കുന്നത്. അതായത് 1, 2, 4, 8, 16, 32 ... എന്നിങ്ങിനെയുള്ള 30 പദങ്ങളുടെ തുക കാണണം. ഇത് $2^0$, $2^1$, $2^2$, $2^3$, $2^4$............$2^{29}$ എന്ന സമഗുണിതപ്രോഗ്രഷനിലെ 30 പദങ്ങളുടെ തുകയായിരിക്കും. ഇത് $2^{30} - 1$ ആയിരിക്കുമല്ലോ. അതായത് രണ്ടിനെ മുപ്പത് പ്രാവശ്യം ഗുണിച്ചാലുള്ള ഫലത്തിൽനിന്ന് ഒന്ന് കുറച്ചുള്ള ഫലമായിരിക്കും. കമ്പ്യൂട്ടറും കാൽക്കുലേറ്ററുമൊന്നുമില്ലാത്ത കാലത്ത് ഇതിന്റെ ഉത്തരം കാണുന്നവർക്ക് ഒരു പുത്തൻ വളയ്ക്ക് തന്നെ അർഹതയുണ്ട്.

palliyarasreedharan@gmail.com

## അറിയിപ്പ്

തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചുതരിക. സത്യസന്ധവും വ്യത്യസ്തങ്ങളുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

**അയയ്ക്കേണ്ട വിലാസം**
**തളിര് മാസിക, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം-34 thalriu@ksicl.org**

# അമ്മ

മനോഹർ ഇരിങ്ങൽ



ഉറവവറ്റാതെ
ഉപകരുന്ന സ്നേഹത്തിൻ
അക്ഷയഖനിയാണമ്മ.
തോരാതെ
തഴുകുന്ന
വാത്സല്യക്ക-
നിവിന്റെ
അലിവേറും
കൈകളാണമ്മ.
നനവൂറും
മിഴികളിൽ
ആശ്വാസക്കുളിരിന്റെ
തേൻമൊഴി
മധുരമാണമ്മ!
നൊന്തുകരഞ്ഞീടിൽ
വാരിപ്പുണർന്നീടും
അലിവിന്റെ
വെമ്പലാണമ്മ.
വെണ്മയുടെ
നന്മയുടെ
പകരമേയില്ലാത്ത
മൃദുലമാം
ഹൃദയമാണമ്മ.



വര: ഈശ്വരൻ നമ്പൂതിരി



# ലോകസഞ്ചാരം

ഹരീഷ് ആർ നമ്പൂതിരിപ്പാട്

ഒരു മഴത്തുള്ളിയായ് ഞാൻ പതിച്ചൂ
മലയുടെ കുഞ്ഞിച്ചരിവിലൊന്നിൽ
അരുവിയിലൂടൊട്ടുനീന്തി നീങ്ങി
ചെറുപുഴയൊന്നിലലിഞ്ഞു ചേർന്നൂ
അവിടെനിന്നെത്രയോ ചാലു താണ്ടി
ഒടുവിലാ വൻകടൽ നടുവിലെത്തി
കതിരവനെന്നെ വിളിച്ചുചൊല്ലി
വരിക നീരാവിയായ് എന്റെ കൂടേ
അതുകേട്ടു ഞാനൊരു മേഘമായി
ചിറകുവിരിച്ചു പറന്നുപൊന്തീ
അവരെന്നെയെത്തിച്ചു വീണ്ടുമിന്നാ
പഴയമലയുടെ കുഞ്ഞിടുക്കിൽ.

വര: ടി ആർ രാജേഷ്

# ടോം സോയറുടെ സാഹസികജീവിതം

**മാർക്ക് ട്വയിൻ**
പുനരാഖ്യാനം: **ജോളി വർഗീസ്**

ആന്റിയെക്കുറിച്ച് സ്നേഹപൂർവം ഓർമിച്ചതുകൊണ്ടാണ് ആന്റിയെ സ്വപ്നം കണ്ടതെന്ന് ടോം പറഞ്ഞപ്പോൾ ആന്റിക്ക് സ്വല്പം സന്തോഷമായി.

''ഓ... അത് വലിയ സംഗതിയൊന്നുമല്ല. എങ്കിലും ഒന്നുമില്ലാത്തതിലും നല്ലതാണ്. നീ എന്താ സ്വപ്നം കണ്ടത്?''

''ബുധനാഴ്ച രാത്രിയിൽ ഞാൻ കണ്ട സ്വപ്നത്തിൽ, ആന്റി ആ കട്ടിലിന്റെ അരികിലിരിക്കുന്നു. സിദ്ദു തടിപ്പെട്ടിയുടെ പുറത്തും. മേരി അവന്റെ അരികിലും ഇരിക്കുന്നു.''

''ശരിയാണ്, ഞങ്ങൾ അങ്ങനെ ഇരുന്നു. നിന്റെ സ്വപ്നത്തിലെങ്കിലും നീ ഞങ്ങളെ ഓർത്തല്ലോ.''

''ജോയ് ഹാർപ്പറിന്റെ അമ്മയും അവിടെ ഉണ്ടായിരുന്നതായിട്ടാണ് ഞാൻ സ്വപ്നം കണ്ടത്.''

''ഓ ശരിയാണല്ലോ. അവർ അവിടെ ഉണ്ടായിരുന്നു. മറ്റെന്തെങ്കിലും കണ്ടോ?''

''കുറേ ഉണ്ട്. പക്ഷേ ഇപ്പോൾ എല്ലാം അവ്യക്തമാണ്.''

''ഒന്ന് ഓർത്തുനോക്കിക്കേ.'' ടോം വിരൽ നെറ്റിയിൽ അമർത്തി ഗാഢമായി ചിന്തിച്ചു.

''ഇപ്പോൾ ചില ഭാഗങ്ങൾ ഓർമിക്കാനാകുന്നുണ്ട്. കാറ്റ് അടിച്ചു. മെഴുകുതിരി...''

ടോം വീണ്ടും നെറ്റിയിൽ വിരൽ അമർത്തി.

''ഇപ്പോൾ വ്യക്തമാകുന്നുണ്ട്. കാറ്റ് മെഴുകുതിരി കെടുത്തി.''



വര: റോണി ദേവസ്യ

“ദൈവമേ... ടോം... ബാക്കി കൂടി പറയൂ...”

“വാതിൽ തുറന്നു കിടക്കുന്നതായി ആന്റി പറഞ്ഞു എന്നാണ് എന്റെ ഓർമ.”

“ശരി...ടോം... പറയൂ...”

“പിന്നീട് എനിക്ക് ഉറപ്പില്ല. എന്നാലും എനിക്ക് തോന്നുന്നു, ആന്റി സിദ്ദിനോട് വാതിൽ അടയ്ക്കാൻ പറഞ്ഞു.”

“സത്യം, ഞാൻ ഇവിടെ ഇരിക്കുന്നതുപോലെ സത്യമായ കാര്യം. ഇത്രയും സത്യസന്ധമായ ഒരു സ്വപ്നവിവരണം ഞാൻ കേട്ടിട്ടില്ല. സ്വപ്നങ്ങൾ സത്യമാണ്. അവയെല്ലാം അന്ധവിശ്വാസങ്ങൾ ആണെന്ന് വിശ്വസിക്കുന്ന, സെറീനി ഹാർപ്പറോട് ഇതെല്ലാം പറയണം. പറയൂ.... ബാക്കി കൂടി പറയൂ...”

“ഇപ്പോൾ എല്ലാം അൽപ്പം കൂടി വ്യക്തമാകുന്നുണ്ട്. ഞാൻ ചീത്തക്കുട്ടിയല്ലെന്നും കുസൃതിക്കാരൻ മാത്രമാണെന്നും ആന്റി പറഞ്ഞു. ഒട്ടും ചുമതലാബോധമില്ല... എന്തോ കഴുതക്കുട്ടിയെപ്പോലെ മറ്റോ.... അങ്ങനെയെന്തോ പറഞ്ഞു.”

“എന്റെ ദൈവമേ... എന്നിട്ട് ബാക്കി പറയൂ...”

“ആന്റി കരയാൻ തുടങ്ങി... മിസ്സിസ്സ് ഹാർപ്പറും കരയാൻ തുടങ്ങി. ജോയും എന്നെപ്പോലെ കുസൃതിക്കാരൻ മാത്രമായിരുന്നെന്നും അവനെ അടിക്കാൻ പാടില്ലായിരുന്നെന്നും പറഞ്ഞു.”

“ടോം...നീ എല്ലാം കൃത്യമായി പറയുന്നു. നിന്റെ മേൽ ആത്മാവിന്റെ ആവാസം ഉണ്ടായിരുന്നു. എല്ലാം പ്രവചനം പോലെ!”

“അപ്പോൾ സിദ്ദു പറഞ്ഞു... ഓർക്കട്ടെ..”

“ഞാൻ എന്തെങ്കിലും പറഞ്ഞതായിട്ട് ഓർക്കുന്നില്ല...”

**സ്കൂളിൽ ടോം ഒരു വീരനായകനായിരുന്നു. അവൻ ചാടിയും ഓടിയും നടന്നില്ല. ഒരു കടൽക്കൊള്ളക്കാരന്റെ അന്തസ്സിനും ഗാംഭീര്യത്തിനും ചേരുന്ന രീതിയിൽ ഓരോ ചുവടും രാജകീയ മഹത്വത്തോടെ വച്ചു. ചെറിയകുട്ടികൾ അവന്റെ പിന്നാലെ നടന്നു. അവന്റെ സമപ്രായക്കാർ അസൂയയോടെ അവനെ നോക്കി.**

സിദ്ദു ഇടയ്ക്ക് ചാടിക്കയറി പറഞ്ഞു

“അല്ല നീ പറഞ്ഞു.” മേരി അത് ഉറപ്പിച്ചു.

“നിങ്ങൾ മിണ്ടാതിരിക്കൂ... ടോം പറയട്ടെ...” ആന്റി അക്ഷമയായി.

“അവൻ ഇങ്ങനെ പറഞ്ഞു എന്നാണ് എന്റെ ഓർമ. ‘ഞാൻ എവിടെയാണേലും സുഖമായിരിക്കട്ടെ’. എങ്കിലും ചിലപ്പോഴൊക്കെ ഞാൻ കുറേക്കൂടി നല്ല കുട്ടിയായിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്നും പറഞ്ഞു.”

“അതേ സത്യം. അവന്റെ വാക്കുകൾ തന്നെ.”

“അപ്പോൾ ആന്റി അവനെ നിശിതമായി ശകാരിച്ചു.”

“അതേ ഞാൻ ശകാരിച്ചു. ദൈവമേ അവിടെ ഒരു മാലാഖ ഉണ്ടായിരുന്നിരിക്കാം.”

“അപ്പോൾ മിസ്സിസ്സ് ഹാർപ്പർ, ജോയ് പടക്കംപൊട്ടിച്ച് പേടിപ്പിച്ച സംഭവവും, ആന്റി, ഞാൻ പീറ്റർ പൂച്ചയ്ക്ക് വേദനസംഹാരി കൊടുത്ത വിവരവും പറഞ്ഞു.”

“സത്യം...”

“പിന്നീട് ഞങ്ങൾക്കുവേണ്ടി നദിയിൽ തിരച്ചിൽ നടത്തുന്നതിനെക്കുറിച്ചും ഒക്കെ എന്തൊക്കെയോ പറഞ്ഞു. പിന്നെ നിങ്ങൾ കെട്ടിപ്പിടിച്ച് കരഞ്ഞു, യാത്രപറഞ്ഞു.”

“ടോം... എല്ലാം സത്യമാണ്. നീ ഇവിടെ ഇരുന്ന് അതെല്ലാം കണ്ടാൽപ്പോലും നിനക്ക് ഇത്ര കൃത്യമായി വിവരിക്കാൻ സാധിക്കില്ല. ബാക്കി കൂടി പറയൂ...”

“ആന്റി പിന്നീട് എനിക്കുവേണ്ടി പ്രാർഥിച്ചു. എനിക്ക് ഓരോ വാക്കും കേൾക്കാമായിരുന്നു. ആന്റി ഉറങ്ങാൻ കിടന്നപ്പോൾ എനിക്ക് സങ്കടം തോന്നി. ഞാൻ ഒരു മരത്തൊലി എടുത്ത് അതിൽ ഞങ്ങൾ മരിച്ചിട്ടില്ല എന്നും കടൽക്കൊള്ളക്കാരായി ജീവിക്കയാണെന്നും എഴുതി കിടക്കയുടെ അരികിൽ വച്ചു. പിന്നീട് അത് തിരികെ എടുത്തു. എന്റെ ജാക്കറ്റിന്റെ പോക്കറ്റിലിട്ടു. അതിനുശേഷം ഞാൻ ആന്റിയെ ചുംബിച്ചു.”

“ടോം... നീ എന്നെ ചുംബിച്ചോ... ആ ഒരു ചുംബനത്തിനായി ഞാൻ, നിന്നോട് എല്ലാം ക്ഷമിക്കാം. അവർ അവനെ കെട്ടിപ്പിടിച്ച് മാറോട് ചേർത്തപ്പോൾ ലോകത്തിലേക്കു ഭീകരനായ വില്ലൻ താൻ ആണെന്ന് ടോമിനു തോന്നി.

ആന്റി ടോമിന് ഒരു ആപ്പിൾ സമ്മാനമായി നൽകുകയും ദൈവത്തിന് നന്ദി പറയുകയും ചെയ്തു. കുട്ടികൾ സ്കൂളിലേക്കു പോയപ്പോൾ ആന്റി മിസ്സിസ്സ് ഹാർപ്പറെ സന്ദർശിക്കാൻ പോയി. ടോമിന്റെ പകൽപോലെ സത്യസന്ധമായ സ്വപ്നക്കാഴ്ചകൾ പറയണമല്ലോ. സിദ്ദിന്റെ മനസ്സിൽ മറ്റുചില സന്ദേഹങ്ങളായിരുന്നു.

“കൊള്ളാം...ഒന്നാന്തരം. ഒരു നീണ്ട സ്വപ്നം.... അതും യാഥാർഥ്യത്തിൽ നിന്ന് വള്ളി

പുള്ളി വ്യത്യാസമില്ലാതെ...!''

സ്കൂളിൽ ടോം ഒരു വീര നായകനായിരുന്നു. അവൻ ചാടിയും ഓടിയും നടന്നില്ല. ഒരു കടൽക്കൊള്ളക്കാരന്റെ അന്തസ്സിനും ഗാംഭീര്യത്തിനും ചേരുന്ന രീതിയിൽ ഓരോ ചുവടും രാജകീയ മഹത്വത്തോടെ വച്ചു. ചെറിയകുട്ടികൾ അവന്റെ പിന്നാലെ നടന്നു. അവന്റെ സമപ്രായക്കാർ അസൂയയോടെ അവനെ നോക്കി. സൂര്യപ്രകാശമേറ്റ് മങ്ങിയ ടോമിന്റെ ചർമ നിറവും അവന്റെ കുപ്രസിദ്ധിയും ലഭിക്കാനായി കുട്ടികൾ ഏതു ത്യാഗത്തിനും തയ്യാറായിരുന്നു.

**ടോം, ഒഴിവുവേളയിലും ആമിയുമായുള്ള കിന്നാരം തുടരുകയും ബെക്കിയുടെ മുറിവിന്റെ ആഴം വർധിപ്പിക്കാനായി അവളുടെ മുൻപിലൂടെ നടക്കയും ചെയ്തു. പക്ഷേ പെട്ടെന്ന് അവന്റെ വിജയാഹ്ലാദത്തിനുമേൽ ഒരു ഇരുട്ടടി. ബെക്കി, സ്കൂളിനു പിന്നിൽ ഒരു ബെഞ്ചിൽ ആൽഫ്രെഡ് ടെംപിളിനൊപ്പം തോളോടു തോൾ ചേർന്നിരുന്ന് ഒരു ചിത്രപുസ്തകത്തിന്റെ താളുകൾ മറിച്ച് പടംകണ്ട് രസിക്കുന്നു.**

ജോയും ടോമും സ്കൂളിലെ ആരാധന പാത്രങ്ങളായപ്പോൾ, കേഴ്‌വിക്കാരും കാഴ്ചക്കാരും ചുറ്റും കൂടിയപ്പോൾ, അവർ തങ്ങളുടെ വീരകഥകൾ, ആരാധനയോടെ നോക്കി നിൽക്കുന്നവർക്കുവേണ്ടി ഭാവനകൾ കൂട്ടിച്ചേർത്ത് പറഞ്ഞപ്പോൾ കഥയ്ക്ക് അവസാനമില്ലാതായി. അവർ പുകയില കുഴൽ എടുത്ത് പുകയൂതി ചുറ്റി നടന്നപ്പോൾ അവരുടെ കീർത്തി അതിന്റെ അത്യുച്ചാവസ്ഥയിലെത്തി.



ഇനിയും കുറേക്കാലത്തേക്ക് ബെക്കി താച്ചറെ കൂടെ നിർത്തേണ്ടതില്ലെന്നും സ്വന്തം മഹിമയും യശസ്സും മതിയാകുമെന്നും ടോം തീരുമാനിച്ചു. ബെക്കി, സ്കൂളിൽ എത്തിയപ്പോൾ ടോം അവളെ കണ്ട ഭാവം കാണിച്ചില്ല. ടോം, മറ്റു കുട്ടികളുടെ കൂടെ വർത്തമാനം പറഞ്ഞും ചിരിച്ചുല്ലസിച്ചും അവിടെ നിന്നു. ബെക്കി അവന്റെ മുമ്പിലൂടെ ചുവന്നുതുടുത്ത മുഖവും സന്തോഷം അലതല്ലുന്ന കണ്ണുകളുമായി തിരക്ക് ഭാവിച്ച് നടക്കയും, ടോമിന് കാണത്തക്കതുപോലെ അവനു ചുറ്റുമായി വട്ടം കറങ്ങി നിൽക്കുകയും ചെയ്തു. ഇടയ്ക്കിടയ്ക്ക് അവനെ ഒളികണ്ണിട്ട് നോക്കുന്നുണ്ടായിരുന്നു. പക്ഷേ അവൻ അവളുടെ ഉദ്ദേശ്യം മനസ്സിലാക്കി അവളെ ഒഴിവാക്കി നടന്നു. ബെക്കി, അവിടെല്ലാം ദീർഘ നിശ്വാസം വിട്ടും ടോമിനെ ഒളിഞ്ഞു നോക്കിയും അരിശത്തോടെ നടന്നു. അവൾക്ക് കരച്ചിൽ വന്നു. ടോം ആമി ലോറൻസുമായി, ദ്വീപിലെ കൊടുങ്കാറ്റിനെക്കുറിച്ചും മര

ങ്ങൾ കടപുഴകി വീണതിനെക്കുറിച്ചും സംസാരിച്ചുകൊണ്ടിരുന്നു. ജീവിതം അസ്തമിച്ചതായി ബെക്കിക്കു തോന്നി. മണി അടിക്കുന്നതുവരെ കണ്ണീരൊതുക്കി, മുറിവേറ്റ അഭിമാനബോധവുമായി അവൾ ഒറ്റയ്ക്ക് അവിടെ ഇരുന്നു.

അല്പനേരം കഴിഞ്ഞ് കണ്ണിൽ പ്രതികാരത്തിന്റെ നാളവുമായി അവൾ എഴുന്നേറ്റു. പിന്നിയിട്ട തലമുടി കുലുക്കിയാട്ടി പറഞ്ഞു. ''എനിക്കറിയാം എന്താ ചെയ്യേണ്ടതെന്ന്.''

ടോം, ഒഴിവുവേളയിലും ആമിയുമായുള്ള കിന്നാരം തുടരുകയും ബെക്കിയുടെ മുറിവിന്റെ ആഴം വർധിപ്പിക്കാനായി അവളുടെ മുൻപിലൂടെ നടക്കയും ചെയ്തു. പക്ഷേ പെട്ടെന്ന് അവന്റെ വിജയാഹ്ലാദത്തിനുമേൽ ഒരു ഇരുട്ടടി. ബെക്കി, സ്കൂളിനു പിന്നിൽ ഒരു ബെഞ്ചിൽ ആൽഫ്രെഡ് ടെംപിളിനൊപ്പം തോളോടുതോൾ ചേർന്നിരുന്ന് ഒരു ചിത്രപുസ്തത്തിന്റെ താളുകൾ മറിച്ച് പടംകണ്ട് രസിക്കുന്നു. അവർക്കുചുറ്റും നടക്കുന്നതൊന്നും അറിയാത്ത ഭാവത്തിലുള്ള ഒരു ഇരുപ്പ്. ടോമിന്റെ സിരകളിലൂടെ അസൂയയുടെ തീനാളങ്ങൾ ഒഴുകിയിറങ്ങി. അനുരഞ്ജനത്തിന് ശ്രമിച്ച ബെക്കിയെ ഒഴിവാക്കിയതിൽ അവന് അവനോടുതന്നെ വെറുപ്പ് തോന്നി. ആമി കിലുകിലാ ചിലച്ചെങ്കിലും ടോമിന്റെ നാവ് ചലിച്ചില്ല. അവൻ കൂടെക്കൂടെ സ്കൂളിന്റെ പിൻഭാഗത്തേക്ക് ഓടിപ്പോകയും ബെക്കിയെയും കൂട്ടുകാരനെയും കണ്ട് വേദനിക്കയും ചെയ്തു. അപ്പോഴൊക്കെ ടോം എന്നൊരു വ്യക്തി ഈ ഭൂമിയിലുണ്ടെന്നുള്ള ഭാവംപ്പോലും ഇല്ലാതെ ബെക്കി ചിത്രങ്ങളിൽ ലയിച്ചിരുന്നു. പക്ഷേ അവൾ കാണുന്നുണ്ടായിരുന്നു, തന്റെ പ്രതികാരം ലക്ഷ്യത്തിലെത്തുന്നുണ്ടെന്നും താൻ നീറിയതുപോലെ അവനും നീറുന്നുണ്ടെന്നും മനസ്സിലാക്കി അവൾ സംതൃപ്തിയടഞ്ഞു.

ആമിയെ ഒഴിവാക്കി ടോം രക്ഷപ്പെട്ടു. ബെക്കി സ്വീകരിച്ച സ്നേഹിതൻ തന്റെ പ്രതിയോഗിയാണെന്നും അവന്റെ വേഷവും ഗമയും ഒക്കെ സഹിക്കാവുന്നതിലപ്പുറമാണെന്നും, ആദ്യ ദിവസം തന്നെ താൻ അവനെ കൈകാര്യം ചെയ്തതാണെന്നും ഇനി ഒരിക്കൽക്കൂടി അവനുമായി കൂട്ടിമുട്ടേണ്ടിവരുമെന്നും ടോം തീരുമാനിച്ചുറപ്പിച്ചു.

ഉച്ചസമയത്ത് ടോം സ്കൂളിൽ നിന്ന് വീട്ടിലേക്കു പോയി. ആൽഫ്രെഡിന്റെ കൂടെ ചിത്രങ്ങൾ കണ്ടുകൊണ്ടിരുന്ന ബെക്കി ഓരോ കാലൊച്ച കേൾക്കുമ്പോഴും അത് ടോം ആയിരിക്കുമെന്നുള്ള പ്രതീക്ഷയോടെ കാത്തിരുന്നു.

പ്രതീക്ഷകൾ തെറ്റി. ടോം വന്നില്ല. ചിത്രങ്ങളിലും ആൽഫ്രെഡിലും ബെക്കിക്ക് ഇഷ്ടമില്ലാതായി. ഇത്രയും വലിയ അകൽച്ച ഭാവിക്കണ്ടായിരുന്നെന്നും, പിണക്കം ഇവിടം വരെ കൊണ്ടെത്തിക്കാതിരിക്കാമായിരുന്നെന്നും അവൾ ദുഃഖത്തോടെ ചിന്തിച്ചു. പാവം ആൽഫ്രെഡ് അവളുടെ ശ്രദ്ധ തിരികെ പിടിക്കാൻ ശ്രമിച്ചു. പരാജയപ്പെട്ടു. ദുഃഖിതയായി അവസാനം സഹികെട്ട ബെക്കി, ''എനിക്ക് അതൊന്നും കാണണ്ടാ. എന്നെ തനിയെ വിടൂ, ഉപദ്രവിക്കരുത്'' എന്നു പറഞ്ഞ് പൊട്ടിക്കരഞ്ഞു.

താൻ ചെയ്ത തെറ്റ് എന്താണെന്ന് പിടികിട്ടാത്ത പാവം ആൽഫ്രെഡ്, അപമാനിതനായി ദേഷ്യത്തോടെ ശൂന്യമായ സ്കൂൾ വളപ്പിൽ ഒറ്റയ്ക്കു നടന്നു. അവന് കാര്യം മനസ്സിലായി. ടോമിന്റെ അസൂയയും അരിശവും വളർത്തിയെടുക്കാനായി അവൾ തന്നെ ചൂണ്ടയിൽ കോർത്ത ഇരയായി ഉപയോഗിക്കുകയായിരുന്നു. ടോമിനോടുള്ള അവന്റെ വെറുപ്പ് തീരാത്ത പകയായി വളർന്നു. അവനെ മര്യാദ പഠിപ്പിക്കണം. പക്ഷേ താൻ ഒരുരീതിയിലും തെറ്റുകാരനായി പിടിക്കപ്പെടരുത്. അപ്പോഴാണ് ടോമിന്റെ സ്പെല്ലിങ് പുസ്തകം അവന്റെ കണ്ണിൽ ഉടക്കിയത്. ഇതാണ് തന്റെ സുവർണാവസരം. ഉച്ചയ്ക്കുശേഷം ക്ലാസ്സിൽ ഉപയോഗിക്കേണ്ട ആ പുസ്തകം തുറന്ന് അവൻ അതിൽ മഷി ഒഴിച്ചു വികൃതമാക്കി.

ജനലിൽക്കൂടി അപ്പോൾ എത്തിനോക്കിയ ബെക്കി, അതു കാണാനിടയായെങ്കിലും ഒന്നും മിണ്ടാതെ ആൽഫ്രെഡ് അവളെ കാണുന്നതിനുമുമ്പ് അവിടെ നിന്നു പോയി. അപ്പോൾതന്നെ ടോമിനെ വിവരമറിയിക്കണമെന്നും അങ്ങനെ തങ്ങളുടെ പിണക്കം അവസാനിപ്പിക്കാമെന്നും അവൾ കരുതി. പക്ഷേ പാതി വഴി പിന്നിട്ടപ്പോൾ അവളുടെ തീരുമാനം അയഞ്ഞു. ടോം അന്ന് കാണിച്ച അവഗണന അവളുടെ മനസ്സിലേക്ക് ഓടിക്കയറി, അവൾക്ക് അരിശം വന്നു.

ടോമിന് അധ്യാപകന്റെ കൈയിൽ നിന്നും ചുട്ട അടി കിട്ടട്ടെ! അവൻ അങ്ങനെ ഒരു പാഠം പഠിക്കട്ടെ! ഇനി ഒരിക്കലും അവനുമായി കൂട്ടില്ല. അവനെ വെറുക്കാം, മറക്കാം, ബെക്കി മനസ്സിൽ പറഞ്ഞു. (തുടരും)




Credit : Times of India



# ബാല്യത്തിൽ കളിപ്പാട്ടം എയർഗൺ; വളർന്നപ്പോൾ ബിന്ദ്രയ്ക്ക് ഒളിംപിക് സ്വർണം

**സനിൽ പി തോമസ്**

അഭിനവ്ബിന്ദ്ര. ബെയ്ജിങ് ഒളിമ്പിക്സിൽ 10 മീറ്റർ എയർ റൈഫിൾസിൽ സ്വർണ്ണം നേടിയതോടെ ഒളിമ്പിക്സ് ഗെയിംസിൽ വ്യക്തിഗത സ്വർണ്ണം നേടുന്ന ആദ്യ ഇന്ത്യക്കാരനായി. ലോക ഷൂട്ടിങ് ചാംപ്യൻഷിപ്പിൽ സ്വർണം നേടിയ ആദ്യ ഇന്ത്യാക്കാരൻ. പദ്മഭൂഷൺ പുരസ്കാരം ലഭിച്ച അഭിനവ് ബിന്ദ്രയെ കുറിച്ച് വായിക്കൂ...

അഭിനവ് ബിന്ദ്ര... ഒളിംപിക്സിൽ വ്യക്തിഗത സ്വർണം നേടിയ ആദ്യ ഇന്ത്യാക്കാരൻ. ലോക ഷൂട്ടിങ് ചാംപ്യൻഷിപ്പിൽ സ്വർണം നേടിയ ആദ്യ ഇന്ത്യാക്കാരൻ. ഒട്ടേറെ ചരിത്രനേട്ടങ്ങൾക്ക് ഉടമയായ ഈ കോടീശ്വരപുത്രനു ബാല്യത്തിൽ ഷൂട്ടിങ് വെറും നേരംപോക്ക് മാത്രമായിരുന്നു. ഇതെല്ലാം ഒളിംപിക് സ്പോർട്സ് ആണെന്നുപോലും നിശ്ചയമില്ലായിരുന്നു.

1992 ലെ ബാർസിലോന ഒളിംപിക്സിൽ സ്റ്റേഡിയത്തിലെ ദീപം തെളിച്ചത് അഗ്നിനാളം പകർന്നൊരു അമ്പ് എയ്തു പിടിപ്പിച്ചായിരുന്നു. ഇതു ടി വിയിൽ കണ്ട അഭിനവ് ധരിച്ചു ഷൂട്ടിങ് എന്നാൽ ആർച്ചറി (അമ്പെയ്ത്ത്)ആണെന്ന്. മുന്നൂറുകോടിയുടെ മാംസ സംസ്കരണ വ്യവസായമുണ്ടായിരുന്ന പിതാവ്, ഫുഡ് ടെക്നോളജിസ്റ്റായ ഡോ. അപ്ജിത് സിങ് ബിന്ദ്രയ്ക്ക് ഒട്ടേറെ തോക്കുകൾ സ്വന്തമായുണ്ടായിരുന്നു. ബാല്യത്തിൽ അഭിനവിന്റെയും കളിപ്പാട്ടം എയർഗൺ ആയിരുന്നു. പലതരം എയർഗണ്ണുകൾ സ്വന്തമായി കിട്ടി.


ഡെറാഡൂണിലാണ് 12 വർഷം പഠിച്ചത്. അഞ്ചാം ക്ലാസുവരെ റിവർ ഡെയ്ൽ സ്കൂളിലും ആറു മുതൽ ഡൂൺ സ്കൂളിലും പഠിച്ചു. ഡൂൺ സ്കൂളിൽ താമസിച്ചു പഠിക്കുമ്പോൾ ഒരിക്കലല്ലാതെ അഭിനവിനു ലക്ഷ്യം തെറ്റിയിട്ടില്ലത്രെ.

ഭാവിയിൽ അപകടം ഒഴിവാക്കാൻ ബിന്ദ്ര വീട്ടുപരിസരത്ത് മുളകൊണ്ട് ഒരു ചത്വരം നിർമിച്ച് അതിനു മധ്യത്തിൽ ഒരു 'ടാർഗറ്റ്' കെട്ടിത്തൂക്കിയിട്ടു. പിന്നീട് ചണ്ഡീഗഡിൽ വാടക വീട്ടിലേക്ക് മാറിയപ്പോൾ അവിടെ പിന്നാമ്പുറത്ത് ഒരു ഷൂട്ടിങ് റേഞ്ച് തന്നെ ഒരുക്കി. പക്ഷേ ചണ്ഡീഗഡിൽ ആദ്യകാലത്ത് ടെന്നിസ് കളിക്കാനായിരുന്നു അഭിനവിന് ഇഷ്ടം. പിന്നെ ഷൂട്ടിങ് ഗൗരവമായി എടുത്തപ്പോൾ ഡോ. ബിന്ദ്ര മകനെ പരിശീലനത്തിന് അയയ്ക്കാൻ തീരുമാനിച്ചു.

1995 ജൂലൈ 13 ന് ബിന്ദ്ര പുത്രനുമൊത്ത് ഷൂട്ടിങ് കോച്ച് കേണൽ ജെ എസ് ധില്ലന്റെ അടുത്തെത്തി. മകന്റെ അഭിനിവേശം അച്ഛന്റെ സ്വപ്നമായി മാറുകയായിരുന്നു. ഒളിംപിക്സ് സ്വർണത്തിൽ കുറഞ്ഞൊരു ലക്ഷ്യമില്ലെന്ന് ഡോ. ബിന്ദ്ര



Credit : New Indian Express



അഭിനവ് മുൻ കോച്ച്
പ്രൊഫ. സണ്ണി തോമസിനൊപ്പം



അഭിനവ് മുൻ കോച്ച് പ്രൊഫ. സണ്ണി തോമസിനും പിതാവിനുമൊപ്പം
പ്രൊഫ. സണ്ണി തോമസിനൊപ്പംപ്രൊഫ. സണ്ണി തോമസിനൊപ്പം

മകനോടും കോച്ചിനോടും പറഞ്ഞു. 2000 ത്തിലെ സിഡ്നി ഒളിംപിക്സിൽ പങ്കെടുക്കുമ്പോൾ അഭിനവിനു പ്രായം 17. സിഡ്നി ഒളിംപിക്സിലെ ഏറ്റവും പ്രായം കുറഞ്ഞ താരമെന്നതിന് അംഗീകാരമായി അഭിനവിന്റെ ചിത്രം പതിച്ച തപാൽ സ്റ്റാമ്പ് ഓസ്ട്രേലിയ പുറത്തിറക്കി.

പരിശീലനം തുടങ്ങുമ്പോൾ അഭിനവിനു വലിപ്പം കുറവായിരുന്നു. സാധാരണ റൈഫിൾ ചുമക്കാൻ കഴിയില്ലായിരുന്നു. 1997 ൽ അഭിനവിനായി ജർമനിയിൽ നിന്ന് ജൂനിയർ മോഡൽ റൈഫിൾ ഇറക്കുമതി ചെയ്തു. വില നാലുലക്ഷം രൂപ.

മെഴ്സിഡസ് ബെൻസിൽ ഡ്രൈവറും സഹായിയുമൊത്താണ് അഭിനവ് പരിശീലനത്തിന് എത്തിയിരുന്നത്.

പക്ഷേ, എന്നും അഞ്ചുമിനിറ്റെങ്കിലും നേരത്തെയെത്തും. മഴയും വെയിലും ഏൽക്കാതെ വളർന്ന കോടീശ്വരപുത്രനു പക്ഷേ, പരിശീലനവേളയിൽ എന്തും സഹിക്കാനുള്ള മനസ്സുണ്ടായിരുന്നു. ഇതിനിടെ അമേരിക്കയിലെ കൊളറാഡോ സ്പ്രിങ്സിൽനിന്നു ബി ബി എ യും പാസ്സായി. ലോകോത്തര നിലവാരമുള്ള പരിശീലനകേന്ദ്രം തൊട്ടടുത്ത് ഉണ്ടായിരുന്നതിനാലാണ് പഠനം ഇവിടെയാക്കിയത്.

കായികതാരങ്ങൾക്ക് ഇന്ത്യയിൽ ലഭിക്കുന്ന പരമോന്നത ബഹുമതിയായ രാജീവ്ഗാന്ധി ഖേൽ രത്ന നേടുമ്പോൾ അഭിനവിനു പ്രായം 18. അച്ഛന്റെ പണത്തിന്റെ സ്വാധീനമായിരുന്നു അവാർഡിനു പിന്നിലെന്നു പറഞ്ഞു വിമർശിച്ചവർക്കു ലോകവിജയങ്ങളിലൂടെ അഭിനവ് മറുപടി നൽകി. 

2006 ജൂലൈ 24 ന് സാഗ്രബിൽ ലോക ഷൂട്ടിങ് ചാമ്പ്യൻഷിപ്പിൽ സ്വർണം. 2008 ഓഗസ്റ്റ് 11 ന് ബെയ്ജിങ് ഒളിംപിക്സിൽ 10 മീറ്റർ എയർ റൈഫിളിൽ സ്വർണം. മകന്റെ മനസ്സ് ദൃഢപ്പെടുത്താൻ ഡോ. ബിന്ദ്ര അഭിനവിനെ ജർമനിയിൽ കമാൻഡോ ട്രെയിനിങ് കോഴ്സിന് അയച്ചു. പിന്നെ, ദക്ഷിണാഫ്രിക്കയിൽ മെന്റൽ ട്രെയിനിങ് റെജിമെന്റിൽ പരിശീലനം.

വിദേശ പരിശീലനങ്ങളും പണവും മറ്റു സൗകര്യങ്ങളുമായിരുന്നോ ഒളിംപിക് സ്വർണത്തിനു പിന്നിലെന്നു ചോദിച്ചവരോട് പിതാവ് പറഞ്ഞു: ''എല്ലാറ്റിലും ഉപരി ദൈവാനുഗ്രഹം.''

# മഹാഭാരതം

സുഗതകുമാരി

# ആചാര്യനും വീഴുന്നു

യുദ്ധം ഭയങ്കരമായി തുടർന്നു. ദേവേന്ദ്രൻ ദൈത്യരെയെന്നപോലെ, പാഞ്ചാലപ്പടയെ മുടിച്ചുകൊണ്ട് ദ്രോണർ പോരാടി. ദ്രോണരുടെ അസ്ത്രങ്ങൾ തുടരെത്തുടരെ മിന്നൽപോലെ എരിഞ്ഞെത്തി പാണ്ഡവസൈന്യത്തെ ദഹിപ്പിക്കുകയായി. പാണ്ഡവന്മാർ ആർത്തരായി. അർജുനൻ എന്തുചെയ്യേണ്ടൂ എന്നുഴറുന്നതുകണ്ട് പാർഥസാരഥി പറഞ്ഞു. 'ദ്രോണരെ യുദ്ധത്തിൽ വെല്ലാൻ ആർക്കും കഴിയുകയില്ല. ആ കൈയിൽ വില്ലുള്ളപ്പോൾ അദ്ദേഹം അവധ്യനാണ്. പാണ്ഡവരേ, ദ്രോണർ വില്ലുവെക്കാൻ കൗശലം പ്രയോഗിക്കുവിൻ, ധർമാധർമചിന്തകൾ ഇനി നിങ്ങളെ തടയരുത്. അഭിമന്യുവിനെ കൊന്നവിധം ഓർമിക്കുവിൻ. അശ്വഥാമാവ് മരിച്ചെന്നു കേട്ടാലേ ദ്രോണർ തളരുകയുള്ളൂ. പാണ്ഡവർ എന്തുചെയ്യേണ്ടൂ എന്നു വിഷണ്ണരായി തമ്മിൽനോക്കവേ ഭീമസേനൻ ഒരു കൊലയാനയെ അശ്വഥാമാവെന്നു പേരിട്ട് വധിച്ചു. എന്നിട്ട് ലജ്ജയോടെയെങ്കിലും വിളിച്ചുപറഞ്ഞു. 'അശ്വഥാമാവു കൊല്ലപ്പെട്ടു.'

ഭീമന്റെ വാക്കുകൾകേട്ടു ഞെട്ടിയെങ്കിലും ദ്രോണർ അവ വിശ്വസിച്ചില്ല. ബാണവർഷം തൂകിക്കൊണ്ടിരുന്ന ദ്രോണർക്കു നേരെ പാഞ്ചാലരാജാക്കന്മാർ ആർത്തടുത്തുവെങ്കിലും ബ്രഹ്മാസ്ത്രം പ്രയോഗിച്ച് അദ്ദേഹം അവരെ തകർത്തു. ആയിരക്കണക്കിനു യോദ്ധാക്കൾ വീണുമരിച്ചു. കൊടുങ്കാറ്റിൽ വൃക്ഷങ്ങൾ വീഴുംപോലെ ഒടിഞ്ഞു വീണുകിടക്കുന്നവരെക്കൊണ്ടു പോർക്കളം മൂടി. ആനതേരശ്വങ്ങളെയും ഇരുപതിനായിരം പാഞ്ചാലരെയും കൊന്ന് പുകയില്ലാത്ത അഗ്നിപോലെ ദ്രോണാചാര്യർ പോർക്കളത്തിൽ ജ്വലിച്ചു. അപ്പോൾ ദേവർഷികൾ അദ്ദേഹത്തിന്റെ മുന്നിൽ വിണ്ണിൽനിന്നു താണിറങ്ങിവന്ന് പറഞ്ഞു. 'മതി ദ്രോണരെ, ആയുധം വെക്കാൻ സമയമായി. അധർമത്തിനായി നീ



വര: ജയേന്ദ്രൻ



**കണ്ണടച്ച് ധ്യാനിച്ച് ഓംകാരമന്ത്രം ജപിച്ചു കൊണ്ടിരുന്ന ദ്രോണരുടെ മനസ്സ് സ്വയം വിണ്ണിലേക്കുയർന്നു. അപ്പോഴേക്ക് ധൃഷ്ട ദ്യുമ്നൻ തേരിൽ ചാടിക്കയറി ആചാര്യന്റെ തലമുടി ചുറ്റിപ്പിടിച്ച് വാൾകൊണ്ടുവെട്ടി ശിരസ്സറുത്തു.**

യുദ്ധം ചെയ്തു. ബ്രഹ്മാസ്ത്രംകൊണ്ട് നീ ദിവ്യാസ്ത്രജ്ഞരല്ലാത്ത ആയിരങ്ങളെ ചുട്ടു കൊന്നു. ഹേ ബ്രാഹ്മണ, നിന്റെ മൃത്യുവിനു കാലമായിരിക്കുന്നു.'

ദ്രോണാചാര്യർക്കു മനസ്സുമടുത്തു. ധൃഷ്ട ദ്യുമ്നൻ മുന്നിലെത്തിയതു കണ്ടും ഭീമൻ വിളിച്ചുപറഞ്ഞതോർത്തും അദ്ദേഹം യുധിഷ്ഠിര നോടു ചോദിച്ചു. 'യുധിഷ്ഠിരാ, എന്റെ പുത്രൻ എവിടെ? അവൻ മരിച്ചുവോ!'

ശങ്കിച്ചു നിൽക്കുന്ന യുധിഷ്ഠിരനോട് ശ്രീകൃ ഷ്ണൻ പറഞ്ഞു. 'ദ്രോണർ എല്ലാം മുടിക്കും. ജീവനുവേണ്ടി അസത്യം പറയുക അധർമമല്ല.'

ഭീമൻ പറഞ്ഞു. 'ജ്യേഷ്ഠാ അശ്വത്ഥാമാവെന്ന ആനയെ ഞാൻ കൊന്നു. അതു പറയുക.'

വിഷാദത്തോടെ ധർമപുത്രർ പറഞ്ഞു. 'അശ്വത്ഥാമാവ്' ശബ്ദം താഴ്ത്തി, 'ആന കൊല്ല പ്പെട്ടു.' യുധിഷ്ഠിരന്റെ മഹാരഥം അന്നോളം ഭൂമി തൊടാതെയാണു ചരിച്ചിരുന്നത്. ആ നിമിഷത്തിൽ തേര് നിലംതൊട്ടു! ദ്രോണർ വിവശനായി.

എങ്കിലും യുദ്ധം തുടരുവാൻ ശ്രമിച്ചു. ദിവ്യാ സ്ത്രങ്ങൾ മനസ്സിൽ തെളിയുന്നില്ല. ധൃഷ്ട ദ്യുമ്നൻ ശരവർഷം ചെയ്തടുക്കുകയാണ്.

ധൃഷ്ടദ്യുമ്നന്റെ അമ്പുകളേറ്റ് ദ്രോണരുടെ നീലക്കുതിരകൾ ഒന്നൊന്നായി വീണു. പകര മായി ദ്രോണർ പാഞ്ചാലകുമാരന്റെ ചുവന്ന കുതിരകളെ കൊന്നുവീഴ്ത്തി. തേരുകൾ നിശ്ചല മായപ്പോൾ വാളും പരിചയുമെടുത്തുകൊണ്ട് ഗരുഡനെപ്പോലെ ധൃഷ്ടദ്യുമ്നൻ പാഞ്ഞുകയറി. കൗരവരഥികൾ ചുറ്റിവന്ന് ബാണവർഷം ചെയ്തുവെങ്കിലും സാത്യകി മുതലായ മഹാവീര ന്മാരാൽ പിന്തുണയ്ക്കപ്പെട്ട ധൃഷ്ടദ്യുമ്നൻ മുന്നോട്ടണയുകയായി.

ആചാര്യന്റെ ഇടംകണ്ണും കൈയും വിറച്ചു, മനം മടുത്തു, 'കർണ, ദുര്യോധന, കൃപ, ഞാനിതാ ആയുധംവെക്കുന്നു. നിങ്ങൾ യുദ്ധം തുടരുവിൻ.' കണ്ണടച്ച് ധ്യാനിച്ച് ഓംകാരമന്ത്രം ജപിച്ചുകൊ ണ്ടിരുന്ന ദ്രോണരുടെ മനസ്സ് സ്വയം വിണ്ണിലേ ക്കുയർന്നു. അപ്പോഴേക്ക് ധൃഷ്ടദ്യുമ്നൻ തേരിൽ ചാടിക്കയറി ആചാര്യന്റെ തലമുടി ചുറ്റിപ്പിടിച്ച് വാൾകൊണ്ടുവെട്ടി ശിരസ്സറുത്തു. 'കൊല്ല രുതേ, ഗുരുവാണേ!!' എന്ന് അർജുനൻ തേരിൽ നിന്ന് ചാടി കൈയുയർത്തവേ, 'ഹാ ഹാ' എന്ന് മറ്റുള്ള രാജാക്കന്മാരും സൈനികരുമെല്ലാം ദു:ഖാരവം മുഴക്കവേ ചോരപുരണ്ട വാളുമായി ധൃഷ്ടദ്യുമ്നൻ തന്റെ ജന്മോദ്ദേശ്യം നിർവഹിച്ചു നിവർന്നുനിന്നു. വിജയിയായ അവനെ ഭീമൻ ഓടിച്ചെന്ന് ആശ്ലേഷിച്ചു.

കൗരവപ്പട പടനായകന്മാരുമൊത്ത് ഭയാർത്ത രായി പിൻതിരിഞ്ഞോടിപ്പോകുന്നതു കണ്ട് പടക്കളത്തിന്റെ മറ്റൊരു തലയ്ക്കൽനിന്ന് പാഞ്ഞെത്തിയ അശ്വത്ഥാമാവ് കാരണമാരാഞ്ഞു. കൃപാചാര്യനിൽ നിന്ന് തന്റെ പിതാവിന്റെ പതനം കേട്ട് കണ്ണീർ നിറഞ്ഞൊഴുകി നിശ്ചല നായി നിന്നുപോയി ദ്രൗണി. പിന്നീട് കാലനെ പ്പോലെ ക്രോധത്താൽ കത്തിജ്വലിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു. 'എന്റെ അച്ഛനെ, പരമാചാര്യനായ ദ്രോണരെന്ന മഹാരഥനെ, ഞാൻ ജീവിച്ചിരിക്കുമ്പോൾ ചതിച്ചുകൊന്ന ആ ധൃഷ്ടദ്യുമ്നന്റെ ചോര ഈ ഭൂമി കുടിക്കും. മുഴു വൻ പാഞ്ചാലരെയും ഞാൻ കൊന്നൊടുക്കും. യുധിഷ്ഠിരനെ ഞാൻ ചോരക്കളത്തിൽ വീഴ്ത്തും. പാണ്ഡവരെ സംഹരിക്കുവാൻ ഞാനിതാ ഇറ ങ്ങുന്നു. പിതൃഹിംസയ്ക്കു ഞാൻ പ്രതികാരം ചെയ്യട്ടെ!'

അശ്വത്ഥാമാവു തുടർന്നു. 'അർജുനനുപോലും അറിയാത്ത ഒരു മഹാസ്ത്രം എന്റെ ഗുരുവായ അച്ഛൻ എനിക്കു നൽകിയിട്ടുണ്ട്; ഈ അസ്ത്രം ശത്രുവിനെ സംഹരിക്കാതെ അടങ്ങാത്തതത്രേ. ശരണം പൂകുന്നവനെ മാത്രമേ ഇതു സംഹരിക്കാ തിരിക്കൂ. ഇതാ മഹാനാരായണാസ്ത്രവുമായി ഞാൻ ശത്രുനാശത്തിനിറങ്ങുന്നു!'

**കത്തിയെരിഞ്ഞും രശ്മികൾ ചിതറിയും വരുന്ന മഹാസ്ത്രത്തിന്റെ വരവു കണ്ട് എല്ലാവരും ആയുധം വച്ചു വന്ദിച്ചുനിന്നപ്പോൾ ചെറുത്തുനിൽക്കുന്ന ഭീമന്റെ നേർക്ക് ആ ദിവ്യാസ്ത്രം എരിഞ്ഞടുത്ത് ഉഗ്രതേജസ്സാൽ ഭീമശരീരം മൂടി.**

ഉഗ്രശംഖം മുഴക്കി പെരുമ്പറകൾ ഘോഷിച്ച് അശ്വത്ഥാമാവ് പോർക്കളത്തിലെത്തി സംഹാര ശക്തിയായ മഹാനാരായണാസ്ത്രം ജപിച്ചയച്ചു. ഇടിമുഴങ്ങി, കൊടുങ്കാറ്റടിച്ചു. ഭൂമി കുലുങ്ങി, കടൽ കലങ്ങി, പുഴകൾ മേൽപ്പോട്ടൊഴുകി. മലകൾ ഇടിഞ്ഞുവീണു. ഇരുട്ടു പരന്നു, സൂര്യൻ കലങ്ങിയപോലെ കാണപ്പെട്ടു. ഭയങ്കരമായ നാരായണാസ്ത്രത്തിന്റെ വരവു കണ്ട് ദേവന്മാർ ഭയന്നു- ഗുരുവധത്തിൽ ദു:ഖിതനും പശ്ചാത്താപവിവശനുമായി 'അയ്യോ കഷ്ടം, മകനെപ്പോലെ എന്നെ സ്നേഹിച്ച വന്ദ്യഗുരുവിനെ ഞാൻ കൊല്ലിച്ചല്ലോ. ഹാ, നരകമാണെനിക്കു വിധിച്ചത്!' എന്നു വിലപിക്കുന്ന അർജുനൻ ധൃഷ്ടദ്യുമ്നന്റെ സാന്ത്വനങ്ങൾ കേട്ട് ആശ്വാസമിയലാതെ ഉഴലവേ, പെട്ടെന്നതാ ഭയാനക നാദങ്ങൾ കേൾക്കായി, വാനമിരുണ്ടതും ഭൂമി കുലുങ്ങിയതും കണ്ട് എന്തിതെന്നു നോക്കുമ്പോൾ യുദ്ധം ചെയ്തു നിൽക്കുന്ന സൈനികർ വിറകൊള്ളുമ്പോൾ ശ്രീവാസുദേവൻ കൈകളുയർത്തി വിളിച്ചുപറഞ്ഞു. 'വേഗം ആയുധം വയ്ക്കുവിൻ, തേരിൽ നിന്നിറങ്ങുവിൻ, ആനപ്പുറത്തും കുതിരപ്പുറത്തും നിന്നിറങ്ങുവിൻ. ആയുധം താഴെ വയ്ക്കുവിൻ! മഹാദിവ്യാസ്ത്രമാണു വരുന്നത്. മനസ്സുകൊണ്ടുപോലും അതിനെ എതിർത്തുകൂടാ.' എല്ലാവരും അതുചെയ്യവേ ഭീമസേനൻ ഗർജിച്ചു. 'ആരും ആയുധം വയ്ക്കരുത്! തുമ്പികൈപോലുള്ള എന്റെ തടിച്ച കൈകൾകൊണ്ട് ഞാൻ തടയും ഏത് അസ്ത്രത്തെയും. അർജുന, അരുത്. ഗാണ്ഡീവം വയ്ക്കരുത്.'

'ജ്യേഷ്ഠാ, നാരായണാസ്ത്രത്തിനുമുന്നിലും ഗോക്കളുടെയും ബ്രാഹ്മണരുടെയും മുന്നിലും എതിർത്തുനിൽക്കാതെ ഞാൻ ഗാണ്ഡീവം വയ്ക്കും.' എന്ന് അർജുനന്റെ മറുപടി കേട്ടിട്ടും വകവെക്കാതെ ഭീമൻ തേരേറി അശ്വത്ഥാമാവിന്റെ നേർക്ക് പാഞ്ഞടുത്തു. കത്തിയെരിഞ്ഞും രശ്മികൾ ചിതറിയും വരുന്ന മഹാസ്ത്രത്തിന്റെ വരവു കണ്ട് എല്ലാവരും ആയുധം വച്ചു വന്ദിച്ചുനിന്നപ്പോൾ ചെറുത്തുനിൽക്കുന്ന ഭീമന്റെ നേർക്ക് ആ ദിവ്യാസ്ത്രം എരിഞ്ഞടുത്ത് ഉഗ്രതേജസ്സാൽ ഭീമശരീരം മൂടി. ആ കൊടുംതീ കണ്ട് പാർത്ഥൻ വരുണാസ്ത്രം പ്രയോഗിച്ചുവെങ്കിലും ഫലിച്ചില്ല. അഗ്നി വർഷിച്ചുകൊണ്ട് അസ്ത്രം ഭീമന്റെ തേരിനെ മൂടുന്നതുകണ്ട് കൃഷ്ണാർജുനന്മാർ അവിടേക്കു പാഞ്ഞെത്തി. ആയുധംവെച്ച അവരെ അഗ്നി പൊള്ളിച്ചില്ല.

കൃഷ്ണാർജുനന്മാർ ഭീമനെ തേരിൽനിന്നു ബലേന വലിച്ചുപുറത്തേക്കിട്ടു. ആയുധങ്ങളും താഴെയിടുവിച്ചു. ക്രോധരക്താക്ഷനായി ചീറ്റി നിൽക്കുന്ന ഭീമനെ പിടിച്ചുവലിച്ചിറക്കി ആയുധം വയ്പ്പിച്ചപ്പോൾ, എല്ലാവരും ആയുധംവച്ചു വന്ദിച്ചു നിൽക്കയാൽ മഹാനാരായണാസ്ത്രം ശാന്തമായി മടങ്ങി. സൂര്യൻ വീണ്ടും പ്രകാശിച്ചു. ദിക്കുകൾ തെളിഞ്ഞു. കാറ്റും കോളും ഭൂമികുലുക്കവും നിലച്ചു. നിലത്തിറങ്ങി നിൽക്കുന്ന ഭീമനെയും കൃഷ്ണാർജുനന്മാരെയും യുധിഷ്ഠിരാദികളെയും കണ്ട് നിരാശനായി ദുര്യോധനൻ, ഗുരുപുത്രനോടപേക്ഷിച്ചു. 'അശ്വത്ഥാമാവേ, വീണ്ടും അയയ്ക്കൂ മഹാനാരായണാസ്ത്രം അവരുടെ നേർക്ക്!' അശ്വത്ഥാമാവ് നെടുവീർപ്പിട്ടു. 'സുയോധന, നാരായണാസ്ത്രം രണ്ടാമതു പ്രയോഗിച്ചാൽ, പ്രയോഗിക്കുന്നവൻ കത്തിപ്പോകും. വാസുദേവൻ അസ്ത്രത്തെ തണുപ്പിച്ചുകളഞ്ഞു! പാണ്ഡവർ ഒരുവട്ടമെങ്കിലും തോറ്റ് ആയുധംവെച്ചു എന്നാശ്വസിക്കുക.'

യുദ്ധം വീണ്ടും ആരംഭിച്ചു. കർണനും അശ്വത്ഥാമാവും ദുര്യോധനനും അത്യമർഷത്തോടെ പാണ്ഡവരോടേറ്റു. ഭയങ്കരമായ പോരിൽ അശ്വത്ഥാമാവിന്റെ കൂരമ്പുകളേറ്റ് പാണ്ഡവപക്ഷത്തെ മഹാരഥരായ രാജാക്കന്മാർ സുദർശനനും പൗരവനും ചേദിയിലെ യുവരാജാവും നെഞ്ചുപിളർന്നു വീണു. ഭീമനും ഗുരുപുത്രനും തമ്മിലേറ്റു ഘോരമായി പൊരുതി. അശ്വത്ഥാമാവ് തുടരെ വർഷിച്ച അതിശക്തമായ ദിവ്യാസ്ത്രങ്ങൾ അർജുനൻ ബ്രഹ്മാസ്ത്രത്താൽ അടക്കി. ആയിരമായിരം സേനാനികളെയും നായകന്മാരെയും കൊന്നൊടുക്കിക്കൊണ്ട് മഹാവീരന്മാർ തൊടുക്കുന്ന തീക്ഷ്ണബാണങ്ങൾ പാഞ്ഞുകൊണ്ടേയിരുന്നു. ധൃഷ്ടദ്യുമ്നനെ കണ്ട ഗുരുപുത്രൻ നെടുവീർപ്പിട്ടുകൊണ്ട് ക്രോധാന്ധനായി അവനോടടുത്തു. 'ദുഷ്ടാ, പാഞ്ചാല, നിന്നെ ഞാൻ കാലാലയത്തിലേക്കയയ്ക്കും. ആചാര്യനെ കൊന്ന നിന്നെ ഞാൻ വധിക്കുമെന്നു നിശ്ചയം.'

അവർ തമ്മിൽ ഭയങ്കരമായ യുദ്ധം നടന്നു. ഇരുവരുടെയും സൂതന്മാർ കൊല്ലപ്പെട്ടു. അശ്വങ്ങൾ കൊല്ലപ്പെട്ടു. വില്ലുകൾ മുറിക്കപ്പെട്ടു. തേരുടഞ്ഞു, കൊടിയറ്റു. വാളും പരിചയുമായി അവർ കിണഞ്ഞേറ്റു. ധൃഷ്ടദ്യുമ്നൻ തളർന്നു. പാർത്ഥസാരഥി അതു ചൂണ്ടിക്കാട്ടി. 'അർജുന, അശ്വത്ഥാമാവ് ധൃഷ്ടദ്യുമ്നനെ കൊല്ലും. രക്ഷിക്കുക' എന്നുപറഞ്ഞ് തിങ്കൾനിറമായ തന്റെ അശ്വങ്ങളെ അങ്ങോട്ടേക്കു പായിച്ചു. അർജുനബാണങ്ങളേറ്റ് അശ്വത്ഥാമാവ് ധൃഷ്ടദ്യുമ്നനെ വിട്ട് പാർത്ഥന്റെ നേർക്കു തിരിഞ്ഞു. സഹദേവൻ പാഞ്ഞെത്തി ധൃഷ്ടദ്യുമ്നനെ തന്റെ തേരിലേറ്റിക്കൊണ്ടുപോയി. പാഞ്ചാലർ ആർത്തുവിളിച്ചു- വാദ്യഘോഷങ്ങൾ മുഴക്കി. (തുടരും)

കുട്ടിക്കവിത

# അന്തി

ഹിത



വര: സചീന്ദ്രൻ കാറഡുക്ക

കുന്നിനുമീതെയുമാകാശത്തിലു
മന്തിച്ചോപ്പു പരക്കുന്നു
ചേക്കേറാൻ ചെറുചില്ലകൾ തേടി
പക്ഷികൾ പാറിപ്പോകുന്നു
വെട്ടത്തിൻ തിരികുത്തിയൊടുക്കി
കതിരവനകലെ മറയുന്നു
പൊന്നിൻനാളമുതിർക്കും സന്ധ്യാ
ദീപം നൽപ്രഭ വിതറുന്നു.





## ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...

# കൊറോണക്കാലത്തെ അടച്ചുപൂട്ടലിൽ എനിക്കുണ്ടായ ഒരനുഭവം

**അഭിരാമി കുറുപ്പ് ഡി ബി, ക്ലാസ് 2 ബി, ദീപാലയം, മണലുവട്ടം, തുടയന്നൂർ പി.ഒ., കടയ്ക്കൽ - 691 536.**



എനിക്ക് പക്ഷികളെയും ജീവികളെയും ഒരുപാട് ഇഷ്ടമാണ്. എനിക്ക് കിളികളെ കൂട്ടിലിട്ട് തീറ്റകൊടുത്തു വളർത്താൻ വലിയ ആഗ്രഹമുണ്ടായിരുന്നു. പക്ഷേ അമ്മ അതിന് അനുവദിച്ചിരുന്നില്ല. ഒരുദിവസം എന്റെ വീട്ടിൽ ഒരു സംഭവം നടന്നു. എന്റെ അമ്മൂമ്മ ടെറസ്സിന്റെ മുകളിൽ തേങ്ങ ഉണക്കാനിട്ടിരുന്നു. അതിൽ വലയിട്ട് മൂടിയിരുന്നു. അമ്മൂമ്മ വൈകുന്നേരം തേങ്ങ വാരാൻ ടെറസ്സിൽ കയറിയപ്പോൾ കണ്ടത് ആ വലയിൽ ഒരു പ്രാവ് കുരുങ്ങിക്കിടക്കുന്നു. അമ്മൂമ്മ അതിന്റെ കാലിൽ നിന്ന് വലയിളക്കാൻ നോക്കിയിട്ട് പറ്റുന്നില്ല. അങ്ങനെ ഞങ്ങളും ഓടിച്ചെന്നു. വളരെ കഷ്ടപ്പെട്ട് വലയിൽ നിന്ന് ആ പാവം പ്രാവിനെ രക്ഷപ്പെടുത്തി. അപ്പോൾ അത് ആകെ ക്ഷീണിതയായിരുന്നു. അമ്മ അതിന് വെള്ളം കൊടുത്തു. അത് വെള്ളം കുടിച്ചു. ഞാൻ അരിയും ഇട്ടുകൊടുത്തു. എനിക്ക് അതിനെ വിടാൻ ഒട്ടും ഇഷ്ടമില്ലായിരുന്നു. അമ്മ അതിനെ എന്റെ കൈയിൽ തന്നു. എന്ത് മൃദുലമായിരുന്നു. അപ്പോൾ എന്നോട് അമ്മൂമ്മ പറഞ്ഞു. കിളികളെ കൂട്ടിലിട്ട് വളർത്തുന്നത് പാപമാണ്. അത് സ്വാതന്ത്ര്യത്തോടെ പാറി നടക്കട്ടെ. ഞാൻ അത് അതനുസരിച്ചു. അത് നടന്നുപോകുന്നതു നോക്കി ഞാൻ നിന്നു.



വര: ഗോപു പട്ടിത്തറ



# എന്റെ തുമ്പി


അഭിരാം കുറുപ്പ് ഡി ബി, ക്ലാസ് 2 ബി,
ദീപാലയം, മണലുവട്ടം, തുടയന്നൂർ പി.ഒ.,
കടയ്ക്കൽ - 691 536.

തുമ്പീ തുമ്പീ വന്നാട്ടെ
പാറി പറന്ന് വന്നാട്ടെ
എന്നോടൊത്തു കളിക്കാൻ വാ
നിന്നെക്കൂടെ കൂട്ടാം ഞാൻ
തേൻ നുകരാൻ പൂവ് തരാം
പൂവിലിരിക്കാൻ കൂട്ട് വരാം
എന്നോടൊത്തു കളിക്കാൻ വാ
നിന്നെ കൂടെ കൂട്ടാം ഞാൻ.



# വര

അക്ഷര വിനു,
ക്ലാസ്: 4,
രാജഗിരി സീഷോർ സി എം ഐ
സ്കൂൾ, മലപ്പുറം.



# ഞങ്ങൾ പകർത്തിയത്



ഫോട്ടോ : പ്രഫുൽ ദാസ്. വി
ശിവശൈലം (ഹൗസ്), കോട്ടോപ്പാടം (പി.ഒ)
മണ്ണാർക്കാട് കോളേജ് (വഴി)
പാലക്കാട്. പിൻ - 678583







Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

തളിര്

## സ്കോളർഷിപ്പ് പരീക്ഷ

- തളിര് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഓൺലൈൻ വഴിയും അല്ലാതെയും രജിസ്റ്റർ ചെയ്യാവുന്നതാണ്.
- രജിസ്ട്രേഷൻ ഫീസ് 200/- രൂപ.
- ജൂനിയർ (V, VI, VII) സീനിയർ (VIII, IX, X) വിഭാഗങ്ങളിൽ പ്രത്യേകമായാണ് രജിസ്ട്രേഷനും മത്സരങ്ങളും നടത്തുന്നത്.
- തളിര് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് ഒരു വർഷത്തേക്ക് തളിര് മാസിക സൗജന്യമായി നൽകുന്നതാണ്.
- 100 കുട്ടികൾ മുതൽ 199 കുട്ടികൾ വരെ രജിസ്റ്റർ ചെയ്യുന്ന സ്കൂളുകളുടെ ലൈബ്രറിയിലേക്ക് 1000/- രൂപയുടെ മുഖവിലയുള്ള പുസ്തകങ്ങളും 200 മുതൽ 299 വരെ കുട്ടികൾ രജിസ്റ്റർ ചെയ്യുന്ന സ്കൂളുകളുടെ ലൈബ്രറിയിലേക്ക് 2,000/- രൂപ മുഖവിലയുള്ള പുസ്തകങ്ങളും 300 മുതൽ 399 വരെ 3,000/- രൂപയുടെയും 400 മുതൽ 499 വരെ 4,000/- രൂപയുടെയും 500 മുതൽ 599 വരെ 5,000/- രൂപയുടെയും അങ്ങനെ 1000 മുതൽ കുട്ടികളെ രജിസ്റ്റർ ചെയ്യുന്ന സ്കൂളുകളിൽ 10000/- രൂപയുടെയും മുഖവിലയുള്ള പുസ്തകങ്ങളും സ്കൂൾ ലൈബ്രറികൾക്ക് സൗജന്യമായി നൽകുന്നതാണ്.
- ഓരോ സ്കൂളുകളിലും പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന കുട്ടികളെ പങ്കെടുപ്പിച്ച് പ്രാഥമിക പരീക്ഷ നടത്തേണ്ടതും വിജയികളെ നിശ്ചയിക്കേണ്ടതും അതാത് സ്കൂളുകൾ തന്നെയാണ്. 10 കുട്ടികളെ വരെ രജിസ്റ്റർ ചെയ്യുന്ന സ്കൂളുകളിൽ നിന്നും ഒരു കുട്ടിയേയും 20 കുട്ടികളെ രജിസ്റ്റർ ചെയ്യുന്ന സ്കൂളുകളിൽ 2 കുട്ടികളേയും 100 കുട്ടികളെ രജിസ്റ്റർ ചെയ്യുന്ന സ്കൂളുകളിൽ നിന്നും 10 കുട്ടികളെയും (അതായത് 10 കുട്ടികളിൽ ഒരാൾക്ക്) ജില്ലയിൽ നടക്കുന്ന മത്സരപരീക്ഷക്ക് പങ്കെടുപ്പിക്കാവുന്നതാണ്. ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിയെ പങ്കെടുപ്പിച്ച് ജൂനിയർ വിഭാഗത്തിലും സീനിയർ വിഭാഗത്തിലും സംസ്ഥാന തലത്തിൽ പരീക്ഷ നടത്തുന്നതുമാണ്.
- ജില്ലാതല പരീക്ഷയിൽ ജൂനിയർ വിഭാഗത്തിലും, സീനിയർ വിഭാഗത്തിലും 30 വീതം കുട്ടികൾക്ക് (ആകെ 60 കുട്ടികൾ) ഒന്നാം സ്ഥാനവും (ഓരോ കുട്ടിക്കും 1000/- രൂപയുടെ സ്കോളർഷിപ്പ്) 50 കുട്ടികൾക്ക് വീതം (ആകെ 100 കുട്ടികൾ) രണ്ടാം സ്ഥാനവും (ഓരോ കുട്ടിക്കും 500/- രൂപയുടെ സ്കോളർഷിപ്പ്) നൽകുന്നതാണ്. ജില്ലാതല പരീക്ഷയിൽ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങുന്ന 10 സ്ഥാനങ്ങൾ വരെയുള്ളവർക്ക് മെരിറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. സംസ്ഥാനതല പരീക്ഷയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ജൂനിയർ വിഭാഗത്തിലെയും സീനിയർ വിഭാഗത്തിലെയും കുട്ടികൾക്ക് യഥാക്രമം 10,000/-, 5,000/-, 3,000/- എന്നിങ്ങനെ ആയിരിക്കും സ്കോളർഷിപ്പ് തുക.
- പൊതുവിജ്ഞാനം, ആനുകാലികം, സാഹിത്യം, ചരിത്രം, ബാലസാഹിത്യം, തളിര് മാസിക എന്നിവയെ ആസ്പദമാക്കിയാണ് ഈ വർഷത്തെ പരീക്ഷകൾ സംഘടിപ്പിക്കുന്നത്.

**പരീക്ഷാതീയതി പിന്നീട് അറിയിക്കുന്നതാണ്.**

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020

RNI No. 20076/70 December 2020
Regd KL/TV (N)/399/2018-2020 Published on 04-12-2020 Vol:26, Issue:12, ₹20

## കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.




**തളിര്**

**കുട്ടികളുടെ മാസിക**
**വില 20രൂപ**
**വാർഷികവരിസംഖ്യ 200രൂപ**

വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക. അല്ലെങ്കിൽ താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക. MOB: **8547971483.**

ACCOUNT NUMBER : **30583524448**. IFSC : **SBIN0004360**